# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജനുവരി 2017 വാല്യം 43 ലക്കം 9 | ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് | പേജ് 16 വില 5.00 രൂപ

# റേഷൻ പുനഃസ്ഥാപിക്കുക

## വിവേചനമില്ലാതെ എല്ലാവർക്കും റേഷൻ ലഭ്യമാക്കുക

**കേരളത്തിലെ റേഷൻ സമ്പ്രദായം വൻതകർച്ചയുടെ വക്കത്തെത്തിയിരിക്കുകയാണ്. റേഷൻ കടകളിൽ അരിയില്ല. ഒരു രൂപയ്ക്ക് ലഭിച്ചുവന്നിരുന്ന അരി അളവുകുറഞ്ഞ് കുറഞ്ഞ് ഇല്ലാതെയായിരിക്കുന്നു. പഞ്ചസാര, മണ്ണെണ്ണ, ഗോതമ്പ് ഇവയുടെയൊക്കെയും സ്ഥിതി ഇതുതന്നെ. റേഷൻ കടകൾ അടച്ചുപൂട്ടാൻ പോകുന്നു. ഫലത്തിൽ കേരളത്തിലെ രണ്ടുകോടിയോളം ജനങ്ങൾ റേഷൻ സംവിധാനത്തിൽനിന്നും പുറത്താക്കപ്പെടുന്നു. ഇതിനകം പൊതുവിപണിയിൽ അരിയുടെ വില നാൽപ്പതുരൂപ കടന്നു. വില കുത്തനെ ഉയരും എന്നതിന്റെ സൂചനകളാണ് പൊതുവിപണി ഇപ്പോൾ നൽകുന്നത്.**

റേഷൻ നിഷേധിക്കപ്പെടുന്നു എന്നതിനോടൊപ്പംതന്നെ, മുൻഗണനാലിസ്റ്റിൽനിന്ന് പുറത്താക്കപ്പെടുന്നതോടെ സകലവിധ ആനുകൂല്യങ്ങൾക്കുമുള്ള അവകാശങ്ങളും സാധാരണക്കാർക്ക് നഷ്ടമാകും. സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സ, പെൻഷൻ ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ, വിദ്യാർത്ഥികളുടെ പഠനാനുകൂല്യങ്ങൾ തുടങ്ങി എല്ലാവിധ സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കുമുള്ള അടിസ്ഥാന മാനദണ്ഡം ബിപിഎല്ലിലോ മുൻഗണനാലിസ്റ്റിലോ ഉൾപ്പെട്ടിരിക്കണം എന്നുള്ളതാണ്.

റേഷൻ രംഗത്ത് ഇന്ന് കാണുന്ന രൂക്ഷമായ പ്രതിസന്ധി ഭക്ഷ്യ സുരക്ഷ നിയമം കേരളത്തിൽ നടപ്പാക്കിയതിലെ അപാകതകൾ കൊണ്ടാണെന്നും കയറ്റിറക്കു തൊഴിലാളികൾ അട്ടിമറിക്കൂലി ആവശ്യപ്പെടുന്നതുകൊണ്ടാണെന്നും ഈ പ്രതിസന്ധികളെ മറികടക്കാൻ സംസ്ഥാന സർക്കാർ തനതു പരിപാടികളെക്കുറിച്ച് ആലോചിക്കുന്നുവെന്നുമൊക്കെ വാർത്തകളും ഇതിനെച്ചൊല്ലിയുള്ള ഭരണ-പ്രതിപക്ഷ ആരോപണ-പ്രത്യാരോപണങ്ങളും സജീവമാണ്. എന്നാൽ ഇതൊക്കെ യാഥാർത്ഥ കാരണം മൂടിവയ്ക്കാനുള്ള ശ്രമമല്ലാതെ മറ്റൊന്നുമല്ല. റേഷൻ രംഗത്തെ പ്രതിസന്ധി കേവലം ഇക്കാരണങ്ങളാൽ മാത്രം ഉണ്ടായതോ, മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ പുനഃസ്ഥാപിക്കപ്പെടുന്നതോ അല്ല. പ്രശ്നത്തിന്റെ ആഴവും രൂക്ഷതയും അതിനുംമേലെയാണ്.

### പ്രതിസന്ധി എന്തുകൊണ്ട്?

അവശ്യനിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം കുത്തനെ കുതിക്കുകയാണ്. നോട്ട് പിൻവലിക്കൽ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി വിലക്കയറ്റം വീണ്ടും രൂക്ഷമാക്കും. കാർഷിക രംഗത്തിന്റെയും ചെറുകിട വ്യാപാരമേഖലയുടെയും നിർമ്മാണ മേഖലയുടെയും തകർച്ചയും തത്ഫലമായി വിലക്കയറ്റവും അനിവാര്യഫലമായിരിക്കും എന്ന് സാമ്പത്തിക വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. തൊഴിലില്ലായ്മയും വിലക്കയറ്റവും സാധാരണക്കാരുടെയും കർഷക-കർഷകത്തൊഴിലാളികളുടെയും ദൈനംദിന ജീവതം നരകതുല്യമാക്കിയിരിക്കുമ്പോഴാണ് റേഷൻ രംഗത്തെ പ്രതിസന്ധി ഇടിത്തീയായി ജനങ്ങൾക്കുമേൽ വീണിരിക്കുന്നത്.

റേഷൻ ഉൾപ്പെടെ ജനങ്ങൾക്ക് നൽകുന്ന സകല ആനുകൂല്യങ്ങളും നിർത്തൽ ചെയ്യാനും ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിന്റെയും വിതരണത്തിന്റെയും ഭാഗത്തുനിന്നുമുള്ള സർക്കാരിന്റെ സമ്പൂർണ്ണ പിന്മാറ്റം ലക്ഷ്യം വച്ചുകൊണ്ടും കഴിഞ്ഞ കാൽനൂറ്റാണ്ടായി നടപ്പിലാക്കിവരുന്ന നയങ്ങളാണ് റേഷൻ രംഗത്തെ

(ശേഷം 4-ാം പേജിൽ)

## ജനങ്ങളുടെ പൊതുസ്വത്തായ കെഎസ്ആർടിസിയെ സംരക്ഷിക്കുക

കേരളത്തിൽ ഭയാനകമായതോതിൽ വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പം, ഗതാഗതക്കുരുക്ക്, അന്തരീക്ഷമലിനീകരണം, വാഹനാപകടങ്ങൾ, ഇന്ധന ദുർവ്യയം എന്നിവയ്ക്കൊക്കെ ഒരു പരിധിവരെ പരിഹാരമായിട്ടുള്ളത് പൊതുഗതാഗത സംവിധാനങ്ങളെ വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയുമെന്നതാണ്. എന്നാൽ മാറിമാറി വരുന്ന സർക്കാരുകൾ ഒന്നും തന്നെ അതിനുവേണ്ടി യാതൊന്നും ചെയ്യുന്നില്ല എന്നു മാത്രമല്ല പൊതുഗതാഗത രംഗത്ത് നിർണ്ണായക പങ്കുവഹിച്ചുകൊണ്ടിരിക്കുന്ന കെഎസ്ആർടിസിയെ തകർക്കുന്ന നയ-നടപടികളാണ് കൈക്കൊണ്ടുവരുന്നത്. അടിക്കടി പുറത്തുവന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ പ്രകാരം ഏതുനിമിഷവും പൂട്ടപ്പെടാവുന്ന സ്ഥിതിയിലാണ് കെഎസ്ആർടിസി. കേരളത്തിൽ ഏറ്റവും കൂടുതൽ നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനം കെഎസ്ആർടിസിയാണ്. പെൻഷൻ മാത്രമല്ല ജീവനക്കാരുടെ ശമ്പളവും മുടങ്ങുന്ന അനിശ്ചിതാവസ്ഥ സംജാതമായിരിക്കുന്നു. കുടിശ്ശിക അടയ്ക്കാത്തതുമൂലം ഡീസൽ വിതരണം നിർത്തുമെന്ന് എണ്ണക്കമ്പനികൾ അറിയിച്ചുകഴിഞ്ഞു. ഇവ്വിധമൊരു പ്രതിസന്ധിക്കാരാണുത്തരവാദികൾ എന്നും എന്താണു പോംവഴി എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന സർക്കാരുകളുടെ നയവൈകല്യങ്ങളാണ് പ്രധാനമായും കെഎസ്ആർടിസിയെ ഇന്നത്തെ പതനത്തിലെത്തിച്ചതെന്ന കാര്യത്തിൽ സംശയമില്ല. ആഗോളീകരണ നയങ്ങളുടെ ഭാഗമായി ഗതാഗത രംഗത്തും സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. നിർദ്ദിഷ്ട കേന്ദ്രറോഡ് സേഫ്റ്റി ബിൽ നിയമമായാൽ സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപറേഷനുകളുടെയെല്ലാം മരണമണി മുഴങ്ങും.

വൻകിട ഉപഭോക്താവ് (ബൾക്ക് പർച്ചേസർ) എന്ന നിലയിൽ ഡീസൽ വിലയിൽ നൽകിയിരുന്ന ഇളവ് കേന്ദ്ര സർക്കാർ എടുത്തുകളഞ്ഞതുവഴി സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപറേഷനുകളെല്ലാം പൊതുകമ്പോളത്തിലെ വിലതന്നെ നൽകേണ്ടി വന്നിരിക്കുന്നു. മാത്രവുമല്ല അടിക്കടിയുണ്ടാകുന്ന ഇന്ധനവില വർദ്ധനവ് കോർപറേഷനുകളെ പ്രതിസന്ധിയിലാക്കിക്കൊണ്ടിരിക്കുന്നു. സംസ്ഥാന സർക്കാരാകട്ടെ പോലീസ് അടക്കമുള്ള ഡിപ്പാർട്ടുമെന്റുകൾ ഉപയോഗിക്കുന്ന ഇന്ധനത്തിന് 4% മാത്രം വിൽപന നികുതി ഈടാക്കുമ്പോൾ കെഎസ്ആർടിസിയിൽ നിന്നും 24% ഈടാക്കുന്നു. ഇപ്പോഴത്തെ നോട്ട് അസാധുവാക്കൽ നടപടിയെത്തുടർന്ന് കെഎസ്ആർടിസിയുടെ വരുമാനത്തിൽ 20% മുതൽ 40% വരെ കുറവു വന്നതായാണ് മാനേജ്മെന്റിന്റെ കണക്കുകൾ പറയുന്നത്.

ദേശസാൽകൃത റൂട്ടുകളാണ് കെഎസ്ആർടിസിയെ നിലനിർത്തിയിരുന്നതെങ്കിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ദേശസാൽകൃതറൂട്ടുകളിലെല്ലാം തന്നെ പ്രൈവറ്റ് ബസുകൾക്ക് അനിയന്ത്രിതമായി പെർമിറ്റ് നൽകിക്കൊണ്ടിരിക്കുന്നു. അധികാരികളുടെ ഒത്താശയോടെ കോൺട്രാക്ട് കാര്യർ പെർമിറ്റുള്ള വാഹനങ്ങൾ സ്റ്റേജ് കാര്യർ വാഹനങ്ങളായി സർവ്വീസ് നടത്തുന്നു. അന്തർസംസ്ഥാന റൂട്ടുകളിലെല്ലാം അമിതമായ ചാർജ്ജ് ഈടാക്കിക്കൊണ്ട് മൾട്ടി ആക്സിൽ എ.സി. ബസ്സുകൾ നിയമവിരുദ്ധമായി സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നു. തിരുവനന്തപുരം

(ശേഷം 8-ാം പേജിൽ)



**എഐയുടിയുസിയിൽ അഫിലിയേറ്റ് ചെയ്ത കർണ്ണാടക സ്റ്റേറ്റ് ആശാ വർക്കേഴ്സ് യൂണിയൻ (KSAWU) ഡിസംബർ 16 ന് ബാംഗ്ലൂരിൽ സംഘടിപ്പിച്ച പടുകൂറ്റൻ റാലി. മാസംതോറുമുള്ള ഓണറേറിയം മുടങ്ങാതെ നൽകുക, സാമൂഹ്യസുരക്ഷാ പദ്ധതികൾ ആരംഭിക്കുക, കഴിഞ്ഞവർഷത്തെ കുടിശിഖ ഉടൻ വിതരണം ചെയ്യുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ടായിരുന്നു റാലി. മുൻ അഡ്വക്കേറ്റ് ജനറൽ പ്രൊഫ.രവിവർമ്മ കുമാർ, എഐയുടിയുസി അഖിലേന്ത്യാ വൈസ്പ്രസിഡന്റ് സഖാവ് കെ.രാധാകൃഷ്ണ, എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ രൂപ ഹസ്സൻ, ആശാവർക്കേഴ്സ് യൂണിയൻ സംസ്ഥാന പ്രസിഡന്റ് സഖാവ് കെ. സോമശേഖർ തുടങ്ങിയവർ പ്രസംഗിച്ചു.**

**പേജ് ഉള്ളടക്കം**


| പേജ് | ഉള്ളടക്കം |
|---|---|
| 2 | സിപിഐ(എം)ന്റെ സംഘപരിവാർ ശൈലി |
| 2 | ഈശ്വരചന്ദ്രവിദ്യാസാഗർ കേന്ദ്രം |
| 3 | നോട്ട് നിരോധനം–കരിദിനം |
| 5 | സൈദ്ധാന്തിക പാഠങ്ങൾ |
| 6 | അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് |
| 9 | സംസ്ഥാനതല പഠനക്യാമ്പ് |
| 10 | പശ്ചിമേഷ്യൻ പ്രതിസന്ധി |
| 11 | ഡോ.രാജൻഗുരുക്കൾ കമ്മീഷന് മുൻപിൽ എഐഡിഎസ്ഒ |
| 15 | നിർഭയ ദിനാചരണപരിപാടികൾ |
| 16 | ഐഎൻപിഎ ദിദ്വിന സെക്രട്ടേറിയറ്റ് ധർണ്ണ |

# സിപിഐ(എം) സർക്കാരിന്റെ സംഘപരിവാർ ശൈലി

**ഫി**ലിംഫെസ്റ്റിവലിൽ ദേശീയഗാനം ആലപിച്ചതുമായി ബന്ധപ്പെട്ട ഒരു വിഷയം മുൻനിർത്തി ഫിലിം അക്കാദമി ചെയർമാൻ കമലിന്റെ വീട്ടിലേയ്ക്ക് സംഘപരിവാർ ശക്തികൾ മാർച്ച് നടത്തുകയും തികച്ചും അനുചിതമായി ദേശീയഗാനം ആലപിക്കുകയും ചെയ്തു. സംഘപരിവാറിന്റെ മുൻഗാമികൾക്ക് ദേശീയ സ്വാതന്ത്ര്യസമരത്തോട് വിയോജിപ്പുണ്ടായിരുന്നു. ബ്രിട്ടീഷുകാർക്ക് മാപ്പെഴുതിക്കൊടുത്ത് പാദസേവ ചെയ്യാൻ തയ്യാറായ സവർക്കറാണ് അവരുടെ ആത്മീയാചാര്യൻ. ദേശീയഗാനത്തോടും അവർക്ക് പൂർണ്ണമായ യോജിപ്പില്ല. എന്നിട്ടും അവർ ദേശീയഗാനത്തെ തങ്ങളുടെ വർഗ്ഗീയ അജണ്ടയ്ക്ക് മുതൽകൂട്ടാക്കുന്ന ഫാസിസ്റ്റ് കുതന്ത്രം പയറ്റുന്നു. കമൽ മുസ്ലീമാണ് എന്ന് വിളിച്ചുകൂവിക്കൊണ്ട് മുസ്ലീങ്ങൾ ദേശദ്രോഹികളാണ് എന്ന് പ്രചരിപ്പിക്കുന്നു.

ദേശീയഗാനം നിർബന്ധമാക്കിക്കൊണ്ടുള്ള കോടതി ഉത്തരവ് സമ്പാദിച്ചത് വളഞ്ഞ വഴിയിലൂടെയാണ് എന്ന് ഇതിനകം വ്യക്തമായിട്ടുണ്ട്. 13 വർഷം മുമ്പ് ഒരു സിനിമയിൽ ദേശീയഗാനത്തെ വികലമായി ചിത്രീകരിച്ചതിനെതിരെ മദ്ധ്യപ്രദേശ് ഹൈക്കോടതിയിൽ ശ്യാംനാരായണൻ ചൊക്ലി എന്നയാൾ ഫയൽചെയ്ത കേസിൽ ജസ്റ്റിസ് ദീപക് മിശ്രയിൽനിന്ന് അനുകൂല വിധിയുണ്ടായി. ഈ വിധി പിന്നീട് സുപ്രീംകോടതി സ്റ്റേ ചെയ്തു. ഇപ്പോൾ അതേ ജസ്റ്റിസ് ദീപക് മിശ്ര ഉൾപ്പെടുന്ന സുപ്രീംകോടതി ബഞ്ചിൽ അതേ ആൾതന്നെ കേസുകൊടുത്ത് സമ്പാദിച്ച വിധിയാണിത്. സുപ്രീംകോടതിയുടെ സ്റ്റേ പരിഗണിക്കാതെയാണ് വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ദേശീയഗാനാലാപനം തടസ്സപ്പെടുത്തരുതെന്നേ നിയമം അനുശാസിക്കുന്നുള്ളൂ. എന്നിട്ടും ഫിലിം ഫെസ്റ്റിവലിൽ എഴുന്നേറ്റു നിൽക്കാത്തവരെ പോലീസ് അറസ്റ്റുചെയ്ത നടപടി പിണറായി സർക്കാരിന്റെ സംഘപരിവാർ ശൈലിയാണ് വ്യക്തമാക്കിയത്. ദേശീയഗാനാലാപനം ഉചിതമായ സന്ദർഭത്തിലാണ് വേണ്ടത്. ഔചിത്യം പാലിക്കാതെ വരുമ്പോൾ അതിന്റെ അന്തസ്സ് നഷ്ടപ്പെടും. നിർബന്ധം ചെലുത്തുമ്പോഴാകട്ടെ വിപരീത ഫലം ഉളവാക്കുകയും ചെയ്യും.

നിർബന്ധപൂർവ്വം ദേശീയഗാനം അടിച്ചേൽപ്പിക്കുന്നതിലൂടെ ജനങ്ങളെ എന്തും അനുസരിപ്പിക്കുന്ന അപകടകരമായ സ്ഥിതിയിലേയ്ക്ക് സാഹചര്യം പരുവപ്പെടുത്തിയെടുക്കുകയെന്നതും സംഘപരിവാർ ലക്ഷ്യംവയ്ക്കുന്നു. നാളെ ഇവരുടെ ആശയഗതികൾക്കിണങ്ങുന്ന മറ്റൊരു ദേശീയഗാനം അനുസരണയോടെ ആലപിക്കേണ്ട ഗതികേടും ജനങ്ങൾക്ക് വന്നേക്കാം.

ദേശീയഗാനത്തിന്റെ വിഷയത്തിൽമാത്രമല്ല, മാവോയിസ്റ്റ് വേട്ടയുടെ കാര്യത്തിലും പിണറായി സർക്കാർ സംഘപരിവാറിന്റെ അജണ്ടയാണ് പിന്തുടരുന്നത്. അടുത്തിടെ നിലമ്പൂർ വനത്തിൽവച്ച് രണ്ട് മാവോയിസ്റ്റുകളെ പോലീസ് വെടിവച്ചുകൊന്നു. മാവോയിസ്റ്റുകളുടെ ആശയങ്ങളോടോ പ്രവർത്തന ശൈലിയോടോ ഒക്കെ ആർക്കും വിയോജിക്കാം. സായുധ കലാപം നടത്തുന്നവരെ അമർച്ച ചെയ്യാനും മുതലാളിത്ത ഭരണകൂടം അനുമതി നൽകുന്നുണ്ടാകാം. എന്നാൽ നിലമ്പൂർ വനത്തിൽ നടന്നത് വ്യാജ ഏറ്റുമുട്ടൽ ആണെന്ന വിമർശനം വ്യാപകമായി ഉയർന്നത് തള്ളിക്കളയാനാകില്ല. സിപിഐ, സിപിഐ(എം) കേന്ദ്രങ്ങളിൽനിന്നുതന്നെ ഈ വിമർശനമുയർന്നിട്ടുണ്ട് എന്നത് ഗൗരവമായിത്തന്നെ കാണേണ്ട കാര്യമാണ്. ഇടതുപക്ഷമെന്നവകാശപ്പെടുന്ന ഒരു ഗവൺമെന്റിൽ നിന്നുണ്ടാകുന്ന ഇത്തരം നടപടികൾ ഇടതുപക്ഷ രാഷ്ട്രീയത്തെക്കുറിച്ച് തെറ്റിദ്ധാരണയും അവമതിയും ഉണ്ടാക്കാനേ ഉപകരിക്കൂ. ഒരാൾ എത്രതന്നെ നിയമനിഷേധിയായാലും അയാൾക്ക് പറയാനുള്ളത് കോടതിക്കുമുമ്പാകെ പറയാൻ അവസരമൊരുക്കേണ്ടത് ബൂർഷ്വാ ജനാധിപത്യ ധർമ്മമാണ്. മാവോയിസ്റ്റുകൾ പിന്തുടരുന്ന സമരരീതി തെറ്റാണെങ്കിൽ അത് തിരുത്തി അവരെ ജനാധിപത്യപരമായ പ്രവർത്തന ശൈലിയിലേയ്ക്ക് കൊണ്ടുവരാനുള്ള ഉത്തരവാദിത്തവും ഏറ്റെടുക്കേണ്ടതുണ്ട്. അതിനുപകരം ബൂർഷ്വാ ഗവൺമെന്റുകളെപ്പോലും ലജ്ജിപ്പിക്കുന്ന ഇത്തരം നടപടികൾ അവസാനിപ്പിക്കേണ്ടതുതന്നെയാണ്. ജനങ്ങളുടെ അവകാശങ്ങൾക്കുമേൽ കടന്നാക്രമണം നടത്താൻ ഭരണകൂടത്തിന് അവസരമൊരുക്കുന്നു എന്ന അപകടവും ഇതിലൂടെ ക്ഷണിച്ചുവരുത്തുന്നുണ്ട്.

രാജ്യത്താകെ അസഹിഷ്ണുത പടർത്തുകയാണ് സംഘപരിവാർ. ജയിലിൽ കിടക്കുന്നവർ വെടിയേറ്റുമരിക്കുന്നു. എതിരഭിപ്രായം പറയുന്നവർ കൊലചെയ്യപ്പെടുന്നു. മാംസം ഭക്ഷിക്കുന്നവർ വേട്ടയാടപ്പെടുന്നു. സർക്കാർ നയങ്ങളെ വിമർശിക്കുന്നവർ ദേശദ്രോഹികളായി ചിത്രീകരിക്കപ്പെടുന്നു. നോട്ടുനിരോധനത്തെ വിമർശിച്ചതിന്റെ പേരിൽ സർവ്വാദരണീയനായ സാഹിത്യകാരൻ എം.ടി.വാസുദേവൻ നായരെപ്പോലും ഇവർ ശകാരിക്കുകയും അപഹസിക്കുകയും ചെയ്യുന്നു. ഭീതിദമായ ഈ സാഹചര്യത്തിൽ ജനാധിപത്യ-മതേതര മൂല്യങ്ങൾ മുറുകെപ്പിടിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുകയും അവരിൽ ആത്മവിശ്വാസം വളർത്തുകയുമാണ് ഇടതുപക്ഷം ചെയ്യേണ്ടത്.

ഇടതുപക്ഷ സ്വഭാവം പോയിട്ട് ജനാധിപത്യ സ്വഭാവംപോലും പിണറായി സർക്കാർ പ്രദർശിപ്പിക്കുന്നില്ല. മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അടുത്തിടെ നദീർ എന്നൊരാളെ കേരള പോലീസ് അറസ്റ്റുചെയ്തു. അയാൾക്കുമേൽ യുഎപിഎ വകുപ്പാണ് ചുമത്തിയത്. വീട്ടിൽ റെയ്ഡും നടത്തി. ഇയാൾക്കുമേലുള്ള കുറ്റം തെളിയിക്കാനാകാതെ പിന്നീട് വിട്ടയച്ചു. നാടകപ്രവർത്തകനായ കമൽ സി. ചവറ എന്നയാളെ ദേശീയഗാനത്തോട് ആനാദരവുകാട്ടി എന്നാരോപിച്ച് അറസ്റ്റുചെയ്തു. ഇതും വലിയ പ്രതിഷേധത്തിന് ഇടയാക്കി. ഈ പരാക്രമങ്ങളൊക്കെ ജനാധിപത്യ മുന്നേറ്റങ്ങൾക്ക് ഹാനികരമാണ് എന്ന തിരിച്ചറിവ് സിപിഐ(എം) പോലൊരു പാർട്ടിക്ക് ഉണ്ടാകേണ്ടതാണ്. പിണറായി വിജയന്റെ ഭോപ്പാൽ സന്ദർശനം തടഞ്ഞ മദ്ധ്യപ്രദേശ് സർക്കാരിന്റെ നടപടിയോട് ജനാധിപത്യബോധമുള്ള ആർക്കും യോജിക്കാനാവില്ല. സംഘപരിവാറിന്റെ അസഹിഷ്ണുതയാണ് ഇവിടെ പ്രകടമായത്. എന്നാൽ ഇവരും ഇതേ രീതിയിൽ അസഹിഷ്ണുത പുലർത്തിയാലോ? അത് സംഘപരിവാർ ശക്തികൾക്ക് ന്യായീകരണമാകും എന്നതും മറക്കരുത്.

പോലീസിന്റെ ആത്മവീര്യം തകർക്കാൻ അനുവദിക്കില്ല എന്നുപറഞ്ഞ് എല്ലാ അതിക്രമങ്ങളെയും ന്യായീകരിക്കുന്നത് ഇടതുപക്ഷ സ്വഭാവമല്ല. ഒരു ഇടതുപക്ഷ സർക്കാർ പോലീസിന്റെ കരുത്തിനെയല്ല ജനങ്ങളുടെ ജനാധിപത്യ പ്രബുദ്ധതയെയാണ് ആശ്രയിക്കേണ്ടത്. പശ്ചിമബംഗാളിൽ അധികാരം നഷ്ടപ്പെട്ടതോടെ സിപിഐ(എം) തകർച്ചയെ നേരിടുന്നതിന്റെ പ്രധാനകാരണം ജനങ്ങളെ മറന്ന് പോലീസിന്റെ ബലത്തിൽ ഭരണം നടത്തിയതാണ്.

ഭീകരപ്രവർത്തനം തടയാനെന്ന പേരിൽ ധാരാളം കരിനിയമങ്ങൾ രാജ്യത്ത് നിലവിലുണ്ട്. ഇതെല്ലാം ജനാധിപത്യമുന്നേറ്റങ്ങൾക്കുനേരെ പ്രയോഗിക്കപ്പെടുമെന്നുറപ്പാണ്. ഭരണകൂടത്തിന്റെ ആയുധശേഖരം വർദ്ധിപ്പിക്കുകയും അവകാശങ്ങൾ കവർന്നെടുത്ത്, ജനങ്ങളെ കൂടുതൽ കൂടുതൽ നിരായുധരാക്കുകയും ചെയ്യുന്ന നടപടികൾ ജനാധിപത്യവ്യവസ്ഥയെത്തന്നെ ദുർബലപ്പെടുത്തുന്നതാണ്. കരിനിയമങ്ങളുടെയും ജനാധിപത്യധ്വംസനത്തിന്റെയും അസഹിഷ്ണുതയുടെയും പര്യായമായി പിണറായി സർക്കാർ മാറുന്നത് ഒരു സാമൂഹ്യദുരന്തത്തിലേയ്ക്കായിരിക്കും നയിക്കുക എന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കട്ടെ. ○

# ഈശ്വരചന്ദ്രവിദ്യാസാഗർ സാംസ്കാരികകേന്ദ്രം പ്രവർത്തനമാരംഭിച്ചു

**എസ്**യുസിഐ(കമ്മ്യൂണിസ്റ്റ്) കേരള സംസ്ഥാന കമ്മിറ്റിയുടെ ഉടമസ്ഥതയിൽ തിരുവനന്തപുരം ബേക്കറി ജങ്ഷനിലുള്ള സ്ഥലത്ത്, പാർട്ടിസഖാക്കളും സുഹൃത്തുക്കളും സംഭാവനയായി നൽകിയ പണം കൊണ്ട് പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ ഈശ്വരചന്ദ്രവിദ്യാസാഗർ സാംസ്കാരിക കേന്ദ്രം 2016 ഡിസംബർ 27 വൈകിട്ട് 5 മണിക്ക് എസ്‌യുസിഐ(സി) പോളിറ്റ് ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി ഉൽഘാടനം ചെയ്തു. സാമൂഹ്യം, ശാസ്ത്രം, സാംസ്കാരികം, സിനിമ, കല തുടങ്ങി വ്യത്യസ്ത രംഗങ്ങളിലെ പുരോഗമന സംരംഭങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും ശില്പശാലകളും ക്ലാസ്സുകളും ചെറിയ സമ്മേളനങ്ങളും നടത്താനുള്ള സൗകര്യത്തോടുകൂടിയ ഒരു ജനകീയ കേന്ദ്രം എന്ന നിലയിലാണ് ഈ സാംസ്കാരിക കേന്ദ്രം പ്രവർത്തനമാരംഭിക്കുന്നത്. ഇൻഡ്യൻ നവോത്ഥാനപ്രസ്ഥാനത്തിന്റെ അഗ്രഗാമി ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ നൂറ്റിയിരുപത്തഞ്ചാം ചരമവാർഷികവേളയിലാണ് അദ്ദേഹത്തിന്റെ പേരിലുള്ള സാംസ്കാരിക കേന്ദ്രം സംസ്ഥാന തലസ്ഥാനത്ത് ഉദ്ഘാടനം ചെയ്യപ്പെട്ടത്.

ഇൻഡ്യൻ നവോത്ഥാന പ്രസ്ഥാനത്തെ മതോന്മുഖതയിൽ നിന്ന് വിടുവിച്ച് ശാസ്ത്രത്തിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിൽ മുന്നോട്ട് നയിക്കാൻ ശ്രമിച്ച മഹാനായിരുന്നു ഈശ്വരചന്ദ്രവിദ്യാസാഗർ എന്ന് സ. കൃഷ്ണചക്രവർത്തി ചൂണ്ടിക്കാട്ടി. സംസ്കൃതത്തിലും ഇൻഡ്യയിലെ പ്രാചീന സംസ്കൃത സാഹിത്യത്തിലും അഗാധജ്ഞാനമുണ്ടായിരുന്ന അദ്ദേഹം കുട്ടികളെ സംസ്കൃതം പഠിപ്പിച്ചാൽ പോരാ, ഇംഗ്ലീഷും ആധുനികശാസ്ത്രവും പഠിപ്പിക്കണം എന്ന് വാദിച്ചു. വേദാന്തവും സാംഖ്യവും തെറ്റായ ചിന്താപദ്ധതികളാണെന്നും പാശ്ചാത്യശാസ്ത്രവും യുക്തിചിന്താപദ്ധതിയും പഠിച്ചെങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് സമൂഹത്തെ മുന്നോട്ട് നയിക്കാനാവൂ എന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിൽ യുക്തിചിന്ത കെടുത്താനും, പാരമ്പര്യത്തെപ്പറ്റിയുള്ള മിഥ്യാഭിമാനത്തിന്റെയടിസ്ഥാനത്തിൽ അന്ധവും സങ്കുചിതവുമായ ദേശീയവികാരം വളർത്താനും പ്രതിലോമശക്തികൾ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വിദ്യാസാഗറിന്റെ പാഠങ്ങൾക്ക് പ്രസക്തിയേറിയിരിക്കുന്നുവെന്നും സഖാവ് ചക്രവർത്തി ചൂണ്ടിക്കാട്ടി.

ഉദ്ഘാടന സമ്മേളനത്തിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ, പ്രമുഖ ചലച്ചിത്ര നിരൂപകൻ എം.എഫ്.തോമസ്, കേരള സംസ്ഥാന ജനകീയപ്രതിരോധസമിതി ജനറൽസെക്രട്ടറി ഡോ.വി.വേണുഗോപാൽ, വിളപ്പിൽശാല ജനകീയസമിതി പ്രസിഡന്റ് എസ്. ബുർഹാൻ, സ്ത്രീസുരക്ഷാസമിതി തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് എൽ.ഹരിറാം, ശ്രീമതി മീന കരിം, ശ്രീമതി ഗോമതി തുടങ്ങിയവർ സംസാരിച്ചു. ആൾ ഇൻഡ്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം സംസ്ഥാനസെക്രട്ടറി ജയ്സൺ ജോസഫ്, എഐയുടിയുസി സംസ്ഥാനസെക്രട്ടറി വി.കെ.സദാനന്ദൻ, എഐഎംഎസ്എസ് സംസ്ഥാനപ്രസിഡന്റ് മിനി കെ.ഫിലിപ്പ്, ആൾ ഇൻഡ്യ സേവ് എജ്യുക്കേഷൻകമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി അഖിലേന്ത്യാ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം ഡോ.രാജീവൻ, ഐഎൻപിഎ സംസ്ഥാനസെക്രട്ടറി എസ്.മിനി, കെയുഎസ്ടിഒ സംസ്ഥാനസെക്രട്ടറി വിദ്യ ആർ.ശേഖർ തുടങ്ങി വിവിധ പ്രസ്ഥാനങ്ങളുടെ നേതാക്കളും, കലാ-ശാസ്ത്ര- സാംസ്കാരിക പ്രവർത്തകരും സംബന്ധിച്ചു. ഈശ്വരചന്ദ്ര വിദ്യാസാഗർ സാംസ്കാരിക കേന്ദ്രം കൺവീനർ ജി.എസ്.പത്മകുമാർ സ്വാഗതവും ബാനർ ഫിലിം സൊസൈറ്റി സെക്രട്ടറി ആർ. ബിജു കൃതജ്ഞതയും പറഞ്ഞു. ○




**തിരുവനന്തപുരത്ത് ഈശ്വരചന്ദ്ര വിദ്യാസാഗർ സാംസ്കാരിക കേന്ദ്രം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ്ബ്യൂറോ മെമ്പർ സഖാവ് കൃഷ്ണ ചക്രവർത്തി ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ (ഇടതുനിന്ന്) എൽ.ഹരിറാം, എം.എഫ്.തോമസ്, ജി.എസ്.പത്മകുമാർ, സി.കെ.ലൂക്കോസ്, കാനായി കുഞ്ഞിരാമൻ, ഡോ.വി.വേണുഗോപാൽ, എസ്.ബൂർഹാൻ എന്നിവർ**

# നോട്ട് നിരോധനം: ജനങ്ങളുടെ ദുരിതങ്ങൾക്ക് ഉടൻ പരിഹാരമുണ്ടാക്കുക

**കറൻസി അസാധുവാക്കൽ തികഞ്ഞ പരാജയമാണെന്നും അത് രാജ്യത്ത് അസാധാരണമായ ജീവിതപ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്നുമുള്ള വസ്തുത പരോക്ഷമായി സമ്മതിക്കാൻ നിർബന്ധിതമായി എന്നതാണ് പ്രധാനമന്ത്രിയുടെ പുതുവൽസര പ്രഭാഷണം വ്യക്തമാക്കുന്നതെന്ന് എസ്‌യുസിഐ (കമ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ് പ്രസ്താവിച്ചു.** ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി അവതരിപ്പിച്ചിരിക്കുന്ന പദ്ധതികൾ കൃഷി, ചെറുകിട ഉൽപ്പാദനം, ചില്ലറ വ്യാപാരം, നിർമ്മാണം തുടങ്ങിയ മേഖലകളിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ആഴമാർന്ന പ്രതിസന്ധിയെ ഒന്നു സ്പർശിക്കുക പോലുമില്ല.

നോട്ട് നിരോധിച്ച് 50 ദിവസങ്ങൾക്കുള്ളിൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്ന് പ്രഖ്യാപിച്ച നരേന്ദ്ര മോദി, 51-ാം ദിനത്തിൽ രാജ്യത്തോട് നടത്തിയ പ്രസംഗത്തിൽ അതിനെ സംബന്ധിച്ച് ഒന്നു പരാമർശിക്കാൻ പോലും തയ്യാറായില്ല. നോട്ട് നിരോധനത്തിനു ശേഷം ആകെ എത്ര കോടി രൂപയുടെ നിക്ഷേപം ബാങ്കുകളിൽ വന്നു? എത്ര കോടിയുടെ കള്ളപ്പണം വെളിച്ചത്തു കൊണ്ടുവന്നു? എത്ര കോടിയുടെ കള്ളനോട്ട് പിടികൂടാൻ കഴിഞ്ഞു? ഇത് സാമ്പത്തിക ഘടനയിൽ സൃഷ്ടിച്ച ഫലങ്ങളെന്താണ്? ജനങ്ങൾക്ക് സ്വന്തം പണം അക്കൗണ്ടിൽ നിന്ന് പിൻവലിക്കാൻ അനുവദിക്കാത്ത ഈ നിയന്ത്രണങ്ങൾ എത്ര നാളത്തേക്ക് തുടരും? എന്തുകൊണ്ടാണ് ഈ നിയന്ത്രണങ്ങൾ തുടരുന്നത്? 50 ദിവസത്തിനുശേഷവും കറൻസി ക്ഷാമം തുടരുകയാണോ? എങ്കിൽ എന്തുകൊണ്ട്? കറൻസി ക്ഷാമം എന്ന് അവസാനിക്കും? ഇവയെയൊക്കെ സംബന്ധിച്ച് നരേന്ദ്ര മോദി കുറ്റകരമായ മൗനം പാലിക്കുകയാണുണ്ടായത്. നോട്ട് നിരോധനത്തിലൂടെ ഏതാണ്ട് 200 ഓളം പേർ ഇതിനോടകം മരണപ്പെട്ടുകഴിഞ്ഞു. ലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും നഷ്ടപ്പെട്ടു. റാബി വിളയിറക്കാൻ ഇപ്പോഴും കർഷകർക്ക് കഴിഞ്ഞിട്ടില്ല. ഇത്രമേൽ ദുരന്തത്തിനിരയായ ജനങ്ങൾക്ക്, 50 ദിവസങ്ങൾക്കു മുമ്പ് പ്രഖ്യാപിച്ച നോട്ട് അസാധുവാക്കൽ നടപടിയുടെ ആകെ ഫലമെന്തെന്ന് അറിയാൻ അവകാശമുണ്ട്. പ്രധാന മന്ത്രിയുടെ നന്ദിയല്ല ജനങ്ങൾക്ക് വേണ്ടത്, ഈ ദുരിതം എന്ന് അവസാനിക്കുമെന്നാണ് അറിയേണ്ടത്. അത് പറയാതെ ചില്ലറ അപ്പക്കഷ്ണങ്ങൾ എറിഞ്ഞുകൊടുത്ത് ജനങ്ങളെ വിഡ്ഢികളാക്കാനാണ് നരേന്ദ്ര മോദി ശ്രമിക്കുന്നത്. എസ്‌യുസിഐ(കമ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ചൂണ്ടിക്കാട്ടി.

**സർക്കാരിന്റെ കോർപ്പറേറ്റ് സേവയുടെ ഫലമായി സൃഷ്ടിക്കപ്പെട്ട നോട്ട് നിരോധനത്തിലൂടെ ജനങ്ങൾക്ക് നേരിടേണ്ടി വന്ന നഷ്ടം നികത്താൻ ഈ സാഹചര്യത്തിൽ സർക്കാരിന് ബാധ്യതയുണ്ട്. അത് നിറവേറ്റാൻ സർക്കാർ ഉടൻ തയ്യാറാകണം. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജനുവരി 18ന് തിരുവനന്തപുരം, എറണാകുളം റിസർവ്വ് ബാങ്കുകൾക്കു മുമ്പിലും കോഴിക്കോട്ട് ആദായ നികുതി ഓഫീസിനു മുമ്പിലും പ്രതിഷേധ ധർണ്ണ സംഘടിപ്പിക്കും.** ○



## സെക്രട്ടേറിയറ്റിന്റെ മുന്നിൽ സർഗ്ഗാത്മക പ്രതികരണം

**നോ**ട്ട് അസാധുവാക്കലിന്റെ 50 ദിനം പിന്നിട്ടപ്പോൾ നവമാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും വന്ന പ്രതികരണങ്ങളുടെയും കാർട്ടൂണുകളുടെയും പ്രദർശനം സർഗ്ഗാത്മക പ്രതികരണം എന്ന പേരിൽ സെക്രട്ടേറിയറ്റിനുമുന്നിൽ നടന്നു. ബാനർ സോഷ്യൽ മീഡിയ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രദർശനം പ്രമുഖ കാർട്ടൂണിസ്റ്റ് സുജിത് ഉദ്ഘാടനം ചെയ്തു. ആർ. ബിജു അദ്ധ്യക്ഷത വഹിച്ചു. ബാനർ സാംസ്കാരിക സമിതി സംസ്ഥാന കൺവീനർ ജി.എസ്. പത്മകുമാർ, സുജിത് വിജയൻ എന്നിവർ സംസാരിച്ചു. ○

# എഐഡിവൈഒ കരിദിനം ആചരിച്ചു



എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് കൊട്ടാരക്കരയിൽ പ്രസംഗിക്കുന്നു

**നോ**ട്ട് നിരോധനത്തിലൂടെ ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളെല്ലാം 50 ദിവസം കൊണ്ട് പരിഹരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചെങ്കിലും ബുദ്ധിമുട്ടുകൾ വർദ്ധിച്ചിരിക്കുന്നു. നോട്ട് നിരോധനത്തിന്റെ ഇരകളായി 50 ദിവസംകൊണ്ട് നൂറു പേർ മരിച്ചു. കാർഷിക-ചെറുകിടവ്യാപാര-വ്യവസായ മേഖലകളെല്ലാം പ്രതിസന്ധിയെ നേരിടുന്നു. നിർബ്ബന്ധിത നിക്ഷേപത്തിന്റെ ഫലമായി 13 ലക്ഷം കോടി രൂപ ബാങ്കുകളിലെത്തി. അദ്ധ്വാനിച്ച് സമ്പാദിച്ച പണം ഉപയോഗിക്കാനാകാതെ ജനങ്ങൾ നെട്ടോട്ടമോടുന്ന സാഹചര്യത്തിലാണ് കുത്തകകളുടെ ഏഴായിരത്തിപതിനാറ് കോടി രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എഴുതിത്തള്ളിയത്.

ഈ സാഹചര്യത്തിൽ നോട്ട് നിരോധനത്തിന്റെ 50-ാം ദിനം എഐഡിവൈഒ കരിദിനമായി ആചരിച്ചു. സംസ്ഥാനവ്യാപകമായി വിവിധ പ്രതിഷേധപരിപാടികൾ സംഘടിപ്പിച്ചു.

തിരുവാർപ്പ് കൊച്ചുപാലം കവലയിൽ നടന്ന സംവാദത്തിൽ എഐഡിവൈഒ സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് എവി ബെന്നി വിഷയാവതരണം നടത്തി. സംസ്ഥാന സെക്രട്ടറി സഖാവ് ഇവി പ്രകാശ് മോഡറേറ്ററായിരുന്നു. ഡിവൈഎഫ്ഐ ഏറ്റുമാനൂർ ബ്ലോക്ക് വൈസ് പ്രസിഡന്റ് പ്രവീൺ തമ്പി, യൂത്ത് കോൺഗ്രസ്സ് കോട്ടയം ബ്ലോക്ക് പ്രസിഡന്റ് മുഹമ്മദ് അമീൻ, എഐവൈഎഫ് ഏറ്റുമാനൂർ മണ്ഡലം സെക്രട്ടറി രാജേഷ് ചെങ്ങളം, എഐഡിവൈഒ ജില്ലാ സെക്രട്ടറി അനില ബോസ് തുടങ്ങിയവർ പ്രസംഗിച്ചു.

ചങ്ങനാശ്ശേരി തെങ്ങണയിൽ നടന്ന യോഗത്തിൽ എഐഡിവൈഒ ജില്ലാ സെക്രട്ടറി അനില ബോസ് മുഖ്യപ്രഭാഷണം നടത്തി. എസ്.ഗാഥ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ കെ.എൻ.രാജൻ, വി.ശ്രീകാന്ത്, ലാര്യ പരമേശ്വരൻ തുടങ്ങിയവർ പ്രസംഗിച്ചു.



സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ബെന്നി തിരുവാർപ്പിൽ നടന്ന സംവാദത്തിൽ വിഷയാവതരണം നടത്തുന്നു



തൃശൂർ നഗരത്തിൽ നടന്ന പാട്ടുംവരയും പ്രതിഷേധ സംഗമത്തിൽ എങ്ങണ്ടിയൂർ കാർത്തികേയൻ പ്രതിഷേധ ഗാനം ആലപിക്കുന്നു



ചങ്ങനാശ്ശേരി തെങ്ങണയിൽ ജില്ലാ സെക്രട്ടറി സഖാവ് അനിലാ ബോസ് മുഖ്യപ്രസംഗം നടത്തുന്നു.

### തൃശൂരിൽ പാട്ടും വരയും പ്രതിഷേധസംഗമം

ഡിസംബർ 28 ന് തൃശൂർ കോർപ്പറേഷൻ പരിസരത്ത് 'പാട്ടും വരയും' പ്രതിഷേധ സംഗമം സംഘടിപ്പിച്ചു.

നോട്ട് അസാധുവാക്കലിന്റെ ദുരന്തം അനുഭവിക്കുന്ന ഒരു കെട്ടിട നിർമ്മാണത്തൊഴിലാളിയെ തൽസമയം വരക്കുന്നതിനോടൊപ്പം പ്രതിരോധഗാനം ആലപിച്ചുകൊണ്ടാണ് പ്രമുഖ ചിത്രകാരനും ജനകീയ ഗായകനുമായ എങ്ങണ്ടിയൂർ കാർത്തികേയൻ പ്രതിഷേധപരിപാടിക്ക് തുടക്കം കുറിച്ചത്.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ.പി.എസ്. ബാബു പ്രതിഷേധസംഗമം ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് എ.എം.സുരേഷ് അദ്ധ്യക്ഷത വഹിച്ചയോഗത്തിൽ പ്രമുഖ നാടക സംവിധായകൻ കെ.വി.ഗണേഷ്, എഐയുടിയുസി ജില്ലാ സെക്രട്ടറി സി.കെ.ശിവദാസൻ, എഐഡിവൈഒ സംസ്ഥാന വൈസ്പ്രസിഡന്റ് എം.പ്രദീപൻ, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി അഡ്വ.സുജ ആന്റണി എന്നിവർ പ്രസംഗിച്ചു. വിനോദ് കെ.വി. സ്വാഗതവും പി.കെ. ധർമ്മജൻ നന്ദിയും പറഞ്ഞു. ○



സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശ് ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധപരിപാടിയിൽ പ്രസംഗിക്കുന്നു

# ഭക്ഷ്യസുരക്ഷാ നിയമം റേഷൻ രംഗത്തുനിന്ന് സർക്കാരിന്റെ സമ്പൂർണ്ണ പിൻമാറ്റം ഉറപ്പാക്കി

*(1-ാം പേജിൽ നിന്ന്)*

ഇന്നുള്ള പ്രതിസന്ധിയായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത്.

ഉപഭോക്താക്കളുടെ എണ്ണം കുറച്ചെടുക്കുക എന്നതായിരുന്നു ഓരോ നടപടിയുടെയും ലക്ഷ്യം. അതിനായി മാനദണ്ഡങ്ങൾ നിരന്തരം മാറ്റിക്കൊണ്ടേയിരുന്നു. പരിഷ്ക്കാരങ്ങൾ ഭക്ഷ്യസുരക്ഷ നിയമം വരെ എത്തിയപ്പോൾ റേഷൻ കടകൾ അടച്ചുപൂട്ടപ്പെടുന്ന അവസ്ഥ വന്നു.

**ഭക്ഷ്യസുരക്ഷ നിയമം**

1991 ൽ നരസിംഹറാവുസർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിവന്ന സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ തുടർച്ചയാണ് ഭക്ഷ്യസുരക്ഷ നിയമം. പൊതുവിതരണം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് നരസിംഹറാവുവിന്റെ കാലത്താണ്.

1997 ൽ റേഷൻ ഉപഭോക്താക്കളെ എപിഎൽ, ബിപിഎൽ എന്നിങ്ങനെ വിഭജിച്ച് എപിഎല്ലുകാരെ ആനുകൂല്യങ്ങളിൽനിന്നും പുറത്താക്കിയത് ദേവഗൗഡയുടെ സർക്കാരാണ്. റേഷൻ ലക്ഷ്യാധിഷ്ഠിത പൊതുവിതരണമായി. Targeted Public Distribution System അഥവാ TPDS.

2001-2002 കാലയളവിൽ അധികാരത്തിലിരുന്ന വാജ്പേയ് സർക്കാർ ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിൽനിന്നും ക്രമേണ പിന്മാറി തൽസ്ഥാനത്ത് കുത്തകകളുടെ അധിനിവേശം ഉറപ്പാക്കി. ഇക്കാലയളവിൽ ബിപിഎല്ലുകാർ വീണ്ടും തരംതിരിവിന് ഇരയായി. അന്ത്യോദയ-അന്നയോജന പദ്ധതിയിലൂടെ ബിപിഎല്ലിലെ ഗതിയില്ലാത്തവർക്കായി വീണ്ടും തിരച്ചിൽ നടന്നു.

റേഷൻ രംഗത്തുനിന്നും സർക്കാരിന്റെ സമ്പൂർണ്ണ പിന്മാറ്റം ഉറപ്പാക്കിക്കൊണ്ടാണ് ഭക്ഷ്യസുരക്ഷ നിയമം വന്നത്. എല്ലാ നയങ്ങളിലും എന്നതുപോലെ കൊട്ടിഘോഷത്തിന് കുറവൊന്നുമുണ്ടായിരുന്നില്ല.

ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യപരിപാടിയുടെ ഭാഗമായാണ് ഈ നയം അറിയപ്പെടുന്നത്. 2012 ൽ ഇന്ത്യ യുഎന്നുമായി കരാറിൽ ഏർപ്പെട്ടു. 2013ൽ മൻമോഹൻസിംഗിന്റെ കാലത്ത് ബിൽ പാർലമെന്റിൽ പാസാക്കി. കേന്ദ്രഭക്ഷ്യമന്ത്രിയായിരുന്ന കെ.വി.തോമസാണ് പാർലമെന്റിൽ ബിൽ അവതരിപ്പിച്ചത്. ചില്ലറ കശപിശകൾ ഉണ്ടായെങ്കിലും ബിൽ പാസ്സാക്കുന്നതിന് പ്രതിപക്ഷത്തിന്റെ നിരുപാധിക പിന്തുണ ലഭ്യമായി. അങ്ങനെ 'നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് 2013' പാർലമെന്റ് പാസ്സാക്കി, നിയമവുമായി.

എപിഎൽ, ബിപിഎൽ വിഭജനം അതോടെ ഇല്ലാതെയായി. അതിന് പകരം 'പ്രയോരിറ്റി ലിസ്റ്റ്' അഥവാ മുൻഗണന ലിസ്റ്റ് വന്നു. അർഹരെ കണ്ടെത്താൻ മാനദണ്ഡം മാറി. സ്ത്രീകൾ കാർഡ് ഉടമകളായി. സെൻസസിലെ രേഖകൾ അടിസ്ഥാനമാക്കി 'മുൻഗണനാ ലിസ്റ്റ്' തയ്യാറാക്കാൻ നിർദ്ദേശം വന്നു.

സ്ത്രീകൾ, വിധവകൾ, അവിവാഹിതകൾ, മാനസികരോഗികൾ, മാറാരോഗികളോ, മാരകരോഗികളോ ആയിട്ടുള്ളവർ, ഡയാലിസിസന് വിധേയരാകുന്നവർ, എയ്ഡ്സ്, കാൻസർ രോഗികൾ, ഓട്ടിസം ബാധിച്ചവർ, വീടില്ലാത്തവർ, വീടിന് അഞ്ഞൂറുമീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ലാത്തവർ, പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, പരമ്പരാഗത തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നവർ ഇവരൊക്കെ മുൻഗണനാ ലിസ്റ്റിൽ പെട്ടേക്കും എന്ന് ധാരണയായി.

മുൻഗണനാ ലിസ്റ്റിൽപെട്ടവരെ കണ്ടെത്താനുള്ള ചുമതല സംസ്ഥാന സർക്കാരുകൾക്ക് ആയിരുന്നെങ്കിലും മുൻഗണനാ ലിസ്റ്റിൽ എത്രപേർവരെയാകാം എന്ന് മുൻകൂട്ടി കേന്ദ്രത്തിൽ തീരുമാനിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഭക്ഷ്യസുരക്ഷ നിയമം അനുസരിച്ച് ഓരോ സംസ്ഥാനത്തും എത്ര ആളുകൾ അർഹരാണ് എന്ന് ആസൂത്രണ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട് എന്നാണ് 2013 ജൂലൈയിൽ കേന്ദ്ര ഭക്ഷ്യവകുപ്പിൽനിന്നും സംസ്ഥാന ചീഫ് സെക്രട്ടറിക്ക് ലഭിച്ച കത്തിൽ പറയുന്നത്. ഈ ലിസ്റ്റ് പ്രകാരം കേരളത്തിലെ ഗ്രാമങ്ങളിൽനിന്ന് അർഹരായവർ 52 ശതമാനവും നഗരങ്ങളിൽനിന്ന് 39 ശതമാനവും മാത്രമേ വരൂ. ഭക്ഷ്യ സുരക്ഷാ പദ്ധതിയിലെ ഗുണഭോക്തളെ 40 ശതമാനമായി വെട്ടിക്കുറയ്ക്കാനും നീക്കം നടക്കുന്നുണ്ട്. ഇതിൻ പ്രകാരം 2012ൽത്തന്നെ റേഷൻ കാർഡുകളും പുതുക്കേണ്ടിയിരുന്നു. കേരളത്തിൽ റേഷൻ കാർഡ് പുതുക്കൽ ഇപ്പോഴും പാതിവഴിയിൽത്തന്നെ.

മൻമോഹൻസിംഗിന്റെ കോൺഗ്രസ്സ് സർക്കാരാകട്ടെ, കുത്തകസംഭരണ നിയമം തന്നെ പൊളിച്ചെഴുതി. റേഷൻ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ അമേരിക്കൻ കൺസൾട്ടൻസി മെക്കൻസിയെ ചുമതലപ്പെടുത്തി. റേഷൻ വെട്ടിച്ചുരുക്കാനും എഫ്സിഐ ഗോഡൗണുകൾ അടച്ചുപൂട്ടാനും തൊഴിലാളികളെ പരിച്ചുവിടാനും അവർ നിർദ്ദേശിച്ചു. അടച്ചൂപൂട്ടിയ ഗോഡൗണുകൾ കുത്തകകൾക്ക് പാട്ടത്തിന് നൽകി.

മോദിസർക്കാർ എഫ്സിഐ ഉൾപ്പെടെ ഭക്ഷ്യമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ എംപി ചെയർമാനായി പുതിയൊരു കമ്മിറ്റിയെ നിയോഗിച്ചു. ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ പരിധി വെട്ടിക്കുറയ്ക്കുക, ധാന്യ സംഭരണം സമ്പൂർണ്ണമായും സ്വകാര്യവത്ക്കരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് പുതിയ കമ്മിറ്റിക്കും വയ്ക്കാനുണ്ടായിരുന്നത്.

ഓരോ വർഷവും സർക്കാർ സംഭരിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും അളവ് ഗണ്യമായി കുറഞ്ഞു. തൽസ്ഥാനത്ത് സംഭരണ രംഗത്തേയ്ക്ക് കുത്തകകൾ കടന്നുവന്നു. കുത്തകകൾക്കുവേണ്ടി ഇറക്കുമതി തീരുവയും കുറച്ചുകൊടുത്തു. മുൻസർക്കാരിന്റെ കാലത്ത് 25 ശതമാനം ആയിരുന്ന ഇറക്കുമതി ചുങ്കം മോദിസർക്കാർ 10ശതമാനമാക്കി.

ഈ പരിഷ്ക്കാരങ്ങളെല്ലാംകൂടെയായപ്പോൾ ജനങ്ങൾക്ക് റേഷൻ ഇല്ലാതെയായി. പലപേരിലുള്ള പദ്ധതികൾക്ക് ഒരു ലക്ഷ്യമേയുള്ളൂ, ജനങ്ങൾക്കുള്ള സകല ആനുകൂല്യങ്ങളും നിർത്തലാക്കുക. പകരം കുത്തകകൾക്ക് വാരിക്കോരി കൊടുക്കുക. നോട്ടുനിരോധനം ജനജീവിതത്തെ കടക്കെണിയിലും വറുതിയിലും ആക്കിയിരിക്കുമ്പോൾപോലും കുത്തകകളുടെ കോടികൾ നിർലജ്ജം എഴുതിത്തള്ളുന്നത് അതുകൊണ്ടാണ്.

കേരളത്തിൽ ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്ന പ്രതിസന്ധിയ്ക്ക് മറ്റൊരു കാരണം കേന്ദ്രസബ്സിഡി ലഭ്യമായില്ല എന്നതാണ്. സബ്സിഡി ഇനി ലഭിക്കും എന്നും ഉറപ്പില്ല. സബ്സിഡി നിഷേധിക്കപ്പെടാനുള്ള കാരണമാകട്ടെ ഭക്ഷ്യസുരക്ഷ നിയമം നടപ്പിലാക്കിയില്ല എന്നതും. എന്നു പറഞ്ഞാൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കപ്പെട്ടില്ല എന്നർത്ഥം. അതിൽ കുറ്റം ആരുടേത് എന്നതാണ് ഭരണ-പ്രതിപക്ഷ പോരിന്റെ സാരം. കിലോയ്ക്ക് 22 രൂപ നിരക്കിൽ എഫ്സിഐയിൽനിന്ന് അരിവാങ്ങി റേഷൻ കടകൾ വഴി നൽകേണ്ടിവരും എന്നതാണ് ഇപ്പോൾ സാഹചര്യം. അങ്ങനെയാണ് കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചിരിക്കുന്ന നിർദ്ദേശം. ഫലത്തിൽ റേഷൻ എന്നെന്നേയ്ക്കുമായി നിലയ്ക്കും.

ഭക്ഷ്യസുരക്ഷ നിയമം പാർലമെന്റിൽ അവതരിപ്പിക്കപ്പെടുമ്പോൾ യുഡിഎഫ് ആണ് കേരളം ഭരിച്ചിരുന്നത്. അനൂപ് ജേക്കബ് കേരളത്തിന്റെ ഭക്ഷ്യവകുപ്പുമന്ത്രിയും. ഭക്ഷ്യസുരക്ഷാ നിയമം കോൺഗ്രസ് നടപ്പിലാക്കിയപ്പോൾ സിപിഐ, സിപിഐ(എം), ബിജെപി ഉൾപ്പെടെയുള്ള പാർട്ടികൾ എതിർത്തില്ലെന്നുമാത്രമല്ല, അന്ന് കേരളത്തിൽ അധികാരത്തിലിരുന്ന യുഡിഎഫ് സർക്കാർ ഭക്ഷ്യ സുരക്ഷ നിയമം നടപ്പിലാക്കാൻ ഉത്സാഹം കാണിക്കുന്നില്ല എന്ന് ചൂണ്ടിക്കാട്ടി ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കണം എന്ന് ആവശ്യപ്പെട്ടവരാണ് സിപിഐ, സിപിഐ(എം), ബിജെപി കക്ഷികൾ.

ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ ഒരു കോടി തൊണ്ണൂറു ലക്ഷം ആളുകൾ റേഷൻ സംവിധാനത്തിന് പുറത്താക്കപ്പെടും എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. എപിഎൽ, ബിപിഎൽ തരംതിരിവിനുപകരം പ്രയോറിറ്റി ലിസ്റ്റനുസരിച്ചാണ് റേഷൻ. 2011 ലെ സെൻസസ് പ്രകാരം സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച മുൻഗണനാ ലിസ്റ്റിനെക്കുറിച്ച് പതിനാറു ലക്ഷത്തിൽപ്പരം പരാതികളാണ് ലഭിച്ചത്. അതിൽ 12 ലക്ഷവും ശരിയാണ് എന്നും കണ്ടെത്തിയിരിക്കുന്നു.

റേഷനെ മാത്രം ആശ്രയിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന വലിയൊരു വിഭാഗം ജനങ്ങൾ കേരളത്തിലുണ്ട്. റേഷൻ ഇല്ലാതെയാകുന്നു എന്നത് വലിയ തിരിച്ചടിക്ക് കാരണമാകും. സ്വതവേ പോഷകാഹാരക്കുറവിന്റെ പ്രശ്നങ്ങൾ നേരിടുന്ന ആദിവാസി മേഖലകളിൽ വളരെ പ്രതികൂലമായ പ്രത്യാഘാതങ്ങൾക്ക് ഇത് ഇടവരുത്തും. സ്കൂളുകളുടെയും അംഗൻവാടികളുടെയും പ്രവർത്തനങ്ങളെ ഇത് പ്രതികൂലമായി ബാധിക്കും.

ഇത് റേഷന്റെ മാത്രം പ്രശ്നമല്ല. പൊതുവിപണിയിലെ വിലയുടെയുംകൂടെ വിഷയമാണ്. മാത്രവുമല്ല, ഒരു ജനാധിപത്യ സംവിധാനത്തിൽ സർക്കാരുകൾ ജനങ്ങളോട് വച്ചുപുലർത്തുന്ന സമീപനത്തിന്റെയും പ്രശ്നമാണ്.

1991 മുതലാണ് സാമ്പത്തിക രംഗത്തെ അടിമുടി ഉടച്ചുവാർക്കുന്ന പരിഷ്ക്കാരങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കിത്തുടങ്ങിയത്. പുതിയ സാമ്പത്തിക-വ്യവസായ നയങ്ങളെന്ന പേരിൽ ആരംഭിച്ച ആഗോളവൽക്കരണനയങ്ങളുടെ തുടർച്ചയായി രംഗപ്രവേശം ചെയ്ത നയങ്ങളും ഗാട്ടുകരാറും ഡങ്കൽ നിർദ്ദേശങ്ങളുമെല്ലാം മുന്നോട്ടുവച്ചത് ജനങ്ങൾക്ക് നൽകുന്ന സബ്സിഡി നിർത്തലാക്കുക എന്നതായിരുന്നു. അതിൽ പ്രധാനമായിരുന്നു ഭക്ഷ്യസബ്സിഡി. 1991ന് ശേഷം അധികാരത്തിൽ വന്ന എല്ലാ സർക്കാരുകളും കക്ഷിഭേദമന്യേ, കോൺഗ്രസ്സും ഇടതുപക്ഷ പിന്തുണയോടെ ഭരിച്ച ദേവഗൗഡ, ഐ.കെ.ഗുജറാൾ സർക്കാരുകളും വാജ്പേയിയുടെ ബിജെപി സർക്കാരും, ഗാട്ടുകരാറിനും ഡങ്കൽ നിർദ്ദേശങ്ങൾക്കും വിധേയരായിക്കൊണ്ടാണ് നയങ്ങൾ ആവിഷക്കരിച്ചത്. തുടർന്നു ആവിഷ്ക്കരിക്കപ്പെട്ട നയങ്ങൾ ഇന്ത്യയിലെ കാർഷിക രംഗത്തിന്റെ നടുവൊടിച്ചു. നാലു ലക്ഷത്തോളം കർഷകർ ആത്മഹത്യ ചെയ്തു. വിളയ്ക്ക് വിലയില്ലാതെ ഓരോ വിളവെടുപ്പുകാലവും കർഷകന്റെ കണ്ണീരുകൊണ്ട് മണ്ണുനനയുകയാണ്. ആർത്തിപെരുത്ത കുത്തകകൾക്കുവേണ്ടി നയങ്ങളാവിഷ്ക്കരിക്കുന്ന ഭരണാധികാരികൾക്ക് പക്ഷേ ആ കണ്ണീരോ ജനങ്ങളുടെ വേദനയോ കാണാനാകുന്നില്ല.

ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനെടുത്ത പട്ടിണി മരണങ്ങളും ക്ഷാമങ്ങളും തുടർക്കഥയായപ്പോഴാണ് എല്ലാവർക്കും ഭക്ഷണം ഉറപ്പാക്കുക എന്ന ജനക്ഷേമകരമായ കാഴ്ചപ്പാടിനെ മുൻനിർത്തി സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം ആരംഭിച്ചത്. 1965ലാണ് കേരളത്തിൽ റേഷൻ സമ്പ്രദായം നിലവിൽവന്നത്. ഇന്ത്യയിലെ തന്നെ മെച്ചപ്പെട്ട സമ്പ്രദായമായിരുന്നു കേരളത്തിലേത്. ഒരുപക്ഷേ പൊതുവിതരണ സമ്പ്രദായത്തിനുതന്നെ ഒരു മാതൃകയും. അഞ്ചുപതിറ്റാണ്ടിലേറെയായി നിലനിന്നുപോരുന്ന സമ്പ്രദായത്തിന്റെ മരണമണിയാണ് ഇപ്പോൾ മുഴങ്ങിക്കൊണ്ടിരിക്കുന്നത്.

എല്ലാവിധ വിവേചനങ്ങളും ഒഴിവാക്കി മുഴുവൻ ആളുകൾക്കും റേഷൻ ഉറപ്പാക്കുക എന്നതായിരിക്കണം സർക്കാരിന്റെ നിലപാട്. റേഷൻ സംവിധാനത്തെ അതേപടി നിലനിർത്തിക്കൊണ്ട് അരിയും ഗോതമ്പും പഞ്ചസാരയും മണ്ണെണ്ണയും പയറുവർഗ്ഗങ്ങളുമടക്കം അവശ്യനിത്യോപയോഗ സാധനങ്ങളെല്ലാം ന്യായമായ വിലയ്ക്ക് ലഭ്യമാക്കണം. റേഷൻ ഉൾപ്പെടെ പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തണം. കർഷകന് ന്യായമായ വിലനൽകി ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് മിതമായ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കണം. ജനാനുകൂല നിലപാടുള്ള ഒരു സർക്കാർ പ്രഥമ പരിഗണന നൽകേണ്ടുന്ന വിഷയങ്ങളാണിവ. ഭക്ഷ്യസുരക്ഷാ പദ്ധതി എന്ന ജനവിരുദ്ധ നിയമത്തിന്റെ നൂലാമാലകളിൽ തട്ടി ജനങ്ങൾക്ക് റേഷൻ നിഷേധിക്കപ്പെടുന്നില്ല എന്ന് സംസ്ഥാന സർക്കാർ ഉറപ്പാക്കണം.

ഈ ആവശ്യങ്ങളെ മുൻനിർത്തി അതിശക്തമായ പ്രക്ഷോഭണം വളർത്തിയെടുക്കുക എന്നതാണ് ഇന്നത്തെ അടിയന്തര ആവശ്യകത. സങ്കുചിതമായ കക്ഷി-രാഷ്ട്രീയ താൽപര്യങ്ങൾക്കും ജാതി-മത ചിന്താഗതികൾക്കും ഉപരിയായി ജനങ്ങൾ സംഘടിക്കണം. ○

## "നമുക്ക് ജാതിയില്ല" വിളംബര ശതാബ്ദി: പൊതുസമ്മേളനവും കാവ്യസന്ധ്യയും

**ശ്രീ**നാരായണഗുരുവിന്റെ 'നമുക്ക് ജാതിയില്ല' വിളംബരത്തിന്റെ 100-ാം വാർഷികാചരണത്തിന്റെ ഭാഗമായി പൊതുസമ്മേളനവും കാവ്യസന്ധ്യയും നടത്തി. ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ(എഐഡിവൈഒ) ആലപ്പുഴ ജില്ലാ കമ്മിറ്റി കണിച്ചുകുളങ്ങരയിൽ ഡിസംബർ 12 ന് സംഘടിപ്പിച്ച സമ്മേളനത്തിൽ ജില്ലാ വൈസ്പ്രസിഡന്റ് കെ.എ.വിനോദ് അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന പ്രസിഡന്റ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ എസ്യുസിഐ (സി) ജില്ലാ സെക്രട്ടേറിയറ്റംഗം സഖാവ് ആർ.പാർത്ഥസാരഥിവർമ്മ മുഖ്യപ്രസംഗം നടത്തി. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് എൻ.ആർ.അജയകുമാർ, ജില്ലാ സെക്രട്ടറി ടി.ആർ. രാജിമോൾ, ജില്ലാ വൈസ്പ്രസിഡന്റ് കെ.ബിമൽജി, എസ്യുസിഐ(സി) ലോക്കൽകമ്മിറ്റി സെക്രട്ടറി സഖാവ് കെ.പി.മനോഹരൻ, എം.കെ.ജയൻ എന്നിവർ പ്രസംഗിച്ചു.

കെ.ആർ.സോമശേഖരപ്പണിക്കരുടെ അദ്ധ്യക്ഷതയിൽ കൂടിയ കാവ്യസന്ധ്യ ഡോ.അമൃത ഉദ്ഘാടനം ചെയ്തു. എം.കൃഷ്ണകുമാർ, മാരാരിക്കുളം വിജയൻ, റോസ, കരപ്പുറം രാജശേഖരൻ, കെ.ജി.ശ്രീജേഷ്, കെ.വി.ബാബു, സരണി എം. തുടങ്ങിയവർ കവിതകൾ ആലപിച്ചു. ○




എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

**നവംബർ വിപ്ലവ പാഠങ്ങൾ**

# ഒക്ടോബർ വിപ്ലവത്തിന്റെ നാലാം വാർഷികം- ലെനിൻ



(മഹത്തായ നവംബർ വിപ്ലവത്തിന്റെ ശില്പി സഖാവ് ലെനിൻ 1921 ഒക്ടോബർ 14-ന് എഴുതിയതും ഒക്ടോബർ 21 ന്റെ *പ്രവ്ദ* യിൽ പ്രസിദ്ധീകരിക്കപ്പെട്ടതുമായ ലേഖനത്തിന്റെ ചില ഭാഗങ്ങൾ. പ്രോഗ്രസ്സ് പബ്ലിഷേഴ്സ് പ്രസിദ്ധീകരിച്ച ലെനിന്റെ സമാഹൃതകൃതികളുടെ രണ്ടാം ഇംഗ്ലീഷ് എഡിഷൻ വാല്യം 33-ൽ ഈ ലേഖനം ചേർത്തിരിക്കുന്നു.)

സോവിയറ്റ് വ്യവസ്ഥിതി തൊഴിലാളികൾക്കും കർഷകർക്കും പരമാവധി ജനാധിപത്യം പ്രദാനം ചെയ്യുന്നു. അതേ സമയം തന്നെ അത് *ബൂർഷ്വാ* ജനാധിപത്യത്തിൽ നിന്നുള്ള വിച്ഛേദത്തെയും, യുഗനിർണ്ണായകമായ ഒരു പുതിയ *തരം* ജനാധിപത്യത്തിന്റെ ഉദയത്തെയും കുറിക്കുന്നു. അതായത് തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിന്റെ അഥവാ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ ഉദയത്തെ.

സോവിയറ്റ് വ്യവസ്ഥിതി കെട്ടിപ്പടുക്കുന്ന പ്രവൃത്തിയിൽ നാം വരുത്തുന്ന തെറ്റുകളെയും നമുക്കുണ്ടാവുന്ന വീഴ്ചകളെയും ചൊല്ലി, വൃത്തികെട്ട മരണാസന്ന മുതലാളിവർഗ്ഗവും അവരുടെ വാലാട്ടികളായി നടക്കുന്ന പെറ്റിബൂർഷ്വാ ജനാധിപത്യവാദികളും നമ്മെ അധിക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്തുകൊള്ളട്ടെ. നാം നിരവധി തെറ്റുകൾ വരുത്തിയിട്ടുണ്ട്, തെറ്റുകൾ വരുത്തിക്കൊണ്ടിരിക്കുകയുമാണ്. അനവധി തിരിച്ചടികൾ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നിമിഷനേരത്തേയ്ക്കുപോലും നാം അക്കാര്യം മറക്കുന്നില്ല. ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഒരു രാഷ്ട്രം കെട്ടിപ്പടുക്കുകയെന്ന, ലോകചരിത്രത്തിൽ തികച്ചും നൂതനമായ, ഒരു കാര്യത്തിൽ തെറ്റുകളും തിരിച്ചടികളും എങ്ങനെ ഒഴിവാക്കാനാവും! തിരിച്ചടികളെ അതിജീവിക്കാനും തെറ്റുകൾ തിരുത്താനും, സോവിയറ്റ് തത്ത്വങ്ങളുടെ പ്രായോഗികമായ നടപ്പിലാക്കൽ മെച്ചപ്പെടുത്താനും വേണ്ടി — അവ കുറ്റമറ്റതാക്കണമെങ്കിൽ ഇനിയും വളരെ വളരെ മെച്ചപ്പെടേണ്ടതായിട്ടുണ്ട് — നാം നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കും. എന്നാൽ, ഒരു കാര്യത്തിൽ നമുക്ക് അഭിമാനിക്കാൻ വകയുണ്ട്; നാമതിൽ അഭിമാനിക്കുകയും ചെയ്യുന്നു. ഒരു സോവിയറ്റ് രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് *തുടക്കം* കുറിക്കാനും, അതുവഴി ലോകചരിത്രത്തിൽ ഒരു പുതിയ യുഗത്തിന് *പിറവി* കുറിക്കാനുമുള്ള അവസരം സിദ്ധിച്ചത് നമുക്കാണ് എന്നതിലാണത്. ഒരു *പുതിയ* വർഗ്ഗത്തിന്റെ ഭരണത്തിന്റേതായ യുഗമാണത്. എല്ലാ മുതലാളിത്ത രാജ്യങ്ങളിലും മർദ്ദനമനുഭവിക്കുന്ന വർഗ്ഗമാണത്. എന്നാൽ എവിടെയും ഒരു പുതിയ ജീവിതത്തിലേയ്ക്ക്, ബൂർഷ്വാസിയുടെ മേലുള്ള വിജയത്തിലേയ്ക്ക്, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലേയ്ക്ക്, മൂലധനത്തിന്റെ നുകത്തിൻ കീഴിൽ നിന്നും സാമ്രാജ്യത്വയുദ്ധങ്ങളിൽ നിന്നുമുള്ള മനുഷ്യരാശിയുടെ വിമോചനത്തിലേയ്ക്ക്, മുന്നേറിക്കൊണ്ടിരിക്കുന്ന വർഗ്ഗവുമാണത്.

1914 മുതലിങ്ങോട്ട് ഭൂമുഖത്തുള്ള എല്ലാ രാജ്യങ്ങളുടെയും എല്ലാ നയത്തിന്റെയും മൂലക്കല്ലായി വർത്തിക്കുന്നത് ഒരു പ്രശ്നമാണ്: സാമ്രാജ്യത്വ യുദ്ധങ്ങളുടെ പ്രശ്നം. ഇന്ന് ലോകത്തിന് മേലാകെ ആധിപത്യം പുലർത്തുന്ന ഫിനാൻസ് മൂലധനത്തിന്റെ വിദേശനയത്തിന്റെ പ്രശ്നം. *അനിവാര്യമായും* പുതിയ സാമ്രാജ്യത്വയുദ്ധങ്ങൾ സൃഷ്ടിക്കുന്ന നയമാണത്. "പുരോഗതി" കൈവരിച്ച ഒരുപിടി വരുന്ന ശക്തികൾ, ദുർബ്ബലവും പിന്നാക്കം നിൽക്കുന്നവയുമായ ചെറിയ ദേശീയതകളുടെ മേൽ നടത്തുന്ന ദേശീയമർദ്ദനവും ചൂഷണവും കൊള്ളയും നീരാളിപ്പിടിത്തവും അനിവാര്യമായും അങ്ങേയറ്റം രൂക്ഷമാകാനിടവരുത്തുന്ന നയം. കോടാനുകോടി ജനങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു ജീവന്മരണപ്രശ്നമാണ്. 1914–18 കാലത്ത് നടന്ന യുദ്ധത്തിലും അനുബന്ധമായി ഇപ്പോഴും നടന്നുവരുന്ന "ചെറിയ" യുദ്ധങ്ങളിലുമായി ഒരു കോടി ആളുകളാണ് കൊല്ലപ്പെട്ടത്. അടുത്ത സാമ്രാജ്യത്വ യുദ്ധത്തിനു വേണ്ടി ബൂർഷ്വാസി തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ കണ്മുന്നിൽ, മുതലാളിത്തത്തിനുള്ളിൽ നിന്നും ആ യുദ്ധം വളർന്നുവന്നുകൊണ്ടിരിക്കുകയാണ്. ആ യുദ്ധം രണ്ട് കോടി ആളുകളുടെ ജീവൻ അപഹരിക്കുമോ എന്ന പ്രശ്നം ജനങ്ങൾ അഭിമുഖീകരിക്കുന്നു. 1914–18 ൽ മൂന്ന് കോടി ആളുകൾക്കാണ് അംഗഭംഗം സംഭവിച്ചത്. മുതലാളിത്തം തുടർന്നും നിലനിന്നാൽ അനിവാര്യമായ ഭാവി യുദ്ധത്തിൽ ആറ് കോടിപ്പേർക്ക് അംഗഭംഗം സംഭവിക്കുമോ? ഈ പ്രശ്നത്തിലും നമ്മുടെ ഒക്ടോബർ വിപ്ലവം ലോക ചരിത്രത്തിൽ ഒരു പുതുയുഗത്തിന് തുടക്കം കുറിച്ചു. "സാമ്രാജ്യത്വ യുദ്ധത്തെ ആഭ്യന്തരയുദ്ധമാക്കി മാറ്റുക" എന്ന നമ്മുടെ മുദ്രാവാക്യത്തെ ലോകത്തെങ്ങുമുള്ള ബൂർഷ്വാസിയും അവരുടെ പിണിയാളന്മാരും ഏറാൻമൂളികളും — സോഷ്യലിസ്റ്റ് റെവല്യൂഷണറികളും മെൻഷെവിക്കുകളും, "സോഷ്യലിസ്റ്റുകൾ" എന്ന് വിളിക്കപ്പെടുന്ന ബൂർഷ്വാ ജനാധിപത്യവാദികളും — പരിഹസിക്കുകയുണ്ടായി. പക്ഷെ, ആ മുദ്രാവാക്യമായിരുന്നു *സത്യം* എന്ന് തെളിയിക്കപ്പെട്ടു. തികച്ചും പരിഷ്കൃതവും സങ്കുചിത ദേശീയവാദപരവും ശാന്തിവാദപരവുമായ നുണകളുടെ കൂമ്പാരത്തിന് ബദലായ ഒരേയൊരു സത്യം. അപ്രിയകരവും പരുക്കനും നഗ്നവും മൃഗീയവുമായിരുന്നു അതെങ്കിലും അതായിരുന്നു *സത്യം*. ആ നുണകളുടെ പൂച്ച് പുറത്തുവന്നുകൊണ്ടിരിക്കുന്നു. ബ്രെസ്റ്റ് സമാധാന ഉടമ്പടിയുടെ തനിനിറം പുറത്തുവന്നിരിക്കുന്നു. ബ്രെസ്റ്റ് ഉടമ്പടിയെ അപേക്ഷിച്ചു പോലും വഷളായ മറ്റൊരു സമാധാന ഉടമ്പടിയുടെ — വെഴ്സെയിൽസ് ഉടമ്പടിയുടെ — പ്രാധാന്യവും ഭവിഷ്യത്തും, നാൾചെല്ലുന്തോറും, കൂടുതൽ നിഷ്കരുണം തുറന്നുകാട്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അടുത്ത് നടന്ന യുദ്ധത്തിന്റെയും ആസന്നമായ ഭാവി യുദ്ധത്തിന്റെയും കാരണങ്ങളെപ്പറ്റി ചിന്തിക്കുന്ന ജനകോടികൾക്ക് അനിഷേധ്യമായ ഒരു പരുക്കൻ യാഥാർത്ഥ്യം കൂടുതൽ കൂടുതൽ ബോദ്ധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതായത്, *ഒരു ബോൾഷെവിക് പോരാട്ടത്തിലൂടെയും ബോൾഷെവിക് വിപ്ലവത്തിലൂടെയുമല്ലാതെ* സാമ്രാജ്യത്വയുദ്ധത്തിൽ നിന്നും, അനിവാര്യമായും സാമ്രാജ്യത്വയുദ്ധത്തിലേയ്ക്ക് നയിക്കുന്ന സാമ്രാജ്യത്വ സമാധാനത്തിൽ* നിന്നും, രക്ഷപ്പെടാൻ സാദ്ധ്യമല്ല. ആ നരകാഗ്നിയിൽ നിന്ന് രക്ഷപ്പെടാൻ മറ്റൊരു മാർഗ്ഗവുമില്ല. ബൂർഷ്വാസിയും ശാന്തിവാദികളും ജനറൽമാരും പെറ്റിബൂർഷ്വാസിയും ഫിലിസ്റ്റൈനുകളും ദൈവഭയമുള്ള ക്രിസ്ത്യാനികളും രണ്ടാം ഇന്റർനാഷണലിലെയും രണ്ടര ഇന്റർനാഷണലിലെയും പ്രഭുക്കന്മാരും ആ വിപ്ലവത്തിനെതിരെ ഉറഞ്ഞുതുള്ളിക്കൊള്ളട്ടെ. അധിക്ഷേപത്തിന്റെയും അപവാദങ്ങളുടെയും നുണകളുടെയും പെരുമഴ സൃഷ്ടിച്ചാലും അവർക്ക് ചരിത്രപരമായ ഒരു വസ്തുതയെ മറച്ചുപിടിക്കാനാവില്ല.

അതായത്, നൂറായിരക്കണക്കിന് വർഷങ്ങൾക്കുള്ളിൽ ഇതാദ്യമായി അടിമകൾ, അടിമയുടമകൾ തമ്മിൽത്തമ്മിലുള്ള യുദ്ധത്തിന്, പരസ്യമായ ഈ പ്രഖ്യാപനത്തിലൂടെ മറുപടി നൽകിയിരിക്കുന്നു: "കൊള്ളമുതൽ പങ്കിടുന്നതിനായി അടിമയുടമകൾ തമ്മിൽത്തമ്മിൽ നടത്തുന്ന ഈ യുദ്ധത്തെ, എല്ലാ രാജ്യങ്ങളിലെയും അടിമകൾ എല്ലാ രാജ്യങ്ങളിലെയും അടിമയുടമകൾക്കെതിരെ നടത്തുന്ന യുദ്ധമാക്കി മാറ്റുക."

നൂറായിരക്കണക്കിന് വർഷങ്ങൾക്കുള്ളിൽ ഇതാദ്യമായി ആ മുദ്രാവാക്യം അവ്യക്തവും നിസ്സഹായവുമായ ഒരു കാത്തിരിപ്പിന്റെ രൂപത്തിൽ നിന്ന് വ്യക്തവും സുനിശ്ചിതവുമായ ഒരു രാഷ്ട്രീയ പരിപാടിയുടെ രൂപത്തിലേയ്ക്ക് വളർന്നിരിക്കുന്നു. മർദ്ദിതരായ ജനകോടികൾ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ഫലപ്രദമായ പോരാട്ടത്തിന്റെ രൂപത്തിലേയ്ക്ക്. അത് തൊഴിലാളിവർഗ്ഗത്തിന്റെ ആദ്യ വിജയത്തിലേയ്ക്ക് വളർന്നിരിക്കുന്നു. യുദ്ധം ഇല്ലാതാക്കാനും, വ്യത്യസ്ത രാജ്യങ്ങളിലെ ബൂർഷ്വാസിയുടെ ഏകോപിത ശക്തിക്കെതിരെ എല്ലാ രാജ്യങ്ങളിലെയും തൊഴിലാളികളെ ഏകോപിപ്പിക്കാനും വേണ്ടിയുള്ള പോരാട്ടത്തിലെ ആദ്യവിജയം. മൂലധനത്തിന്റെ അടിമകളായിരിക്കുന്ന കൂലിവേലക്കാരുടെയും കർഷകരുടെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും ചെലവിൽ യുദ്ധവും സമാധാനവും സൃഷ്ടിക്കുന്ന ബൂർഷ്വാസിക്കെതിരായ പോരാട്ടത്തിലെ ആദ്യവിജയം.

നൂറായിരക്കണക്കിന് വർഷങ്ങൾക്കുള്ളിൽ ഇതാദ്യമായി ആ മുദ്രാവാക്യം അവ്യക്തവും നിസ്സഹായവുമായ ഒരു കാത്തിരിപ്പിന്റെ രൂപത്തിൽനിന്ന് വ്യക്തവും സുനിശ്ചിതവുമായ ഒരു രാഷ്ട്രീയ പരിപാടിയുടെ രൂപത്തിലേയ്ക്ക് വളർന്നിരിക്കുന്നു. മർദ്ദിതരായ ജനകോടികൾ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ഫലപ്രദമായ പോരാട്ടത്തിന്റെ രൂപത്തിലേയ്ക്ക്. അത് തൊഴിലാളിവർഗ്ഗത്തിന്റെ ആദ്യ വിജയത്തിലേയ്ക്ക് വളർന്നിരിക്കുന്നു. യുദ്ധം ഇല്ലാതാക്കാനും, വ്യത്യസ്ത രാജ്യങ്ങളിലെ ബൂർഷ്വാസിയുടെ ഏകോപിതശക്തിക്കെതിരെ എല്ലാ രാജ്യങ്ങളിലെയും തൊഴിലാളികളെ ഏകോപിപ്പിക്കാനും വേണ്ടിയുള്ള പോരാട്ടത്തിലെ ആദ്യവിജയം.മൂലധനത്തിന്റെ അടിമകളായിരിക്കുന്ന കൂലിവേലക്കാരുടെയും കർഷകരുടെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും ചെലവിൽ യുദ്ധവും സമാധാനവും സൃഷ്ടിക്കുന്ന ബൂർഷ്വാസിക്കെതിരായ പോരാട്ടത്തിലെ ആദ്യജയം.

ഈ ആദ്യവിജയം ഇനിയും അന്തിമവിജയമായി മാറിയിട്ടില്ല. നമ്മുടെ ഒക്ടോബർ വിപ്ലവത്തിലൂടെ അത് നേടിയെടുത്തതാകട്ടെ, അവിശ്വസനീയമായ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അഭൂതപൂർവ്വമായ യാതനകളും അനുഭവിച്ചുകൊണ്ടാണ്. ഗുരുതരമായ തിരിച്ചടികളുടെയും നമ്മുടെ ഭാഗത്തുനിന്നുള്ള തെറ്റുകളുടെയും ഒരു പരമ്പരയും അതോടൊപ്പമുണ്ടായി. പിന്നോക്കം നിൽക്കുന്ന ഒരു ജനത ഒറ്റയ്ക്ക് ലോകത്തെ ഏറ്റവും ശക്തവും ഏറ്റവും വികസിതവുമായ രാജ്യങ്ങൾ നടത്തുന്ന സാമ്രാജ്യത്വയുദ്ധത്തെ പരാജയപ്പെടുത്തുമ്പോൾ തിരിച്ചടികളുണ്ടാവില്ലെന്നും, തെറ്റുകൾ സംഭവിക്കുകയില്ലെന്നും എങ്ങനെ പ്രതീക്ഷിക്കാനാവും! നമ്മുടെ തെറ്റുകൾ സമ്മതിക്കാൻ നാം ഭയപ്പെടുന്നില്ല. അവ എങ്ങനെ തിരുത്തണം എന്ന് മനസ്സിലാക്കുന്നതിന് വേണ്ടി നാം അവയെ തുറന്ന മനസ്സോടെ പരിശോധിക്കുകയും ചെയ്യും. പക്ഷെ, ഒരു വസ്തുത നിലനിൽക്കുന്നു. അടിമയുടമകൾ തമ്മിൽത്തമ്മിലുള്ള യുദ്ധത്തിന്, എല്ലാ അടിമയുടമകൾക്കും എതിരായ അടിമകളുടെ വിപ്ലവം കൊണ്ട് മറുപടി നൽകും എന്ന വാഗ്ദാനം, ആയിരക്കണക്കിന് വർഷങ്ങൾക്കുള്ളിൽ ഇതാദ്യമായി പരിപൂർണ്ണമായും നിറവേറ്റപ്പെട്ടിരിക്കുന്നു — എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടായെങ്കിലും അത് നിറവേറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതാണ് ആ വസ്തുത.

നാം തുടക്കം കുറിച്ചുകഴിഞ്ഞു. എപ്പോൾ, ഏത് തിയ്യതിയിലും സമയത്തും, ഏത് രാജ്യത്തെ തൊഴിലാളിവർഗ്ഗം ഈ പ്രക്രിയ പൂർത്തീകരിക്കും എന്നത് പ്രധാനമല്ല. മഞ്ഞ് പൊട്ടിക്കാൻ കഴിഞ്ഞിരിക്കുന്നു, വഴി തുറക്കപ്പെട്ടിരിക്കുന്നു, പാത തെളിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. എല്ലാ രാജ്യങ്ങളിലെയും മുതലാളിമാരായ മാന്യന്മാരേ, "പിതൃഭൂമിയെ സംരക്ഷിക്കുന്നതിനെ" പ്പറ്റിയുള്ള നിങ്ങളുടെ കപടനാട്യം തുടർന്നുകൊള്ളൂ — അമേരിക്കൻ പിതൃഭൂമിക്കെതിരെ ജാപ്പനീസ് പിതൃഭൂമി, ജാപ്പനീസിനെതിരെ അമേരിക്കൻ, ഫ്രഞ്ചിനെതിരെ ബ്രിട്ടീഷ്, അങ്ങനെയങ്ങനെ! രണ്ടാം ഇന്റർനാഷണലിലെയും രണ്ടര ഇന്റർനാഷണലിലെയും പ്രഭുക്കന്മാരും, ശാന്തിവാദികളായ പെറ്റിബൂർഷ്വാകളും, ലോകമെമ്പാടുമുള്ള ഫിലിസ്റ്റൈന്മാരുമായ മാന്യന്മാരേ, 1912 ലെ ബാസിൽ മാനിഫെസ്റ്റോയുടെ** മാതൃകയിൽ പുതിയ "ബാസിൽ മാനിഫെസ്റ്റോകൾ" പുറപ്പെടുവിച്ചുകൊണ്ട് സാമ്രാജ്യത്വയുദ്ധത്തെ ചെറുക്കുന്നതിന്റെ പ്രശ്നത്തിൽ നിന്ന് "ഒളിച്ചോടുന്നത്" തുടർന്നുകൊള്ളുക. *ആദ്യത്തെ ബോൾഷെവിക് വിപ്ലവം* ഈ ഭൂമുഖത്തെ *ആദ്യത്തെ നൂറ് ദശലക്ഷം ജനങ്ങളെ* സാമ്രാജ്യത്വ യുദ്ധത്തിന്റെയും സാമ്രാജ്യത്വ ലോകത്തിന്റെയും പിടിയിൽ നിന്ന് മോചിപ്പിച്ചിരിക്കുന്നു. തുടർന്ന് നടക്കുന്ന വിപ്ലവങ്ങൾ അവശേഷിക്കുന്ന മനുഷ്യരാശിയെയും അത്തരം യുദ്ധങ്ങളിൽ നിന്നും അത്തരമൊരു ലോകത്തിൽ നിന്നും മോചിപ്പിക്കും.

* ഈ ഭാഗത്ത് ബ്രായ്ക്കറ്റിൽ കൊടുത്തിരുന്ന ഭാഗം, സുഗമമായ വായനയ്ക്ക് വേണ്ടി അടിക്കുറിപ്പായി ചേർക്കുന്നു. ബ്രായ്ക്കറ്റിലുള്ളത് ലെനിന്റെ ലേഖനത്തിലുള്ളതും, തുടർന്ന് പുറത്തുള്ളത് റഷ്യൻ ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേയ്ക്ക് പരിഭാഷ നടത്തിയയാളുടെ കുറിപ്പുമാണ് - എഡിറ്റർ, യൂണിറ്റി. (പഴയ വർണ്ണവിന്യാസശാസ്ത്രം നിലവിലുണ്ടായിരുന്നെങ്കിൽ ഞാൻ *മിർ* എന്ന വാക്ക്, അതിന്റെ രണ്ട് അർത്ഥവും വ്യക്തമാക്കുന്ന രീതിയിൽ രണ്ട് പ്രകാരത്തിലും എഴുതുമായിരുന്നു) - റഷ്യൻ ഭാഷയിൽ *മിർ* എന്ന വാക്കിന് ലോകം, സമാധാനം എന്നിങ്ങനെ രണ്ട് അർത്ഥങ്ങളുണ്ട്. പഴയ വർണ്ണവിന്യാസശാസ്ത്രമനുസരിച്ച് രണ്ടിനും വ്യത്യസ്ത സ്പെല്ലിംഗ് ആണുള്ളത് - പരിഭാഷകന്റെ കുറിപ്പ്.

** 1912 നവംബർ 24, 25 തിയ്യതികളിൽ ബാസിലിൽ വച്ച് ചേർന്ന അസാധാരണ സാർവ്വദേശീയ സോഷ്യലിസ്റ്റ് കോൺഗ്രസ്സ് യുദ്ധത്തെ സംബന്ധിച്ചുള്ള ഒരു മാനിഫെസ്റ്റോ അംഗീകരിക്കുകയുണ്ടായി. ആ മാനിഫെസ്റ്റോ ഒരു സാമ്രാജ്യത്വ ലോകയുദ്ധം ആസന്നമായിരിക്കുന്നുവെന്ന് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി, ആ യുദ്ധത്തിന്റെ വെട്ടിപ്പിടിത്തപരമായ ലക്ഷ്യങ്ങൾ തുറന്നുകാട്ടി, എല്ലാ രാജ്യങ്ങളിലെയും ജനങ്ങളോട് സമാധാനത്തിന് വേണ്ടി ഉറച്ച നിലപാടെടുക്കാൻ ആഹ്വാനം ചെയ്തു. 1907 ലെ സ്റ്റട്ഗർട്ട് കോൺഗ്രസ്സിന്റെ പ്രമേയത്തിൽ ലെനിന്റെ നിർദ്ദേശപ്രകാരം ഉൾപ്പെടുത്തിയ ഒരു കാര്യം കൂടി ആ മാനിഫെസ്റ്റോയിൽ ഉണ്ടായിരുന്നു. ഒരു സാമ്രാജ്യത്വ യുദ്ധം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ, സോഷ്യലിസ്റ്റുകൾ, തന്മൂലമുണ്ടാകുന്ന സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധിയെ മുതലാളിവർഗ്ഗവാഴ്ചയുടെ പതനത്തെ ത്വരിതപ്പെടുത്താനും സോഷ്യലിസ്റ്റ് വിപ്ലവത്തിന് വേണ്ടി പ്രവർത്തിക്കാനുമായി പ്രയോജനപ്പെടുത്തണം എന്നതായിരുന്നു അക്കാര്യം. ○

# അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്

# ജനങ്ങളെ വഞ്ചിച്ച് കുത്തകകളുടെ ഇഷ്ടക്കാരനായ സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്ത കുതന്ത്രം

**ഏ**കദേശം രണ്ടു വർഷത്തോളം നീണ്ട പ്രചരണങ്ങൾക്കൊടുവിൽ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് സമാപിച്ചിരിക്കുകയാണ്. ഇക്കാലയളവിൽ, ഉദ്വേഗവും സമ്മർദ്ദവും നിറഞ്ഞ ഒരു അന്തരീക്ഷം അമേരിക്കയിൽ മാത്രമല്ല, ലോകമൊട്ടാകെ സൃഷ്ടിക്കപ്പെടുകയുണ്ടായി. ജനാധിപത്യത്തിന്റെ കാവലാളായി സ്വയം വിശേഷിപ്പിക്കുന്ന, ലോകത്തെ ഏറ്റവും സമ്പന്നവും സായുധവുമായ ഈ രാജ്യത്ത് നടക്കുന്നതും നടക്കാൻ പോകുന്നതുമായ സംഭവവികാസങ്ങളിലേക്ക് വിവിധ രാജ്യങ്ങളിലെ ഭരണാധികാരികളും വലിയൊരു വിഭാഗം ജനങ്ങളും ആകർഷിക്കപ്പെട്ടു. അതെ, അവർക്കൊരു പാരമ്പര്യമുണ്ട്. ജനങ്ങൾക്കു വേണ്ടി, ജനങ്ങളാൽ, ജനങ്ങളുടെ എന്ന ബൂർഷ്വാ ജനാധിപത്യത്തിന്റെ മഹത്തായ ആശയം ഒരിക്കൽ ലോകത്തിനു മുന്നിൽ ഉയർത്തിപ്പിടിച്ചത് ഈ രാജ്യമാണ്. എന്നാൽ ഇന്നോ, സമ്പന്നരാൽ, സമ്പന്നർക്കു വേണ്ടി ഭരിക്കപ്പെടുന്ന സമ്പന്ന രാജ്യമായി അമേരിക്ക മാറിയിരിക്കുന്നുവെന്ന് അതിന്റെ സ്വന്തം പൗരന്മാർ പോലും അംഗീകരിക്കുന്നു. എന്തൊക്കെയായാലും, ചിലർക്ക് ആശങ്കയും, മറ്റു ചിലർക്ക് പ്രചോദനവുമായി ഇപ്പോൾ തെരഞ്ഞെടുപ്പു കഴിഞ്ഞതോടെ, എന്തു സംഭവിച്ചു എന്തൊക്കെ സൂചനകളാണിത് നൽകുന്നത് എന്നൊക്കെ കണക്കിലെടുക്കേണ്ടതുണ്ട്.

**സമ്പന്നമായ പ്രചരണം-സമ്പന്നമായ സാമ്പത്തികസ്രോതസ്സുകൾ**

എന്തുകൊണ്ടാണ് ധനികരാൽ ധനികർക്കുവേണ്ടി ഭരിക്കപ്പെടുന്ന രാജ്യമായി യുഎസിനെ വിശേഷിപ്പിക്കുന്നത്? പ്രസിഡന്റ് തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ 260 കോടി അടക്കം, 2012 തെരഞ്ഞെടുപ്പു കാലത്ത് 700 കോടി ഡോളർ എന്ന വമ്പിച്ച തുക ചെലവാക്കി എന്നാണ് കണക്കുകൾ കാണിക്കുന്നത്. മുതലാളിത്ത ലോകത്ത് മറ്റെല്ലാത്തിലുമുള്ള വിലക്കയറ്റം കണക്കിലെടുത്താൽ 2016 തെരഞ്ഞെടുപ്പിൽ ഇതിന്റെ ഇരട്ടി തുക ചെലവായിട്ടുണ്ടാകും. തീർച്ചയായും പാവപ്പെട്ടവർക്ക് എന്തായാലും ഇത്രയും തുക ചെലവാക്കാൻ സാധിക്കില്ല. അപ്പോൾ വാസ്തവം എന്തെന്നാൽ, അമേരിക്കൻ ജനതയുടെ 1% മാത്രം വരുന്ന അതിസമ്പന്നരാണ് ഇക്കാലത്ത് തെരഞ്ഞെടുപ്പു ചെലവിന്റെ 68% വഹിക്കുന്നത്. 1980കളുടെ തുടക്കത്തിൽ പ്രത്യേക താത്പര്യ ഗ്രൂപ്പുകൾ 200 ദശലക്ഷം ഡോളറാണ് യുഎസ് രാഷ്ട്രീയത്തിലെ നേരിട്ടുള്ള ലോബിയിങ്ങിനായി ചെലവഴിച്ചത്. 2002 ൽ ഇത് 180 കോടിയും 2012 ൽ 330 കോടി ഡോളറുമായി - 30 വർഷം കൊണ്ട് ഏകദേശം 7 മടങ്ങ് വർധന.

ധനസമാഹരണത്തിന്റെയും ചെലവാക്കലിന്റെയും ഈ മത്സരത്തിൽ രണ്ടു പ്രമുഖ കക്ഷികളായ റിപ്പബ്ലിക്കൻ പാർട്ടിക്കോ ഡെമോക്രാറ്റിക് പാർട്ടിക്കോ തമ്മിൽ യാതൊരു ഭേദവും കാണാൻ കഴിയില്ല. സാമ്രാജ്യത്വമെന്ന, മുതലാളിത്തത്തിന്റെ മരണാസന്ന ഘട്ടത്തിൽ, ഏതൊരു ബൂർഷ്വാ പാർട്ടിയേയും പോലെ ഒരേ മുഖം തന്നെയാണ് ഈ രണ്ടു കക്ഷികൾക്കും. ഇവരുടെ തലതൊട്ടപ്പന്മാരായ കുത്തകമുതലാളിത്തവും ലോബിയിങ് ഗ്രൂപ്പുകളുമാകട്ടെ, ഇവർക്കു മേൽ അനുഗ്രഹങ്ങൾ വാരിച്ചൊരിയാൻ യാതൊരു പഞ്ഞവും കാണിക്കാറുമില്ല.

**ധനികർ വാഴുന്നു, ദരിദ്രർ തകരുന്നു**

ധനികർക്കു വേണ്ടി ധനികർ ഭരിക്കുന്ന യുഎസ്എ എന്ന ഈ രാജ്യം വാസ്തവത്തിൽ സമ്പന്നരുടെ മാത്രം രാജ്യമാണോ? ചില വസ്തുതകൾ പരിശോധിക്കാം. 1996 മുതൽ, മാന്യമായി ശമ്പളം ലഭിക്കുന്ന ജോലികൾ എണ്ണത്തിൽ കുറയുകയാണ്. അതു കൊണ്ടു തന്നെ, മധ്യവർഗ്ഗത്തിന്റെ, അതായത് പണിയെടുക്കുന്നവരുടെ വരുമാനം നിശ്ചലമായി നിൽക്കുന്നു. 2008 നു സമാനമായി മറ്റൊരു കമ്പോളപ്രതിസന്ധിയിലൂടെ രാജ്യം കടന്നു പോകുമ്പോൾ ജോലിക്കും കൂലിക്കുമായുള്ള സമ്മർദ്ദം കൂടുതൽ വർദ്ധിക്കുകയേ ഉള്ളു. ഇന്ന് രണ്ടു പേരുടെ വരുമാനമുള്ള കുടുംബങ്ങളുടെ അവസ്ഥ, ഒരു തലമുറയ്ക്കുമുമ്പ് ഒരാളുടെ വരുമാനമുള്ള കുടുംബങ്ങളുടെ അവസ്ഥയെക്കാൾ വളരെ മോശമായിരിക്കുന്നു. മൂന്നിലൊന്ന് അമേരിക്കക്കാരും കടക്കാരായിരിക്കുന്നു. 70 ശതമാനം വിദ്യാർത്ഥികളും 18 വയസ്സിനു മുമ്പേ കടക്കാരാകുന്നു. കുറയുന്ന വരുമാനം അവരെ കുടിശ്ശികക്കാരുമാക്കുന്നു.കഴിഞ്ഞവർഷം 820000 കുടുംബങ്ങളേയാണ് അമേരിക്കയിൽ പാപ്പരായി പ്രഖ്യാപിച്ചത്. ഇത് ഡെമോക്രാറ്റിക് സെനറ്ററും ഹാർവാർഡ് സർവ്വകലാശാലയിലെ പണ്ഡിതയുമായ ഒരു വ്യക്തി പറഞ്ഞതാണ്. എന്തുകൊണ്ടാണ് ജനങ്ങൾ ഇത്രയധികം ഞെരുക്കത്തിലാവുന്നത്? സ്വന്തം ചോദ്യത്തിന് അവർ നൽകുന്ന ഉത്തരം ഇതാണ്. "ഇവിടെ മാറ്റം വന്നത് നയത്തിനാണ്. മധ്യവർഗ്ഗത്തെ ശക്തിപ്പെടുത്തുന്ന ഒരു രാജ്യം എന്ന നിലയിൽ നിന്നും സമ്പന്നവർഗ്ഗത്തിനുമേൽ വിശ്വാസമർപ്പിക്കുന്ന ഒരു രാജ്യമായി നമ്മൾ മാറി. ഫലമോ? 1935 മുതൽ 1980 വരെ, സൃഷ്ടിക്കപ്പെട്ട പുതുസമ്പത്തിന്റെ 70% താഴേക്കിടയിലുള്ള 90% ജനങ്ങളിലേക്കും ശേഷിക്കുന്ന 30% മേലേക്കിടയിലുള്ള 10%ലേക്കുമാണ് എത്തിയതെങ്കിൽ, 1980 മുതൽ 2016 വരെ, മേലേത്തട്ടിലുള്ള 10% തന്നെയാണ് സമ്പത്ത് ഏകദേശം മുഴുവനായിത്തന്നെ സ്വന്തമാക്കുന്നത്. അതുകൊണ്ടു തന്നെ അസമത്വം വളരുന്നു, സമ്പന്നർക്കും ദരിദ്രർക്കുമിടയിലെ വിടവ് വർദ്ധിക്കുന്നു.

ആഹാരത്തിനും വസ്ത്രത്തിനും ഉപകരണങ്ങൾക്കുമായി ഒരു സാധാരണ അമേരിക്കക്കാരൻ ചെലവാക്കുന്ന തുകയിൽ ഇന്ന് കുറവുണ്ടായിരിക്കുന്നു. എന്നാൽ 30 വർഷം മുമ്പത്തേക്കാൾ, ഗതാഗതത്തിന് 11%, ഭവനത്തിന് 57% ആരോഗ്യ ഇൻഷുറൻസിന് 104%, കോളേജ് വിദ്യാഭ്യാസത്തിന് 275%, ശിശുസംരക്ഷണത്തിന് 953% എന്നിങ്ങനെ ചെലവുകൾ വർദ്ധിച്ചിരിക്കുന്നു. സ്ഥിരം ചെലവുകൾ താങ്ങാവുന്നതിലുമേറെ ആയിരിക്കുന്നു. യുഎസിലെ കാർ നിർമ്മാണത്തിന്റെ കേന്ദ്രമായിരുന്ന ഡെട്രോയിറ്റ് ഒരു ദയനീയ ഉദാഹരണമാണ്. കുറച്ചുകാലം മുമ്പ് ഇത് കടക്കെണിയിലായി പാപ്പരാക്കപ്പെട്ടു. ഒരുകാലത്ത് വാഹനനിർമ്മാണ രംഗത്ത് പണിയെടുത്തിരുന്ന തൊഴിലാളികൾക്കെല്ലാം കാറുണ്ടായിരുന്നു, കമ്പനി നൽകിയ ആരോഗ്യ ഇൻഷുറൻസ് അടക്കമുള്ള സുരക്ഷ ഉണ്ടായിരുന്നു, എല്ലായിടത്തും സമൃദ്ധി ദൃശ്യമായിരുന്നു. എന്നാലിന്ന് ആറിലൊന്ന് വീടുകളും ആളൊഴിഞ്ഞ് നശിക്കുന്നു. ഭീകരമായ തൊഴിലില്ലായ്മ, സാമൂഹ്യസുരക്ഷ തന്നെ ഇല്ലാതായിരിക്കുന്നു. പെൻഷൻ കൊടുക്കാൻ പോലും നഗരത്തിനു കഴിയുന്നില്ല.ജനം അക്ഷരാർത്ഥത്തിൽ കഷ്ടപ്പെടുന്നു.

ഇത് നഗരത്തിന്റെ മാത്രം ചിത്രമല്ല, രാജ്യമാകെയുള്ള അവസ്ഥയാണ്. രാജ്യമൊട്ടാകെ, വ്യവസായമേഖലയിലെ തൊഴിലുകൾ കുറഞ്ഞ കൂലിചെലവും പരിസ്ഥിതി നിയന്ത്രണങ്ങളും ഉള്ള രാജ്യങ്ങളിലേക്ക്, ചെലവ് കുറയ്ക്കുന്നതിനായി കൈമാറ്റം ചെയ്യപ്പെടുന്നു. ഇതു കൂടാതെ സാമ്പത്തികമാന്ദ്യം മൂലവും നിരവധി തൊഴിലവസരങ്ങൾ 'അപ്രത്യക്ഷമാകുന്നു'. പകരം വരുന്നതാകട്ടെ, കരാർ തൊഴിലുകളും ഭാഗിക ജോലികളുമാണ്. ഇത് മൂലം സാമൂഹികസുരക്ഷ ഇല്ലാതാകുന്നു, കൂടുതൽ സമയം കുറഞ്ഞ കൂലിക്കു പണിയെടുക്കേണ്ടി വരുന്നു, കൂലി തന്നെ വെട്ടിച്ചുരുക്കപ്പെടുന്നു. 2008ലെ സബ്പ്രൈം പ്രതിസന്ധി സൃഷ്ടിച്ച സാമ്പത്തികമാന്ദ്യം തൊഴിലില്ലായ്മയെ കൂടുതൽ രൂക്ഷമാക്കി. ജനങ്ങളുടെ, വിശേഷിച്ചും അധ്വാനിച്ചു ജീവിക്കുന്നവരുടെ ജീവിതനിലവാരത്തിലുള്ള ഇടിവിനോടൊപ്പം തന്നെ, ദാരിദ്ര്യവും അരക്ഷിതാവസ്ഥയും വളരുന്നു. ഭിക്ഷാടനവും കുറ്റകൃത്യങ്ങളും വംശീയസംഘർഷങ്ങൾ അടക്കമുള്ള സാമൂഹിക തിന്മകളും വർദ്ധിക്കുന്നു. യൂണിസെഫ് റിപ്പോർട്ട് പ്രകാരം ദരിദ്രരായ കുട്ടികളുടെ എണ്ണത്തിൽ ഇന്ന് യുഎസ് മുൻപന്തിയിലാണ്. കുറച്ചു ഭക്ഷണത്തിനോ, നിസ്സാര തുകക്കോ പോലും ശരീരം വിൽക്കാൻ വരെ സ്ത്രീകൾ നിർബന്ധിതരാകുന്നു. എന്നിട്ടും സാമ്പത്തിക പുനഃരുജ്ജീവനത്തിന്റെ കഥകൾ എഴുതുകയാണ് ചില നിരീക്ഷകരും സാമ്പത്തികവിദഗ്ദരും. എന്തെങ്കിലും ചെറിയ സാമ്പത്തികമുന്നേറ്റം സൃഷ്ടിക്കപ്പെട്ടതു പോലും ഒരു ശതമാനം വരുന്ന അതിസമ്പന്നർക്കു മാത്രം ഗുണം ചെയ്യുന്നവയാണെന്ന് ബൂർഷ്വാ സാമ്പത്തികവിദഗ്ദർ പോലും സമ്മതിക്കുന്നു. പുറത്തു നിന്നു നോക്കുന്നവർക്ക് അമേരിക്കൻ സമ്പദ്ഘടന വളരെ മഹത്തരമായി തോന്നാം. എന്നാൽ അവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് കാര്യം വളരെ വ്യത്യസ്തമാണ്". ആ ഡെമോക്രാറ്റ് സെനറ്റർ ഇങ്ങനെയാണ് ഉപസംഹരിച്ചത്.

> **സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കുവാനായി തൽസ്ഥിതി തുടരാൻ ആഗ്രഹിക്കുന്ന ഒരു ശതമാനം അതിസമ്പന്നരെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്താൻ ശേഷിക്കുന്ന 99 ശതമാനത്തിനു സാധിക്കുമോ? ഇതായിരുന്നു അമേരിക്കയിലെ അധ്വാനിക്കുന്ന ജനങ്ങൾക്കു മുന്നിലുണ്ടായിരുന്ന പ്രധാന ചോദ്യം. ഈ പൊതുമനസ്സിനെ കുറിച്ച് സ്ഥാനാർത്ഥികളും ബോധവാന്മാരായിരുന്നു. ഭരിക്കുന്ന കുത്തകകളോട് അമിതമായ വിധേയത്വം പുലർത്തുന്ന റിപ്പബ്ലിക്കൻമാർക്കും ഡെമോക്രാറ്റുകൾക്കും ഇടയിലായി ചുരുക്കപ്പെട്ട ഇരുകക്ഷി പാർലമെന്ററി സമ്പ്രദായത്തിലെ വോട്ടു യുദ്ധമാണ് ജനങ്ങൾക്കുമേൽ അമേരിക്കൻ മുതലാളിത്തം അടിച്ചേൽപ്പിച്ചിരിക്കുന്നത്.**

**ഭരിക്കുന്ന കുത്തകകളുടെ ഏറ്റവും വിശ്വസ്തർക്കിടയിലേക്ക് തെരഞ്ഞെടുപ്പ് ചുരുക്കപ്പെടുന്നു**

സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കുവാനായി തൽസ്ഥിതി തുടരാൻ ആഗ്രഹിക്കുന്ന ഒരു ശതമാനം അതിസമ്പന്നരെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്താൻ ശേഷിക്കുന്ന 99 ശതമാനത്തിനു സാധിക്കുമോ? ഇതായിരുന്നു അമേരിക്കയിലെ അധ്വാനിക്കുന്ന ജനങ്ങൾക്കു മുന്നിലുണ്ടായിരുന്ന പ്രധാന ചോദ്യം. ഈ പൊതുമനസ്സിനെ കുറിച്ച് സ്ഥാനാർത്ഥികളും ബോധവാന്മാരായിരുന്നു. ഭരിക്കുന്ന കുത്തകകളോട് അമിതമായ വിധേയത്വം പുലർത്തുന്ന റിപ്പബ്ലിക്കൻമാർക്കും ഡെമോക്രാറ്റുകൾക്കും ഇടയിലായി ചുരുക്കപ്പെട്ട ഇരുകക്ഷി പാർലമെന്ററി സമ്പ്രദായത്തിലെ വോട്ടു യുദ്ധമാണ് ജനങ്ങൾക്കുമേൽ അമേരിക്കൻ മുതലാളിത്തം അടിച്ചേൽപ്പിച്ചിരിക്കുന്നത്. തുടക്കത്തിൽ സ്ഥാനാർത്ഥി സാധ്യതകളിൽ ഏറ്റവും മുന്നിലേക്കു വന്നത് 3 പേരാണ്. ഡെമോക്രാറ്റുകളിൽ ബെർണി സാൻഡേർസും ഹിലരി ക്ലിന്റണും, റിപ്പബ്ലിക്കൻമാരിൽ ഡൊണാൾഡ് ട്രംപും. മൂന്നു പേരും, പൊതുജനപിന്തുണ തങ്ങൾക്ക് അനുകൂലമാക്കാൻ തങ്ങളുടേതായ രീതികളിൽ ജനങ്ങളിൽ വലിയൊരു വിഭാഗത്തിന്റെ സാമ്പത്തികപ്രയാസങ്ങളെ കുറിച്ചാണ് സംസാരിച്ചത്. എന്നാൽ പ്രചരണവഴിയിൽ കടുത്ത വസ്തുതകൾ മുന്നിലേക്കു വന്നു. ഇവരിൽ, വാൾസ്ട്രീറ്റ് പിടിച്ചടക്കൽ സമരത്തിലെ അംഗങ്ങളുടെയടക്കം, വലിയൊരു വിഭാഗം യുവാക്കളുടേയും പുരോഗമന ചിന്താഗതിക്കാരുടേയും പിന്തുണ നേടിയത് ബെർണി സാൻഡെർസിന്റെ ശബ്ദത്തിനാണ്. അഞ്ചു ഡോളറും പത്തു ഡോളറുമൊക്കെയായി പതിനായിരക്കണക്കിന് സാധാരണക്കാരും ദരിദ്രരുമാണ് അദ്ദേഹത്തിന്റെ പ്രചരണത്തിനായി സംഭാവന നൽകിയത്. സാമ്പത്തികഘടനയിലേക്കും തൊഴിലാളികളുടെ അവസരങ്ങളെ ഞെരുക്കുന്ന വമ്പൻ വാണിജ്യലോബികളുടെ കരുത്തിലേക്കുമാണ് സാൻഡേർസ് വിരൽ ചൂണ്ടിയത്. അമേരിക്കൻ ബഹുരാഷ്ട്ര കുത്തകകൾക്ക് നിർമ്മാണവും വ്യവസായവുമൊക്കെ രാജ്യത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നത് ബുദ്ധിമുട്ടാക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പ്രസിഡന്റ് സ്ഥാനാർത്ഥിത്വത്തിനായി ഹിലരിയുമായി മൽസരിച്ച അദ്ദേഹം, യുഎസിലെ ഊഹക്കച്ചവട കേന്ദ്രമായ വാൾസ്ട്രീറ്റുമായി ഈ മുൻപ്രഥമ വനിതക്കുള്ള അടുത്ത ബന്ധത്തെ നിരന്തരം ആക്രമിച്ചു. എന്നാൽ ഡെമോക്രാറ്റിക് പാർട്ടിക്കുള്ളിൽ സ്ഥാനാർത്ഥിയെ നിശ്ചയിക്കേണ്ട പ്രതിനിധികൾക്ക് സാൻഡേർസിന്റെ ഈ വിപ്ലവകരമായ വ്യത്യസ്ത സമീപനം ദഹിച്ചില്ല. ബഹുരാഷ്ട്ര കുത്തകകളും വമ്പൻ കോർപ്പറേറ്റുകളുടേയും സഹായം സാൻഡേർസിനു കിട്ടില്ല എന്നു ഭയന്ന് അവർ തങ്ങളുടെ പ്രിയസ്ഥാനാർത്ഥിയായി ഹിലരിയെ തെരഞ്ഞെടുത്തു. അങ്ങനെ സാൻഡേർസ് പാതി വഴിയിൽ പുറത്താക്കപ്പെട്ടു. ജനങ്ങൾക്കു മുന്നിൽ രണ്ടു സ്ഥാനാർത്ഥികൾ മാത്രം അവശേഷിച്ചു. അവരേക്കുറിച്ച് സാധാരണക്കാർക്കുണ്ടായിരുന്ന അഭിപ്രായം ഇങ്ങനെയായിരുന്നു: "എനിക്കവരെ രണ്ടു പേരേയും ഇഷ്ടമല്ല, ഇവരിൽ ആരു ജയിച്ചാലും ഞങ്ങൾക്കായി ഒന്നും ചെയ്യില്ല"

**ഹിലരി ക്ലിന്റൺ - ചരിത്രം**

ഹിലരി ക്ലിന്റൺ എന്ന മുൻ പ്രഥമവനിത, മുൻ പ്രസിഡന്റ് ബിൽ ക്ലിന്റണിന്റെ പത്നി, ബാരക്ക് ഒബാമ ഭരണത്തിലെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് - എന്നും അമേരിക്കൻ കുത്തകകളുടെ കണ്ണിലെ കൃഷ്ണമണിയായിരുന്നു. സാൻഡെർസിനു ലഭിച്ച വമ്പിച്ച ബഹുജനപിന്തുണ, കുറച്ച് ഇടതുപക്ഷ വാചാടോപം സ്വീകരിക്കാൻ ഹിലരിയെ നിർബന്ധിതയാക്കി. സാൻഡേർസിനെ പോലെ അവരും ഭീമമായ വിദ്യാഭ്യാസ വായ്പകളെ കുറിച്ചും, തെരഞ്ഞെടുപ്പുപ്രചരണത്തിന്റെ സാമ്പത്തിക സഹായത്തിനു വരുത്തേണ്ട പരിഷ്കാരങ്ങളെ കുറിച്ചും പരാമർശിക്കുകയുണ്ടായി. വളരുന്ന അസമത്വത്തിനുള്ള പരിഹാരം പോലും അവർ ആവശ്യപ്പെട്ടു. അവരുടെ ചടങ്ങുകൾ തടസ്സപ്പെടുത്തുക വരെ ചെയ്ത 'ബ്ലാക്ക് ലൈവ്സ് മാറ്റർ' പ്രസ്ഥാനവും, പോലീസ് കൊലപാതകങ്ങൾക്കെതിരേ തെരുവിൽ നടക്കുന്ന കലാപങ്ങളും, പോലീസ് ഭീകരതയുടെ ഇരകളുടെ മാതാക്കളുമായി തന്റെ പ്രചരണവേദികൾ പങ്കിടാൻ അവരെ നിർബന്ധിതയാക്കി. എന്നാൽ ഇതൊന്നും തന്നെ അവരുടെ മുൻകാലചരിത്രത്തേയോ, വലതുപക്ഷ ചായ്‌വിനേയോ മറയ്ക്കാൻ പര്യാപ്തമായില്ല.

(ശേഷം 7-ാം പേജിൽ)

## അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്

# കുത്തകകളുടെ വിശ്വസ്തർക്കിടയിലേയ്ക്ക് തെരഞ്ഞെടുപ്പ് ചുരുക്കപ്പെടുന്നു

(6-ാം പേജിൽ നിന്ന്)

അരികു പറ്റി ജീവിക്കേണ്ടിവരുന്ന ദരിദ്രർക്ക് ഏറ്റവും കുറഞ്ഞ വരുമാനം നൽകിയിരുന്ന ക്ഷേമസംവിധാനം നിർത്തലാക്കിയത് 1996-ൽ ബിൽ ക്ലിന്റനാണ്. ഇത് കുട്ടികളുള്ള ദരിദ്രസ്ത്രീകളേയാണ് കൂടുതലും ബാധിച്ചത്. പ്രത്യേകിച്ചും ആ രാജ്യത്തിന്റെ വെറുപ്പുളവാക്കുന്ന വംശീയ ചരിത്രം മൂലം ഏറ്റവും താഴേത്തട്ടിലേക്ക് തള്ളിയിടപ്പെട്ട കറുത്ത വർഗ്ഗക്കാരെ. ഹിലരി ക്ലിന്റൺ തന്നെ 'ഹാർഡ് ചോയിസസ്' എന്ന തന്റെ ആത്മകഥയിൽ പറയുന്നു, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഹോണ്ടുറാസ് പ്രസിഡന്റിനെ അട്ടിമറിയിലൂടെ പുറത്താക്കി, അതുവഴി ജനാധിപത്യത്തെ മറന്നു കൊണ്ടാണെങ്കിലും, അമേരിക്കൻ അനുകൂല സ്ഥിരത മധ്യ അമേരിക്കയിൽ കൊണ്ടുവരാനും യുഎസ് സെക്രട്ടറി ഓഫ് സ്റ്റേറ്റ് എന്ന തന്റെ അധികാരം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന്. ഇറാഖിന്റെ നശീകരണം, ലിബിയയിലെ പ്രതിവിപ്ലവത്തെ പിന്തുണയ്ക്കൽ, സിറിയയെ അസ്ഥിരപ്പെടുത്തൽ എന്നിവയിലൂടെ ദശലക്ഷങ്ങൾക്ക് മരണവും ദുരന്തവും വരുത്താൻ കൂട്ടുനിന്നുവെന്നും ഹിലരി കുറ്റസ്സമ്മതം നടത്തുന്നു. അതുകൊണ്ടുതന്നെ, യുദ്ധങ്ങളും ജനവിരുദ്ധ നയങ്ങളും അടിച്ചേൽപ്പിച്ചതിലൂടെ ദുരിതത്തിലായ ജനങ്ങൾക്ക് ഹിലരിയുടെ സ്ഥാനാർഥിത്വത്തിൽ തങ്ങളുടെ ദുരിതങ്ങൾക്ക് വിശ്വസനീയമായ ഒരു പരിഹാരമോ ബദലോ കണ്ടെത്താൻ കഴിഞ്ഞില്ല. തന്നെയുമല്ല, വ്യവസ്ഥിതിയുടെ ഭാഗമായാണ് അവരെ കാണാൻ സാധിച്ചതും.

### ഡൊണാൾഡ് ട്രംപും ബുദ്ധിപൂർവ്വം ആസൂത്രണം ചെയ്ത വാചാടോപവും

ഇനി മാധ്യമങ്ങൾ സ്നേഹത്തോടെ ഡോൺ എന്നു വിശേഷിപ്പിക്കുന്ന ഡൊണാൾഡ് ട്രംപിനെ നോക്കാം. രാഷ്ട്രീയത്തിൽ താരതമ്യേന പുതുമുഖമായ, മനഃസ്സാക്ഷിക്കുത്തില്ലാത്ത തന്ത്രശാലിയായ വ്യവസായഭീമൻ. ഒപ്പം, റിയാലിറ്റി ഷോ രംഗത്തും കഴിവു തെളിയിച്ചിട്ടുള്ള ട്രംപ്, ആളുകളുടെ സാമ്പത്തിക അരക്ഷിതാവസ്ഥയെയും ദുരിതങ്ങളെയും കുറിച്ച് വികാരത്തെ തട്ടുന്ന വിധത്തിൽ കുറിക്കുകൊള്ളുന്ന വാചകക്കസർത്തു നടത്താൻ പ്രാഗൽഭ്യം സിദ്ധിച്ചയാളുമാണ്. അവർക്കുമേൽ അത് അടിച്ചേൽപ്പിച്ചതാകട്ടെ ആഗോളവൽക്കരണവും കുത്തകഭരണവുമാണ് താനും. അതുകൊണ്ടു തന്നെ ബാങ്കുകൾക്കു നേരേയാണ് ട്രംപും വിരൽ ചൂണ്ടിയത്. അതേസമയം തന്നെ അമേരിക്കയിലെ കുടിയേറ്റക്കാരെ കുഴപ്പത്തിലാക്കിക്കൊണ്ട് വംശീയ ധ്വനിയോടെ ആക്രമണം നടത്താനും അയാൾ മടിച്ചില്ല. അമേരിക്കയിലെ വെള്ളക്കാരായ ജനങ്ങളുടെ തൊഴിലുകൾ തട്ടിയെടുക്കുന്നത് കുടിയേറ്റക്കാരാണെന്നും അവരുടെ സാമൂഹികസുരക്ഷയുടെ കൂടി ഭാരം പേറേണ്ടി വരുന്നതും തദ്ദേശീയർക്കാണെന്നുമാണ് അയാൾ ആരോപിച്ചത്. മെക്സിക്കൻ കുടിയേറ്റക്കാരെ ക്രിമിനലുകളും മയക്കുമരുന്നു കടത്തുകാരുമൊക്കെയായി അയാൾ വിശേഷിപ്പിച്ചു.

യുഎസിനും മെക്സിക്കോക്കും ഇടയിലെ അതിർത്തിയിൽ മെക്സിക്കോയുടെ ചെലവിൽ മതിൽ പണിയാൻ നയപരമായ തീരുമാനമെടുക്കുമെന്നും മതിയായ രേഖകളില്ലാത്ത എല്ലാ കുടിയേറ്റക്കാരേയും നാടു കടത്തുമെന്നും പ്രഖ്യാപനമുണ്ടായി. മതിയായ രേഖകൾ ഇല്ലാത്ത എന്ന പ്രയോഗം കേവലം ആലങ്കാരികം മാത്രമായിരുന്നു. കാരണം അതിനോടകം തന്നെ ആശയക്കുഴപ്പത്തിലായ ഒരു വിഭാഗം അമേരിക്കക്കാർക്കിടയിൽ, തങ്ങളുടെ തൊഴിലുകൾ കൊണ്ടുപോകുന്നത് കുടിയേറ്റക്കാരാണെന്ന വിലകുറഞ്ഞ അടിസ്ഥാനരഹിതമായ സിദ്ധാന്തം വേരുറപ്പിക്കുകയും അവരോട് അമർഷം രൂപപ്പെടുകയും ചെയ്തു. അതുപോലെ തന്നെ, ഇന്ത്യക്കാരടക്കം വിദേശികളായ നിരവധി വിദഗ്ദ തൊഴിലാളികളെ അമേരിക്കയിലെത്തിക്കുന്ന എച്ച്-1 ബി വിസ അവസാനിപ്പിക്കുമെന്ന മുദ്രാവാക്യവും ഒരു വിഭാഗത്തിന്റെയുള്ളിൽ വെറുപ്പിന്റെ മനോഭാവം ജനിപ്പിച്ചു. ട്രംപിന്റെ പ്രചരണത്തിന്റെ മറ്റൊരു കാതലായ വശം, മുസ്ലീംങ്ങളെ ഒന്നടങ്കം തീവ്രവാദികളായി മുദ്രകുത്തിക്കൊണ്ട്, അവരെ അമേരിക്കയിൽ കാലു കുത്താൻ അനുവദിക്കില്ല എന്ന പ്രഖ്യാപനമാണ്. കറുത്ത വർഗ്ഗക്കാരനായ ആദ്യ അമേരിക്കൻ പ്രസിഡന്റ് ബാരക്ക് ഒബാമക്കെതിരേ, അദ്ദേഹം മുസ്ലീമാണ്, അമേരിക്കക്കാരനല്ല എന്ന മട്ടിലുള്ള പ്രചാരണങ്ങളും ട്രംപ് നടത്തി. വസ്തുതകൾ മറിച്ചാണ് താനും. അമേരിക്കയിൽ തന്നെ ജനിച്ച കൃസ്ത്യൻ വംശജനാണ് ഒബാമ എന്നത് രേഖകൾ പ്രകാരം തന്നെ എന്നേ തെളിയിക്കപ്പെട്ടതാണ്. സാമ്പത്തികരംഗത്താകട്ടെ, വംശീയ സംരക്ഷണത്തിലൂന്നിക്കൊണ്ട്, താരിഫ് നിരക്കുകൾ ഉയർത്തി, അമേരിക്കയെ വീണ്ടും മഹത്ത്വവൽക്കരിക്കും എന്നതാണ് പ്രഖ്യാപനം.

**അമേരിക്കൻ സാമ്രാജ്യത്വഭരണാധികാരികളുടെ ക്രൂരമായ ചൂഷണത്തിനും അടിച്ചമർത്തലിനും കീഴിൽ ചതഞ്ഞമരുന്ന അമേരിക്കൻജനത തീവ്രമായി പുറത്തേക്കുള്ള വഴിതേടുകയാണ്. വാൾ സ്ട്രീറ്റ് പിടിച്ചടക്കൽ സമരം ഇതിനൊരു തിളങ്ങുന്ന ഉദാഹരണമാണ്. ഇപ്പോൾ യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ബെർണി സാൻഡേർസിനു ലഭിച്ച പിന്തുണ, ട്രംപിന്റെ വിജയത്തിനെതിരേ വ്യാപകവും ശക്തവുമായ പ്രതിഷേധം, ഇതെല്ലാം നിലനിൽക്കുന്ന വ്യവസ്ഥിതിക്കെതിരേ അമേരിക്കൻ ജനതയിൽ വളരുന്ന അമർഷത്തെ തന്നെയാണ് തുറന്നുകാട്ടുന്നത്.**

കോർപ്പറേഷനുകളെയും, മാധ്യമങ്ങളേയും ഹിലരിയേയും ഒബാമയേയുമെല്ലാം ഒരു വിശാല ഗൂഢാലോചനയുടെ ഭാഗമായി കൂട്ടിക്കെട്ടിക്കൊണ്ട് ട്രംപ് നടത്തിയ പ്രചരണം, ലോകമൊട്ടാകെ തങ്ങളുടെ ആക്രമണങ്ങൾ നടപ്പാക്കിയെടുക്കാൻ അമേരിക്കൻഭരണകൂടം കാണിക്കുന്ന തന്ത്രങ്ങളുമായി കൃത്യമായി യോജിക്കുന്നതായിരുന്നു. അമേരിക്കൻ യുദ്ധതൽപ്പരതയുടെ ഖേദരഹിതമായ അംഗീകാരം തന്നെയായിരുന്നു അത്. മാത്രമല്ല അമേരിക്കൻ സ്ഥാപനങ്ങളെ മേലിൽ വിശ്വസിക്കാത്ത മനോവിഭ്രാന്തിയും കോപവും നിറഞ്ഞ ഒരു ജനവിഭാഗത്തെ കെട്ടഴിച്ചു വിടാനും അത് ധാരാളമായിരുന്നു.

രണ്ടു തരത്തിലുള്ള പ്രതികരണങ്ങൾക്കാണ് ഇത് ജന്മം നൽകിയത്. ഒരു റിപ്പബ്ലിക്കൻ സെനറ്റർ പറഞ്ഞതിങ്ങനെയാണ് "നമ്മൾ ട്രംപിനെ നാമനിർദ്ദേശം ചെയ്താൽ നമ്മൾ നശിക്കും നമ്മളത് അർഹിക്കുകയും ചെയ്യും". വിദേശ ശക്തികളിൽ നിന്നും യുഎസ് സമ്പദ്വ്യവസ്ഥയെ സംരക്ഷിക്കാൻ ട്രംപ് താരിഫുകൾ എത്രത്തോളം ഉയർത്തിയാലും അതുകൊണ്ടൊന്നും ആഭ്യന്തര നിർമ്മാണ വ്യവസായത്തെ രക്ഷിക്കാൻ സാധിക്കില്ലെന്നാണ് പൊതുവേ ഭയപ്പെടുന്നത്. മറുവശത്ത്, വെള്ളക്കാരുടെ മേധാവിത്വം പ്രഘോഷിക്കുന്ന ഭ്രാന്തു പിടിച്ച 'കു ക്ലക്സ് ക്ലാൻ' എന്ന സംഘടനയുടെ ഒരു മാർഗ്ഗദർശി വെള്ളക്കാരായ തന്റെ റേഡിയോ ശ്രോതാക്കളോട് പറഞ്ഞത്, ഡൊണാൾഡ് ട്രംപിനല്ലാതെ മറ്റാർക്ക് വോട്ടു ചെയ്താലും, ചെയ്യുന്നവർ 'തങ്ങളുടെ പാരമ്പര്യത്തെ വഞ്ചിക്കുകയാകും' എന്നാണ്. 'രാഷ്ട്രീയക്കാർക്ക് വളരെ സമ്പന്നമായി സംഭാവന ചെയ്യുന്ന സാമ്പത്തിക മേലാളന്മാരെ സൃഷ്ടിച്ച ആഗോളവൽക്കരണം നമ്മുടെ ദശലക്ഷക്കണക്കിനു തൊഴിലാളികൾക്ക് ദാരിദ്ര്യവും തലവേദനയുമല്ലാതെ മറ്റൊന്നും നൽകിയിട്ടില്ല.' ഇതു പോലെയുള്ള ട്രംപിന്റെ പ്രഖ്യാപനങ്ങൾ പഴയ ഉരുക്കുവ്യവസായ തൊഴിലാളികളുടേയും മുൻകർഷകരുടേയും വീടുകളിൽ നിറയുന്ന വികാരങ്ങളുമായി ചേർന്ന് പ്രതിധ്വനിച്ചു. അമേരിക്കൻ സ്ഥാപനങ്ങൾ, അവിടുത്തെ അങ്ങേയറ്റം പക്ഷപാതപരമായ തെരഞ്ഞെടുപ്പ് നിയമങ്ങളടക്കം, വിശേഷിച്ചും അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരായവരോട് ഒട്ടും നീതിപൂർവ്വമായിരുന്നില്ല. ഇന്ന്, ഔദ്യോഗിക കണക്കുകൾ പ്രകാരം തന്നെ വെള്ളക്കാരായ പുരുഷന്മാരേക്കാൾ കറുത്തവരായ പുരുഷന്മാർക്ക് ജയിലിൽ അടയ്ക്കപ്പെടാൻ അഞ്ചിരട്ടി സാധ്യത കൂടുതലാണന്ന് കാണുന്നു. 2014-ൽ വോട്ടവകാശമുള്ള കറുത്തവർഗ്ഗക്കാരായ എട്ടിലൊന്ന് പുരുഷന്മാരേയും വോട്ട് ചെയ്യാൻ അയോഗ്യരാക്കി. വ്യവസ്ഥാപിതമായ ഇത്തരം വിവേചനങ്ങളും ഇല്ലായ്മകളും മൂലം മനംമടുത്ത കറുത്ത വർഗ്ഗക്കാരിൽ ഒരു വിഭാഗവും മതിയായ രാഷ്ട്രീയ ബോധത്തിന്റെ അഭാവത്തിൽ ഈ പ്രചരണത്തിൽ വീഴുകയും അതിനാൽ വഴിതെറ്റിക്കപ്പെടുകയും ചെയ്തു. ഇവരെയൊക്കെ സംബന്ധിച്ചിടത്തോളം ആഗോളവൽക്കരണത്തിന്റെ ഇരകളായവർ-കർഷകർ, വ്യവസായതൊഴിലാളികൾ, ജനങ്ങൾ- ഇവർക്കൊക്കെ മുമ്പിൽ തങ്ങൾക്കുവേണ്ടി സംസാരിക്കുകയെങ്കിലും ചെയ്യുന്ന ഒരാളായാണ് ട്രംപ് പ്രത്യക്ഷപ്പെടുന്നത്. ഇവരൊക്കെയും നിലനിൽപ്പിനായി ഒരു ജോലി കണ്ടുപിടിക്കാൻ കഷ്ടപ്പെടുകയോ ഒന്നിലേറെ ജോലികൾ ചെയ്യുകയോ ഒക്കെ ചെയ്യേണ്ടവരാണ്.

ചുരുക്കി പറഞ്ഞാൽ, ട്രംപ് തന്റെ പ്രചരണത്തിൽ ചില വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് മുന്നോട്ട് പോയത്. (1) സാധാരണ അമേരിക്കൻ ജനതയിൽ ഉടലെടുത്തിരിക്കുന്ന വ്യവസ്ഥാപിത സമ്പ്രദായങ്ങളോടുള്ളഎതിർപ്പ് മുതലെടുക്കുക (2) ആഗോളവൽക്കരണം, കോർപ്പറേറ്റ് ചൂഷണം, 'വാഷിംഗ്ടൺ ചതുപ്പ്' എന്ന് വിശേഷിപ്പിക്കുന്ന യുഎസ് ഭരണകൂടം എന്നിവയുടെയെല്ലാം വിമർശകൻ എന്ന പ്രതിച്ഛായ വളർത്തിയെടുക്കുക, (3) അതേസമയം തന്നെ കുടിയേറ്റക്കാർക്കും മുസ്ലിങ്ങൾക്കുമെതിരെ വിരൽ ചൂണ്ടികൊണ്ട് കറുത്ത വർഗ്ഗക്കാർക്കെതിരേ വംശീയ വികാരം വളർത്തി, അധ്വാനിക്കുന്ന അമേരിക്കൻ ബഹുജനങ്ങളിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ അവിശ്വാസത്തിന്റേയും വെറുപ്പിന്റേയും ശത്രുതയുടെപോലും വിത്തുകൾ ട്രംപ് വിതച്ചു. ഇതിലൂടെ നിർദ്ദയമായ മുതലാളിത്ത ചൂഷണത്തിനെതിരെ ജനങ്ങളുടെ ഐക്യം രൂപപ്പെടുന്നത് തടസ്സപ്പെടുത്തുക എന്ന ലക്ഷ്യമാണുള്ളത്. എന്നാൽ നിർഭാഗ്യവശാൽ ഇത്തരം വഞ്ചനാത്മകമായ പുലമ്പലുകൾക്കു പിന്നിലെ ഹീനലക്ഷ്യങ്ങൾ മനസ്സിലാക്കാൻ മതിയായ രാഷ്ട്രീയബോധത്തിന്റെ അഭാവം മൂലം സാധിക്കാതെ,വലിയൊരു വിഭാഗം അമേരിക്കൻ ജനങ്ങളും ഇത്തരം വിദ്വേഷമുള്ള വാക്കുകളാൽ വശീകരിക്കപ്പെട്ടപ്പോൾ ഭരിക്കുന്ന കുത്തകകൾക്കാണ് അത് നേട്ടമായത്.

### സംവാദം എന്ന പ്രഹസനം

സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ നിരവധി പ്രശ്നങ്ങളാൽ അമേരിക്കയിലെ ജനങ്ങൾ വലയുമ്പോഴും, പ്രധാന സ്ഥാനാർത്ഥികളായ ഹിലരിയും ട്രംപും തമ്മിൽ നടന്ന നേർക്കുനേർ സംവാദങ്ങളിൽ അവയൊന്നും തന്നെ വിഷയമാവുകയുണ്ടായില്ല. പകരം കണ്ടതോ, ഏറ്റവും താണനിലാവരത്തിലേക്ക് വീണ വ്യകതിപരമായ ആക്രമണങ്ങളും ചെളിവാരിയെറിയലും വ്യക്തിഹത്യയും. ഇന്നത്തെ ബൂർഷ്വാ രാഷ്ട്രീയം എത്രത്തോളം പാപ്പരായെന്നും നിലവാരം കുറഞ്ഞ സംസ്ക്കാരവും മോശം ഭാഷയും അശ്ലീല പദപ്രയോഗങ്ങളും രാഷ്ട്രീയ ചർച്ചകളുടെ അടിസ്ഥാനമായി എത്രത്തോളം സ്ഥാപിക്കപ്പെടുന്നു എന്നും- അതും രാജ്യഭരണത്തിന്റെ ഏറ്റവും പരമോന്നത സ്ഥാനം കാംക്ഷിക്കുന്ന വ്യക്തിത്വങ്ങളാൽ, എന്നുള്ളതാണ് ഇത് നമുക്ക് മുന്നിലേക്ക് കൊണ്ടുവരുന്നത്.

### കൗശലപൂർവ്വമുള്ള പ്രചരണത്തിന് പിന്നിലെ ഭീകരത

ട്രംപിന്റെ പല പ്രഖ്യാപനങ്ങളും ജനത്തെ തെറ്റിദ്ധരിപ്പിച്ച് ഒപ്പം കൂട്ടാനുള്ള തിരഞ്ഞെടുപ്പു തന്ത്രങ്ങളായിരുന്നു എന്നത് വിജയിച്ചതിനു ശേഷം ഒന്നിനു പുറകെ ഒന്നായി ഓരോ വിഷയത്തിലുമുള്ള അദ്ദേഹത്തിന്റെ നിലപാടുമാറ്റം ഇന്ന് വെളിവാക്കുന്നുണ്ട്. കുടിയേറ്റക്കാരുടേയും മുസ്ലീംങ്ങളുടേയും വിഷയത്തിൽ എത്രത്തോളം അയാൾ പോകും, എത്രത്തോളം മൃദു സമീപനം സ്വീകരിക്കും എന്നത് കാത്തിരുന്നുതന്നെ കാണണം. ഭരിക്കുന്ന അമേരിക്കൻ കുത്തകകളുടെ വിശ്വസ്ത പ്രതിനിധി എന്ന നിലയിൽ ഈ വിഷയങ്ങളിൽ എല്ലാംതന്നെ അമേരിക്കൻ ബഹുജനങ്ങൾക്കിടയിൽ രൂപപ്പെട്ട ഭിന്നിപ്പിനെ വളർത്തുവാനായില്ലെങ്കിലും നിലനിർത്തുവാനെങ്കിലുമാകും ട്രംപിന്റെ ശ്രമം. എന്നാൽ ട്രംപ് ഇതിൽ നിന്ന് പിന്തിരിയുമെന്ന് ചില നിരീക്ഷകർ പ്രതീക്ഷിക്കുന്നു. അവരുടെ വാദം ശരിയെന്നു തെളിയിക്കപ്പെട്ടാലും ട്രംപ് ഇതിനോടകം ആളിക്കത്തിച്ച വിദ്വേഷവും അവിശ്വാസവും ശത്രുതയും സമൂഹത്തിൽ നിലനിൽക്കും, ഒരു പക്ഷേ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യും. വംശീയവും വർഗ്ഗീയവും, നിറത്തിന്റെ പേരിലുമൊക്കെ ഇന്നു നടക്കുന്ന ഒറ്റപ്പെട്ടതും എന്നാൽ അടിക്കടി ഉണ്ടാകുന്നതുമായ അക്രമങ്ങൾ ഈ ദയനീയ യാഥാർഥ്യത്തെ സാധൂകരിക്കുന്നു. വെള്ളക്കാരുടെ മേൽക്കോയ്മക്കായി വാദിക്കുന്ന ചില ഘടകങ്ങൾ വെളിപ്പെടുത്തുന്നത്, അവരുടെ അണികൾ ഇപ്പോൾ തന്നെ തങ്ങളുടേതായ ജീവിത രീതിയെ സംരക്ഷിക്കുവാനായി തയ്യാറെടുക്കുന്നുവെന്നത്രേ. വംശീയതയും, സ്ത്രീകൾക്ക് ഗർഭഛിദ്രത്തിനുള്ള അവകാശം നിഷേധിക്കലും കുടിയേറ്റക്കാരെ ആക്രമിക്കലും ഒക്കെ ഉൾപ്പെടുന്നതാണ് അവരുടെ ഈ ജീവിത രീതി.

### എത്രത്തോളം നീതിയുക്തമാണ് തെരഞ്ഞെടുപ്പ് പ്രക്രിയ

ഏറ്റവും മോശം മനോഭാവം വളർത്തുന്ന സ്ഥാനാർത്ഥി വിജയിക്കുന്നതായി ഭവിച്ചു യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ്. ഇതോടൊപ്പം തെരഞ്ഞെടുപ്പ് സംവിധാനത്തിലും പ്രക്രിയയിലും അന്തർലീനമായിരിക്കുന്ന വഞ്ചനയും തെറ്റിദ്ധരിപ്പിക്കലുകളും വെളിവാകുകയും ചെയ്തു. പണ്ടും അതുപോലെ തന്നെ ഇപ്പോഴും ഇലക്ട്രോണിക്ക് വോട്ടിംഗ് മെഷീനിൽ കൃത്രിമം കാട്ടി എന്ന ആരോപണം ഉയർന്നിട്ടുണ്ട്. ഹിലരിയുടെ പ്രചരണത്തിന്റെ ചുമതലയുണ്ടായിരിക്കുന്നവരോട്, വിസ്കോൺസി, മിഷിഗൺ, പെൻസിൽവാനിയ എന്നീ പ്രധാന സംസ്ഥാനങ്ങളിൽ വീണ്ടും വോട്ടെണ്ണാൻ ആവശ്യപ്പെടണം എന്ന് യുഎസിലെ പ്രമുഖരായ ചില കമ്പ്യൂട്ടർ വിദഗ്ദ്ധർ തന്നെ അഭ്യർത്ഥിക്കുകയുണ്ടായി. ട്രംപ് ജയിച്ച ഈ സംസ്ഥാനങ്ങളിൽ കൃത്രിമം നടന്നൂ എന്ന് അവർ ആരോപിക്കുന്നു. ഇത് കൂടാതെ വോട്ടർപട്ടികയിൽ കൃത്രിമം കാട്ടി എന്നും പട്ടികയിൽ നിന്നും ഒരു പ്രത്യേക സമുദായത്തിലെ അർഹരായ വോട്ടർമാരെ ഒഴിവാക്കി എന്നും പോളിംഗ് കേന്ദ്രങ്ങളിൽ എത്തുന്നതിൽ നിന്നും ചില വോട്ടർമാരെ തടഞ്ഞു എന്നുമൊക്കെ നിരന്തരമായ ആരോപണങ്ങൾ ഉയരുന്നുണ്ട്. തന്റെ പ്രചരണത്തിന്റെ ചില സന്ദർഭങ്ങളിൽ, തെരഞ്ഞെടുപ്പിൽ കൃത്രിമം കാട്ടാനുള്ള ശ്രമങ്ങൾ നടക്കുന്നതായി ട്രംപ് തന്നെ ആരോപണം ഉന്നയിച്ചിരുന്നു. തെരഞ്ഞെടുപ്പ് പ്രക്രിയ, തിരിമറികൾ നടത്തുന്നതിൽ നിന്നും മുക്തമല്ല എന്നാണിത് കാണിക്കുന്നത്. ഇതെല്ലാം തന്നെ ഒരു കാര്യം സംശയലേശമെന്യേ തെളിയിക്കുന്നു. ഭരിക്കുന്ന കുത്തകകൾക്ക് വിധേയരായ ഭരണകൂടം നടത്തിയ കൈകടത്തലിൽ നിന്നും തെരഞ്ഞെടുപ്പ് ഒട്ടും തന്നെ മുക്തമായിരുന്നില്ല. തീർച്ചയായും കുത്തകകൾക്ക് താല്പര്യമുള്ള

(ശേഷം 8-ാം പേജിൽ)

## അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്

# മുതലാളിത്ത വ്യവസ്ഥയ്ക്കെതിരെ അമേരിക്കയിൽ പ്രതിഷേധം വളരുന്നു

(7-ാം പേജിൽ നിന്ന്)

സ്ഥാനാർത്ഥിയെ മുന്നിലേക്ക് തള്ളിക്കൊണ്ട് വരിക എന്നതുതന്നെയായിരുന്നു ഇതിന്റെ ഉദ്ദേശം. ഇത് വാസ്തവത്തിൽ എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളിലേയും തെരഞ്ഞെടുപ്പിന്റെ പൊതു സ്വഭാവമായി മാറിയിരിക്കുന്നു.

**തെരഞ്ഞെടുപ്പ് ഫലത്തിലേക്കെത്തുമ്പോൾ**

യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് പ്രകടമായ ചില സവിശേഷതകളാണ് അവതരിപ്പിച്ചത്. 1. ഭരണ സംവിധാനത്തിനെതിരായി ജനങ്ങൾക്ക് അമർഷം ഉണ്ട്. 2. സ്ഥാനാർത്ഥികൾ ഈ മനോഭാവം തിരിച്ചറിഞ്ഞിരുന്നു. 3. തങ്ങളുടെ താത്പര്യങ്ങളെ പ്രതിനിധീകരിക്കുന്നതായികണ്ട് ജനങ്ങൾ പിൻതുണച്ച സ്ഥാനാർത്ഥിയെ മത്സരത്തിൽ നിന്നുതന്നെ പുറത്താക്കി. 4. രണ്ട് സ്ഥാനാർത്ഥികളിൽ ഒരാൾക്ക് തന്റെ കൂർമ്മബിസിനസ് ബുദ്ധി ഉപയോഗിച്ച് (ആ വ്യവസായ വിജയം തന്നെ നികുതിവെട്ടിപ്പുകൾകൊണ്ട് നേടിയതെന്നത്രേ ആരോപണം) ജനങ്ങളുടെ മനോഭാവം നന്നായി തിരിച്ചറിയുകയും അത് ഉപയോഗപ്പെടുത്തിക്കൊണ്ട് അമേരിക്കൻ ജനതയിലെ വലിയൊരു വിഭാഗത്തെ തന്റെ വാചാടോപവും, മുദ്രാവാക്യങ്ങളും ടെലിവിഷൻ പരിചയവും നൈപുണ്യവും ഉപയോഗിച്ച് ആകർഷിക്കുവാനും വിജയം വരിക്കാനും സാധിച്ചു. 5. അയാളുടെ വ്യക്തിത്വം എന്ത് തന്നെയായാലും തന്റെ മേൽക്കോയ്മയായ ഭരണകുത്തകകളുടേയും ബഹുരാഷ്ട്ര കോർപ്പറേഷനുകളുടേയും വിനീതദാസരായ ഭരണകൂടത്തിന്റേയും ഒരു വിഭാഗം മാധ്യമങ്ങളുടേയും അനുഗ്രഹാശിസുകളില്ലാതെ സ്വന്തം നിലക്ക് മാത്രമാണ് നിയുക്ത പ്രസിഡന്റിന്റെ വിജയം എന്നു വിചാരിച്ചാൽ അത് മണ്ടത്തരമായിരിക്കും. (തെരഞ്ഞെടുപ്പിനുശേഷം ചില മാധ്യമസ്ഥാപനങ്ങൾക്കുനേരെ ട്രംപ് നടത്തിയ രോഷപ്രകടനം തന്നെ, അയാൾക്കുകിട്ടിയ വമ്പിച്ച മാധ്യമ പിൻതുണയിൽ -ക്ലിന്റണിന്റെ ഇ മെയിൽ വിവാദത്തിൽഅടക്കം- നിന്നു ശ്രദ്ധ തിരിക്കാനുള്ള അടവുമാത്രമാണ്). 6. തെരഞ്ഞെടുപ്പു ഫലത്തെകുറിച്ച് ഇപ്പോഴും ഉയർന്നുകൊണ്ടിരിക്കുന്ന ആരോപണങ്ങൾ തങ്ങൾക്കുതാത്പര്യമുള്ള സ്ഥാനാർത്ഥിയുടെ വിജയം ഉറപ്പാക്കാനായി ഭരണകൂടം വഹിച്ച പങ്കിനെ വ്യക്തമാക്കുന്ന. 7. ദുരിതത്തിലാണ്ട ജനങ്ങളാകട്ടെ ട്രംപിന്റെ വിജയത്തെ തങ്ങളുടെ വിജയമായി കാണാൻ ശ്രമിക്കുന്നു. വസ്തുതകൾ ആഴത്തിൽ മനസ്സിലാക്കാതെ ജനങ്ങൾ അങ്ങനെ ചെയ്താൽ മുമ്പ് പലപ്പോഴും സംഭവിച്ചതുപോലെ ഭരിക്കുന്ന സാമ്രാജ്യത്വത്തിന്റെ വഞ്ചന നിറഞ്ഞ രൂപകൽപ്പനക്ക് അവർ ഇരയായിതീരും. അതാകട്ടെ. ജനരോഷത്തെ തെറ്റായ പാതയിലൂടെ വഴിതിരിച്ചുവിട്ട് തങ്ങളുടെ ഹീനമായ വർഗ്ഗ താത്പര്യത്തെ സേവിക്കുവാൻ ഏറ്റവും വിശ്വസ്തനായ സ്ഥാനാർത്ഥിയെ തന്നെ വിജയിപ്പിച്ചെടുക്കുക എന്നതാണ്. അങ്ങനെ യാതൊരു തടസ്സങ്ങളും ഇല്ലാതെ ഭരണ സമ്രാജ്യത്വത്തിന്റെ അടിച്ചമർത്തലും ചൂഷണവും തുടരുകയും ചെയ്യും.

**നിയുക്ത പ്രസിഡന്റിനെതിരെ ജനങ്ങൾ പ്രക്ഷോഭത്തിനിറങ്ങുന്നു.**

എന്നാൽ കഥയിവിടെ അവസാനിക്കുന്നില്ല. ഫലം അറിഞ്ഞ് ഉടനേതന്നെ, അമേരിക്കൻ ജനതഒന്നാകെ തങ്ങളുടെ പുതിയ രാഷ്ട്രപതിയായി ട്രംപിനെ കാണാൻ തയ്യാറല്ല എന്നതാണ് തെളിയിക്കപ്പെടുന്നത്. ഫലം വെളിപ്പെടുത്തിയ മറ്റൊരു വസ്തുത, ആകെ ലഭിച്ചവോട്ടുകളുടെ എണ്ണത്തിൽ ട്രംപ് ഹിലരിയേക്കാൾ ബഹുദൂരം പിന്നിലായിരുന്നു എന്നതാണ്. എന്നാൽ യുഎസ്സിൽ നലനിൽക്കുന്നത് ഇലക്ടറൽ കോളേജ് സംവിധാനമാണ്. ഇതിൻപ്രകാരം ഓരോ സംസ്ഥാനത്തിനും ഒരു നിശ്ചിതഎണ്ണം സമ്മതിദായകരെ അവരവരുടെ കോൺഗ്രസ് പ്രതിനിധികളുടെ എണ്ണത്തിന് അനുസൃതമായാണ് ലഭിക്കുക. പൊതു തെരഞ്ഞെടുപ്പിനു ശേഷം, ഓരോ സമ്മതിദായകനും ഒരു ഇലക്ടറൽ വോട്ടുവീതം രേഖപ്പെടുത്തുന്നു. അങ്ങനെ ആകെ 538 ഇലക്ടറൽ വോട്ട് രേഖപ്പെടുത്തുന്നു. അതിൽ പകുതിയിൽ ഏറെ (270) വോട്ടുകൾ ലഭിക്കുന്ന സ്ഥാനാർത്ഥി തെരഞ്ഞെടുപ്പിൽ ജയിക്കുന്നു. ജനവിധിയെ മറികടന്നുകൊണ്ട്, വിജയം കയ്യടക്കാൻ ട്രംപിനെ സഹായിച്ചത് ഈ ഇലക്ടറൽ കോളേജ് സംവിധാനമാണ്. ഇങ്ങനെയൊരു ഫലം, യുവാക്കളടക്കമുള്ളവരുടെ പ്രക്ഷോഭമാണ് ഉടനടി തെരുവുകളിലേക്ക് കൊണ്ടുവന്നത്. അതും, മിയാമി, ഫിലാഡൽഫിയ, സാൻഫ്രാൻസിസ്കോ, ന്യൂയോർക്ക്, ഷിക്കാഗോ, ലോസ് ഏഞ്ചൽസ് തുടങ്ങി രാജ്യത്തങ്ങോളമിങ്ങോളം ഉള്ള എല്ലാ പ്രധാന നഗരങ്ങളിലും. എല്ലാ വിഭാഗങ്ങളിലുംപെട്ട, പ്രധാനമായും യുവാക്കൾ നിറഞ്ഞ, ജനസഹസ്രങ്ങൾ കൈകോർത്തുപിടിച്ചുകൊണ്ട്, വംശീയതയ്ക്കും കുടിയേറ്റ വിരുദ്ധതയ്ക്കും വിഭജനങ്ങൾക്കുമെതിരേ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് തെരുവിൽ പ്രകടനം നടത്തി. “ട്രംപ് എന്റെ പ്രസിഡന്റല്ല, ട്രംപിനുചുറ്റും മതിൽ പണിയുക” തുടങ്ങിയ മുദ്രാവാക്യങ്ങളാണ് അവർ ഉയർത്തിയത്. നിരവധി അറസ്റ്റുകളുണ്ടായിട്ടും ദിവസങ്ങളോളം പ്രതിഷേധങ്ങൾ തുടർന്നു. അതും, ഡെമോക്രാറ്റുകളും റിപ്പബ്ലിക്കനുമായ രണ്ടു ഭരണവർഗ്ഗ പാർട്ടികളുടെ നേതാക്കളും, ട്രംപ് ഭരണകൂടത്തെ സ്വീകരിക്കാനും, കടുത്ത തെരഞ്ഞെടുപ്പിന്റെ മുറിവുകൾ ഉണക്കാനും എല്ലാവരോടും അഭ്യർത്ഥിച്ചിട്ടും! ഈ അഭ്യർത്ഥനകളൊന്നും യുവാക്കളുടെ പ്രതിഷേധത്തിന്റെ വികാരത്തെ തണുപ്പിക്കാൻ പര്യാപ്തമായില്ല. ട്രംപിന്റെ വിജയം പ്രചോദിപ്പിച്ച വംശവെറിയന്മാരും മുസ്ലീംവിരുദ്ധരും കുടിയേറ്റവിരുദ്ധരുമായ അക്രമികളാൽ വ്യക്തിപരമായിത്തന്നെ ഭീഷണിപ്പെടുത്തപ്പെട്ടവരായിരുന്നു അവരിൽ പലരും. ജനുവരിയിൽ രാഷ്ട്രപതിയായി ട്രംപ് അധികാരമേൽക്കുമ്പോൾ കൂടുതൽ പ്രതിഷേധങ്ങൾക്കായി ആസൂത്രണം ചെയ്യുകയാണ് പകരം അവർ.

**പ്രതിഷേധ സമരങ്ങളുടെ സവിശേഷതകൾ**

ട്രംപ് പ്രതിനിധാനം ചെയ്ത എല്ലാ സാമൂഹിക പ്രശ്നങ്ങൾക്കും എതിരേയാണ് പ്രതിഷേധങ്ങൾ മുളപൊട്ടിയത്. വിദ്യാർത്ഥികൾ, സ്കൂൾ അധ്യാപകർ, പ്രഫസർമാർ, ശാസ്ത്രജ്ഞർ തുടങ്ങി തൊഴിലാളികൾ അടക്കമുള്ള സാധാരണക്കാർ വരെ അടങ്ങുന്ന വിവിധ വിഭാഗങ്ങൾ പ്രതിഷേധക്കാരിൽ ഉൾപ്പെടുന്നു. ഈപ്രതിഷേധങ്ങളിൽ പ്രകടമായും ദൃശ്യമല്ലാതിരുന്നത് ഡെമോക്രാറ്റിക് പാർട്ടിയുടെ

(ശേഷം 9-ാം പേജിൽ)

# കെഎസ്ആർടിസിയെ സംരക്ഷിക്കുക

(1-ാം പേജിൽ നിന്ന്)

അടക്കമുള്ള ജില്ലകളിൽ പാരലൽ സർവ്വീസുകൾ വർദ്ധിച്ചുവരുന്നു. കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ അവസാനനാളുകളിൽ സ്വകാര്യ ഓർഡിനറി സർവ്വീസുകളുടെ ദൂരപരിധി 140 കിലോമീറ്റർ എന്നത് എടുത്തുകളഞ്ഞ നടപടിയും കെഎസ്ആർടിസിയെ പ്രതികൂലമായി ബാധിച്ചു.

സർക്കാരിന്റെ പിന്തുണയും സഹായവും ലഭിക്കാതെവന്ന കെഎസ്ആർടിസി പിടിച്ചുനിൽക്കുവാൻ വേണ്ടി വായ്പയിലഭയം പ്രാപിച്ചു. വെള്ളാനയെന്ന് പരക്കെ അറിയപ്പെടുന്ന കെടിഡിഎഫ്സി(കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ) ഇന്ന് കരകയറുവാൻ പറ്റാത്തവിധത്തിൽ കൊള്ളപ്പലിശ ഈടാക്കിക്കൊണ്ട് കെഎസ്ആർടിസിയെ കടക്കെണിയിൽ അകപ്പെടുത്തിയിരിക്കുന്നു. ബഹുഭൂരിപക്ഷം ഡിപ്പോകളും ഇന്ന് പണയത്തിലായിരിക്കുന്നു. വൻതുകമുടക്കി പണികഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലെക്സുകൾ പിടിപ്പുകേടുമൂലം വാടകയ്ക്കു പോകാതെ ബാദ്ധ്യതയായി മാറിയിരിക്കുന്നു. ബിഒടി എന്നപേരിൽ നടക്കുന്ന നിർമ്മാണങ്ങളെല്ലാം ആസ്തികൾ സ്വകാര്യകൈകളിൽ എത്തിക്കുന്നതിനു വേണ്ടിയുള്ളതാണെന്നതാണ് യാഥാർത്ഥ്യം. ഇതിനൊക്കെപുറമെ മാനേജ്മെന്റ് തലത്തിൽ നടക്കുന്ന അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവുമെല്ലാം സ്ഥാപനത്തിന്റെ തകർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

സർക്കാരിന്റെയും മാനേജ്മെന്റിന്റെയും മേൽപ്പറഞ്ഞ നയവൈകല്യങ്ങൾ മൂലമുണ്ടായിരിക്കുന്ന പ്രതിസന്ധി ഇപ്പോൾ തൊഴിലാളികളുടെയും ബഹുജനങ്ങളുടെയും തലയിൽ വെച്ചുകെട്ടുവാനാണ് ശ്രമിക്കുന്നത്. ബസ്ചാർജ്ജ് വീണ്ടും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സജീവമായ ആലോചനകൾ നടന്നുകൊണ്ടിരിക്കുന്നു. ഷെഡ്യൂളുകൾ വൻതോതിൽ വെട്ടിക്കുറയ്ക്കുന്നു. നഷ്ടത്തിന്റെ പേരുപറഞ്ഞ് ഗ്രാമപ്രദേശങ്ങളിലും ഉൾപ്രദേശങ്ങളിലും രാത്രികാലങ്ങളിലും സർവ്വീസ് നടത്തുന്ന ഓർഡിനറി സർവ്വീസുകൾ നിർത്തലാക്കുന്നു. മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിലുമില്ലാത്ത തരത്തിലുള്ള തൊഴിലാളി ദ്രോഹനടപടികളാണ് കെഎസ്ആർടിസി മാനേജ്മെന്റ് കൈക്കൊണ്ടുകൊണ്ടിരിക്കുന്നത്. പതിനായിരത്തോളം ജീവനക്കാരെ പിരിച്ചുവിടുവാൻ തീരുമാനിച്ചിരിക്കുന്നു. ആദ്യപടിയായി ആറായിരത്തോളം എം. പാനൽ ജീവനക്കാരെ പിരിച്ചുവിടുന്നു. പത്തുവർഷം വരെ ജോലിചെയ്ത താൽക്കാലികക്കാരെയാണ് ഇങ്ങനെ മനുഷ്യത്വരഹിതമായി പുറത്താക്കുന്നത്. ജീവനക്കാരുടെ ജോലിഭാരം വീണ്ടും വർദ്ധിപ്പിക്കുന്നു. ഡി.എ. കുടിശ്ശിക നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിരിക്കുന്നു. ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളവും മറ്റാനുകൂല്യങ്ങളും കുറവുചെയ്യുന്നതിനെക്കുറിച്ചാലോചിക്കുന്നു. എൽഐസി, ഇപിഎഫ് തുടങ്ങിയ സ്കീമുകളിൽ അടയ്ക്കുവാൻവേണ്ടി പിടിച്ച തുക അടയ്ക്കാതെ തൊഴിലാളികളെ അരക്ഷിതാവസ്ഥയിലാക്കിയിരിക്കുന്നു. അംഗീകൃത ട്രേഡ് യൂണിയനുകൾ ആയ സിഐടിയു, ഐഎൻടിയുസി സംഘടനകൾ മാനേജ്മെന്റിന് ഒളിഞ്ഞും തെളിഞ്ഞും ഒത്താശചെയ്യുന്നതായിട്ടാണ് കാണുവാൻകഴിയുന്നത്.

ജനദ്രോഹ-തൊഴിലാളിദ്രോഹ നയനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ജനങ്ങളുടെ പൊതുസ്വത്തായ കെഎസ്ആർടിസിയെ സംരക്ഷിക്കുവാൻ സർക്കാർ തയ്യാറാകണം. ലാഭ-നഷ്ടപരിഗണനകൾ കൂടാതെ ജനപക്ഷ നിലപാടു സ്വീകരിക്കുവാനുള്ള ബാദ്ധ്യത എല്ലാം ശരിയാക്കാമെന്നു പറഞ്ഞ് അധികാരത്തിലേറിയ എൽഡിഎഫ് സർക്കാരിനുണ്ട്. കുറഞ്ഞചെലവിൽ ജനങ്ങൾക്ക് യാത്രാസൗകര്യം ഉറപ്പാക്കണം. വിദ്യാർത്ഥികൾക്കും ഭിന്നശേഷിക്കാർക്കും നൽകുന്ന സൗജന്യങ്ങൾ തുടരണം. ഒരു മാതൃകാതൊഴിൽ സ്ഥാപനമായി കെഎസ്ആർടിസിയെ മാറ്റണം. ഒരു ഐഐഎം വിദഗ്ധന്റെയും പഠനറിപ്പോർട്ടില്ലാതെതന്നെ ഇച്ഛാശക്തിയുള്ള ഒരു സർക്കാരിന് ജനാനുകൂലമായി പ്രവർത്തിക്കുവാൻ കഴിയും. കോർപറേഷനാക്കി നിലനിർത്തിക്കൊണ്ട് പ്രശ്ന പരിഹാരം സാദ്ധ്യമല്ലെങ്കിൽ, അന്തരിച്ച പ്രമുഖ ട്രേഡ് യൂണിയൻ നേതാവ് സഖാവ് കെ.പി. കോസലരാമദാസ് നിർദ്ദേശിച്ചതുപോലെ, മുഴുവൻ ആസ്തിബാദ്ധ്യതകളും ഏറ്റെടുത്തുകൊണ്ട് കെഎസ്ആർടിസിയെ ഒരു സർക്കാർ ഡിപ്പാർട്ടുമെന്റാക്കി മാറ്റാവുന്നതാണ്. സർക്കാരിനെക്കൊണ്ട് ജനാനുകൂലമായ തീരുമാനമെടുപ്പിക്കുന്നതിന് ബഹുജനങ്ങളും തൊഴിലാളികളും പെൻഷൻകാരുമെല്ലാം അണിനിരക്കുന്ന അതിശക്തമായ പ്രക്ഷോഭണം വളർത്തിയെടുക്കുവാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ○

## സെക്രട്ടേറിയറ്റ് ധർണ്ണ



**സെക്രട്ടേറിയറ്റ് ധർണ്ണ കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു**

കെഎസ്ആർടിസിയെ തകർക്കുന്ന നയനടപടികൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷനും ആൾ ഇന്ത്യാ യുടിയുസിയും ചേർന്ന് സെക്രട്ടേറിയറ്റിന് മുമ്പിൽ ധർണ്ണ നടത്തി. കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാനപ്രസിഡന്റ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്തു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ. സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. പെൻഷനും ശമ്പളവും മുടങ്ങാതെ നൽകുക, കെഎസ്ആർടിസിയെ കടക്കെണിയിലകപ്പെടുത്തിയ കെറ്റിഡിഎഫ്സി പിരിച്ചുവിടുക, യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ഷെഡ്യൂൾ ക്യാൻസലേഷൻ അവസാനിപ്പിക്കുക, 240 ഡ്യൂട്ടി തികഞ്ഞ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ ധർണ്ണയിൽ മുഴങ്ങി. കെഎസ്ആർടിസി ഡബ്ല്യൂഎഫ് ജനറൽ സെക്രട്ടറി ജി.മധുസൂദനൻ പിള്ള, എഐയുടിയുസി സംസ്ഥാന വൈസ് പ്രസിഡന്റ് ഡി.സുന്ദരേശൻ, ജോയിന്റ് സെക്രട്ടറിമാരായ പി.എം.ദിനേശൻ, കെ.ജി.സുരേഷ്കുമാർ, ട്രഷറർ എം.എൻ.അനിൽ, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ സംസ്ഥാന ട്രഷറർ ആർ.വേണുഗോപാൽ, വിവിധ യൂണിയൻ നേതാക്കളായ വി.പി. കൊച്ചുമോൻ, ബി.വിനോദ്, പി.പി.വിജയകുമാർ, സിബി സി.മാത്യു, കെ.അശോകൻ, കെ.ഒ.ഷാൻ, എസ്.അനിൽ പ്രസാദ്, അഖിൽ കെ.ആനന്ദ് തുടങ്ങിയവർ പ്രസംഗിച്ചു. ○

# മഹത്തായ നവംബർവിപ്ലവത്തിന്റെ ശതാബ്ദിയാചരണം

# സംസ്ഥാനതല പഠനക്യാമ്പ്

മഹത്തായ നവംബർവിപ്ലവത്തിന്റെ ശതാബ്ദിയാചരണത്തിന്റെ ഭാഗമായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ പഠന ക്യാമ്പ് 2016 ഡിസംബർ 17,18 തിയ്യതികളിൽ അടൂർ മർത്തോമ്മാ യൂത്ത് സെന്ററിൽ വച്ച് നടന്നു. പാർട്ടി പോളിറ്റ് ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി ക്ലാസ്സുകൾ നയിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി നാന്നൂറ് സഖാക്കൾ പങ്കെടുത്തു. പാർട്ടി കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ.ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജി.എസ്.പത്മകുമാർ, ജയ്സൺ ജോസഫ് എന്നിവർ സംസാരിച്ചു.

ഡിസംബർ 17 രാവിലെ 11 മണിക്ക് ക്യാമ്പ് ആരംഭിച്ചു. ലോകതൊഴിലാളിവർഗ്ഗത്തിന്റെ ഗുരുനാഥന്മാരായ മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ സെതുങ്, ശിബ്ദാസ് ഘോഷ് എന്നിവരുടെ ഛായാചിത്രങ്ങൾ പ്രൗഢമായ വേദിയിൽ സ്ഥാപിച്ചിരുന്നു. തുടർന്ന് മ്യൂസിക് സ്ക്വാഡ് നവംബർ വിപ്ലവത്തിന്റെ ശില്പി മഹാനായ ലെനിനെക്കുറിച്ചുള്ള ഗാനവും തൊഴിലാളിവർഗ്ഗ സാർവ്വദേശീയ ഗാനവും ആലപിച്ചു. വേദിക്കുമുന്നിൽ പ്രത്യേകം സ്ഥാപിച്ചിരുന്ന ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങളിൽ സഖാവ് സി.കെ.ലൂക്കോസ് പൂക്കളർപ്പിച്ചു. അദ്ധ്യക്ഷപ്രസംഗത്തിനും സഖാവ് വി.വേണുഗോപാലിന്റെ ആമുഖ പ്രസംഗത്തിനും ശേഷം സ.കൃഷ്ണചക്രവർത്തി ക്ലാസ്സ് ആരംഭിച്ചു. രണ്ട് ദിവസങ്ങളിലായി ആകെ അഞ്ച് സെഷനുകളിലായിട്ടായിരുന്നു ക്ലാസ്സ്.

റഷ്യയിൽ നടന്ന നവംബർ വിപ്ലവത്തിന്റെ ശതാബ്ദി ലോകത്തെങ്ങുമുള്ള അദ്ധ്വാനിക്കുന്ന ജനങ്ങൾ ആചരിക്കുന്നതെന്തുകൊണ്ട് എന്ന വിഷയത്തെ പരാമർശിച്ചുകൊണ്ട്, നവംബർ വിപ്ലവത്തിന്റെ സാർവ്വദേശീയപ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി. മരണാസന്ന മുതലാളിത്തവ്യവസ്ഥിതിയുടെ പ്രതിസന്ധിമൂലം ഇന്ന് എല്ലാ മുതലാളിത്ത രാജ്യങ്ങളിലും ജീവിതത്തിന്റെ എല്ലാ തുറകളിലുമുണ്ടായിട്ടുള്ള ജീർണ്ണതയ്ക്ക് ഒരേയൊരു പരിഹാരം നവംബർവിപ്ലവത്തിന്റെ പാതയിൽ മുന്നേറുക എന്നതാണെന്ന് അദ്ദേഹം സമർത്ഥിച്ചു. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിനും, സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്കും, സോഷ്യലിസത്തിന്റെ പ്രതീകമായി മാറിയ സഖാവ് സ്റ്റാലിനുമെതിരെ പ്രതിലോമശക്തികൾ

നടത്തുന്ന അപവാദപ്രചാരണങ്ങൾക്ക് ഒന്നൊന്നായി അദ്ദേഹം മറുപടി നൽകി. സോഷ്യലിസ്റ്റ് ക്യാമ്പിനുണ്ടായ തിരിച്ചടി ചൂണ്ടിക്കാട്ടി, സോഷ്യലിസം കാലഹരണപ്പെട്ടുവെന്നും മുതലാളിത്തമാണ് സ്ഥായിയായ സാമൂഹ്യവ്യവസ്ഥിതിയെന്നും സാമ്രാജ്യത്വശക്തികൾ നടത്തുന്ന പ്രചാരണത്തിന്റെ പൊള്ളത്തരം അദ്ദേഹം തുറന്നുകാട്ടി. മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണം ഇല്ലാതാക്കുകയും മനുഷ്യന്റെ സർഗ്ഗശക്തിയെ മുതലാളിത്ത ചൂഷണത്തിന്റെ നീരാളിപ്പിടിത്തത്തിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തുകൊണ്ട് ജീവിതത്തിന്റെ സമസ്തരംഗങ്ങളിലും അത്ഭുതകരമായ പുരോഗതി സൃഷ്ടിച്ച സോവിയറ്റ് റഷ്യയെ, അക്കാലത്തെ എല്ലാ മഹാന്മാരും മുക്തകണ്ഠം പ്രശംസിച്ചിരുന്നുവെന്ന കാര്യം അദ്ദേഹം




**അടൂരിൽ നടന്ന സംസ്ഥാനതല പഠനക്യാമ്പ് എസ്‌യുസിഐ(സി) പോളിറ്റ്ബ്യൂറോ മെമ്പർ സഖാവ് കൃഷ്ണ ചക്രവർത്തി നയിക്കുന്നു. വേദിയിൽ സഖാക്കൾ വി.വേണുഗോപാൽ, സി.കെ.ലൂക്കോസ്, ജി.എസ്.പത്മകുമാർ, ജയ്സൺ ജോസഫ് എന്നിവർ**

ചൂണ്ടിക്കാട്ടി. രണ്ടാം ലോകയുദ്ധത്തിൽ ഹിറ്റ്ലറുടെ നാസി സൈനികശക്തിയെ, സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് യൂണിയൻ ത്യോഗോജ്ജ്വലമായ പോരാട്ടത്തിലൂടെ തോല്പിച്ചതുകൊണ്ടാണ് ലോകജനത ഇരുണ്ട ഫാസിസ്റ്റ് വാഴ്ചയുടെ വിപത്തിൽ നിന്ന് രക്ഷപ്പെട്ടതെന്ന വസ്തുത മറന്ന് സ്റ്റാലിനെ ഹിറ്റ്ലറോട് തുലനപ്പെടുത്തുന്നവരുടെ ചരിത്രബോധത്തെപ്പറ്റി അദ്ദേഹം പരിതപിച്ചു. സംസ്ഥാനകമ്മിറ്റിയംഗങ്ങളുടെ നേതൃത്വത്തിൽ ആറ് ഗ്രൂപ്പുകളിലായി സഖാക്കൾ നടത്തിയ ചർച്ചയിൽ ഉയർന്നുവന്ന ചോദ്യങ്ങൾക്കും അദ്ദേഹം ഉത്തരം നൽകി. സാമ്രാജ്യത്വത്തിന്റെ വൈതാളികന്മാർ തമസ്കരിക്കുന്ന നവംബർ വിപ്ലവത്തിന്റെ ഐതിഹാസിക ചരിത്രവും പാഠങ്ങളും അദ്ധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ കൊണ്ടെത്തിക്കാൻ വേണ്ടിയുള്ള ബൃഹത്തായ ഒരു പ്രത്യയശാസ്ത്രപ്രസ്ഥാനമായി നവംബർവിപ്ലവശതാബ്ദി ആചരിക്കാൻ അദ്ദേഹം സഖാക്കളെ ആഹ്വാനം ചെയ്തു. സഖാക്കൾക്ക് വിപ്ലവകരമായ ഉൾക്കാഴ്ചയും ആവേശവും പ്രദാനം ചെയ്ത പഠനക്യാമ്പ്, തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ്ഘോഷിനെക്കുറിച്ചുള്ള ഗാനാലാപനത്തോടെയാണ് സമാപിച്ചത്. ○

## അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്

(8-ാം പേജിൽ നിന്ന്)

പിന്തുണയുടെ അടയാളങ്ങൾ ആയിരുന്നു. ഈ സന്ദർഭത്തിൽ, വാൾസ്ട്രീറ്റ് പിടിച്ചടക്കൽ സമരകാലത്ത്, “ഞങ്ങളാണ് 99%, അവർ1% മാത്രം” എന്ന മുദ്രാവാക്യം ഉയർത്തിയപ്പോൾ ആഗോളമുതലാളിത്ത സംവിധാനത്തെ തന്നെയാണ് ആ പ്രതിഷേധക്കാർ പ്രത്യേകമായും ലക്ഷ്യംവെക്കുന്നതെന്ന് വാൾസ്ട്രീറ്റ് ജേർണൽ പത്രം അഭിപ്രായപ്പെട്ടത് നാം ഓർക്കണം. 2016 ഏപ്രിലിൽ ഹാർവാർഡ് സർവകലാശാല നടത്തിയ ഒരു അഭിപ്രായ സർവ്വേയിൽ, 18നും 29നും ഇടയിൽ പ്രായമുള്ള യുവാക്കളിൽ 51% മുതലാളിത്തത്തെ പിന്തുണയ്ക്കുന്നില്ല എന്നു കണ്ടെത്തുകയുണ്ടായി. ഇത് ചൂണ്ടിക്കാട്ടുന്നത്, കേവലം തെരഞ്ഞെടുപ്പു തന്ത്രങ്ങൾ കൊണ്ടോ വാചകമടികൊണ്ടോ വ്യവസ്ഥിതിക്കെതിരെയുള്ള ജനത്തിന്റെ അമർഷം തണുപ്പിക്കാൻ സാധിക്കില്ല എന്നുതന്നെയാണ്. എന്നാൽ, ഈ പ്രതിഷേധങ്ങൾ കാണിക്കുന്നത് ശരിയായ ദിശയിൽ അവരെ നയിക്കുവാൻ ഒരു വ്യക്തിയുടെയോ കൂട്ടായ്മയുടേതോ ആയ നേതൃത്വം കൂടി ആവശ്യമുണ്ട് എന്നാണ്. സർവ്വേചൂണ്ടികാണിച്ച മറ്റൊരു കാര്യം, മുതലാളിത്തത്തിന്റെ വിമർശകർ സ്വതന്ത്ര വിപണിയുടേയും വിമർശകരാണ്. എന്നാൽ അമേരിക്കൻ ജനത കൂടുതൽ ആഴത്തിൽ സത്യം തിരിച്ചറിയുകയും മുതലാളിത്തത്തിന്റെ വികൃതമുഖം കൂടുതൽ വിശദാംശങ്ങളോടെ മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട് എന്നതാണ്.

**തൊഴിലില്ലായ്മയടക്കം എല്ലാ തിന്മകളുടെയും ഉറവിടം എന്താണ്?**

ഒരുപാട് ചോദ്യങ്ങളാണ് അവർക്കുമുന്നിലുള്ളത്. എന്തുകൊണ്ടാണ് അമേരിക്കക്കാർക്ക്, അവരുടെ യുവാക്കൾക്ക് ഇത്രമേൽ തൊഴിലില്ലായ്മ നേരിടേണ്ടിവരുന്നത്? എന്തുകൊണ്ടാണ് തൊഴിലുകൾ അപ്രത്യക്ഷമാകുന്നത്? അത് കുടിയേറ്റക്കാർ മൂലമാണോ ? ആഗോളതലത്തിൽ തന്നെ വ്യവസായതൊഴിലുകളുടെ എണ്ണം കുറയുന്നു എന്നത് വസ്തുതയല്ലേ? എല്ലാ ഭൂഖണ്ഡങ്ങളിലും, വിശേഷിച്ചും യൂറോപ്പിൽ പ്രതിഷേധങ്ങൾ അലയടിക്കുന്നു. എന്തുകൊണ്ട്? സാങ്കേതികവിദ്യാരംഗത്ത് ഉണ്ടായ വർധിച്ച വളർച്ച, ഉൽപാദനക്ഷമതയെ പരിധികൾക്കപ്പുറത്തേക്ക് വളർത്തി. എന്നാൽ ആ ഉൽപാദനക്ഷമത, ഉൽപ്പന്നങ്ങൾക്കായുള്ള ആവശ്യകതയിലുള്ള വർധനവിനെ വളരെയധികം മറികടക്കുന്നുണ്ടോ? എന്തുകൊണ്ട് ആ വ്യത്യാസം? എന്തുകൊണ്ട് അമിതോൽപാദനം? മുതലാളിത്തമല്ലേ ജനത്തെ നിരന്തരം തൊലിയുരിക്കുന്നത്, അവരെ ദരിദ്രരാക്കുന്നത്, അവരുടെ വാങ്ങൽ ശേഷിയെ കൊള്ളയടിക്കുന്നത്, അതുവഴി ആവശ്യകതയുടെ നിലവാരം വിപണിക്കായി ഉയർത്തി നിർത്തേണ്ടത്. ഇതുവരെ ചർച്ചചെയ്ത വസ്തുതകൾ കാണിക്കുന്നത് അമേരിക്കക്കാരുടെ വരുമാനവും ചെലവും കുറയുന്നുവെന്നാണ്. അതുകൊണ്ടുതന്നെ വിപണിപ്രതിസന്ധിയുണ്ട്, അമിതോൽപാദനമുണ്ട്, വ്യവസായങ്ങൾ അടച്ചുപൂട്ടുന്നുണ്ട്, വ്യവസായമാന്ദ്യം ഉണ്ടാകുന്നു, തൊഴിലുകൾ വെട്ടിക്കുറയ്ക്കുന്നു. ഈ സത്യങ്ങൾ ഇപ്പോൾ ബൂർഷ്വാ വിദഗ്ധരും അംഗീകരിക്കുന്നു. എന്നാൽ അവരത് അവിടെ നിർത്തുന്നു. മുതലാളിത്ത ചൂഷണത്തിന്റെ ഇരകളായ സാധാരണജനങ്ങളും ഇത് മനസ്സിലാക്കണം. മാർക്സ് മുതലുള്ള മാർക്സിസ്റ്റ് പ്രാമാണികരെല്ലാം നിരന്തരം ചൂണ്ടിക്കാട്ടിയതും ഇതേ സത്യം തന്നെയാണ്. ഇതാണ് മുതലാളിത്തത്തിന്റെ പ്രതിസന്ധി. ആവശ്യകതയുടെ വർദ്ധനവിനെക്കാൾ കൂടിയ ഉൽപാദനവർദ്ധനവ് ഇത് അമിതോൽപാദനത്തിന്റെ പ്രതിസന്ധി സൃഷ്ടിക്കുന്നു.

വീണ്ടും, ലഭ്യമായ പുതിയ സാങ്കേതികവിദ്യകളുപയോഗിച്ച്, ലാഭാർത്തിപൂണ്ട കുത്തകകൾ വ്യാപകമായി തൊഴിലാളികളെ വെട്ടിക്കുറയ്ക്കാനുള്ള യന്ത്രവൽക്കരണം നടത്തി കൂലിച്ചെലവ് വെട്ടിക്കുറച്ച് തങ്ങളുടെ എതിരാളികളെ കടത്തിവെട്ടാനാണ് ശ്രമിക്കുന്നത്. അതേസമയം തന്നെ കൂലിച്ചെലവ് വെട്ടിക്കുറച്ച് ലാഭം വർദ്ധിപ്പിക്കാൻ നിർമ്മാണം തന്നെ കൂലികുറഞ്ഞ രാജ്യങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. യുഎസ് ഭരണകൂടം അനുവദിക്കാതെ എങ്ങനെയാണ് കുടിയേറ്റക്കാർക്ക് രാജ്യത്ത് എത്താനാവുക? യുഎസ് കുത്തകകൾക്ക് ആവശ്യമുള്ള കൂലികുറഞ്ഞതൊഴിലാളികളെയാണ് കുടിയേറ്റത്തിലൂടെ ലഭിക്കുന്നത്. അതിലൂടെ ഉൽപാദനച്ചെലവു കുറയ്ക്കാനും കുത്തകകൾക്ക് സാധിക്കുന്നു. അതല്ലെങ്കിൽ തുച്ഛമായ ചെലവിൽ ഉൽപാദനം നടത്താൻ പറ്റുന്ന മറ്റൊരു രാജ്യത്തേക്ക് ഉൽപാദനം തന്നെ കൈമാറ്റം ചെയ്യപ്പെടുന്നു. ഇങ്ങനെ കുറഞ്ഞ ചെലവിൽ ഉദ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കൂടിയലാഭമാണ് നൽകുന്നത്. അതാകട്ടെ അമേരിക്കയിൽ ഉൽപാദനം നടത്തിയാൽ ഒരിക്കലും നേടാനാകില്ലതാനും. അതുകൊണ്ടുതന്നെ കുടിയേറ്റക്കാർ അമേരിക്കക്കാരുടെ ജോലിതട്ടിയെടുക്കുന്നു എന്നവാദത്തിൽ യാതൊരു കഴമ്പുമില്ല. ഭരിക്കുന്ന മുതലാളിത്തമാണ് തൊഴിലുകൾ ഇല്ലാതാക്കുന്നത് എന്ന വസ്തുത തിരിച്ചറിയുന്നില്ലെങ്കിൽ, കുടിയേറ്റക്കാർക്കെതിരേയുള്ള തെറ്റിദ്ധരിപ്പിക്കുന്ന പ്രചരണത്തിന് ഒരാൾ വശംവദനാകും.

അതുപോലെ തന്നെയാണ് മുസ്ലീംങ്ങളാണ് ഭീകരതസൃഷ്ടിക്കുന്നതെന്ന പ്രചരണം. വാസ്തവത്തിൽ, ജനാധിപത്യത്തിന്റെ കാവലാളായും, ഭീകരതയ്ക്കെതിരേയുള്ള പോരാളികളായും സ്വയം സ്ഥാപിക്കുന്ന യുഎസ് സാമ്രാജ്യത്വം തന്നെയാണ് ഏറ്റവും യുദ്ധക്കൊതിയന്മാരായ ലോകത്തെ സാമ്രാജ്യത്വശക്തി. ലോകത്തെ ഏറ്റവും ഭീകരരായ എല്ലാ തീവ്രവാദസംഘടനകളും, അതായത് അൽ-ഖൈദയും താലിബാനും ഐഎസ്ഐഎസും അടക്കം എല്ലാവരുടെയും സ്രഷ്ടാവും പരിശീലകനും പ്രായോജകനും ആയുധവിതരണക്കാരനുമെല്ലാം യുഎസ് സാമ്രാജ്യത്വം തന്നെ. ഇറാഖിലായാലും, കൊസോവയിലായാലും, ലിബിയയിലായാലും മറ്റ് എവിടെയായാലും സ്റ്റേറ്റ് ഭീകരതയുടെ ഏറ്റവും ഭയാനകമായ അപരാധികളും അവർതന്നെ. അപ്പോൾ മുസ്ലീംങ്ങളെ ഒന്നടങ്കം തീവ്രവാദികളായി മുദ്രകുത്തുന്നതും, അമേരിക്കയിൽ അവരുടെ വരവു നിരോധിക്കുന്നതും, ട്രംപിന്റെ മലീമസമായ സമീപനത്തോടുകൂടിയ തെരഞ്ഞെടുപ്പ് തന്ത്രമാകാം. ജനങ്ങൾക്കിടയിൽ അനൈക്യം വിതയ്ക്കാനുള്ള ഒരു സാമ്രാജ്യത്വ രൂപകൽപനയുടെ ഭാഗം തന്നെയാകാം അത്.

**മാറ്റത്തിന്റെ പാതകാട്ടിത്തരാൻ മാർക്സിസം- ലെനിനിസത്തിനു മാത്രമേ സാധിക്കൂ**

അമേരിക്കൻ സാമ്രാജ്യത്വഭരണാധികാരികളുടെ ക്രൂരമായ ചൂഷണത്തിനും അടിച്ചമർത്തലിനും കീഴിൽ ചതഞ്ഞമരുന്ന അമേരിക്കൻജനത തീവ്രമായി പുറത്തേക്കുള്ള വഴി തേടുകയാണ്. വാൾ സ്ട്രീറ്റ് പിടിച്ചടക്കൽ സമരം ഇതിനൊരു തിളങ്ങുന്ന ഉദാഹരണമാണ്. ഇപ്പോൾ യുഎസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ബെർണി സാൻഡേഴ്സിനു ലഭിച്ച പിന്തുണ, ട്രംപിന്റെ വിജയത്തിനെതിരേ വ്യാപകവും ശക്തവുമായ പ്രതിഷേധം, ഇതെല്ലാം നിലനിൽക്കുന്ന വ്യവസ്ഥിതിക്കെതിരേ അമേരിക്കൻ ജനതയിൽ വളരുന്ന അമർഷത്തെ തന്നെയാണ് തുറന്നുകാട്ടുന്നത്. പ്രകടനങ്ങൾ കേവലം തെരഞ്ഞെടുപ്പുഫലത്തിനെതിരേയുള്ള പ്രതിഷേധം മാത്രമായിരുന്നില്ല. അടിസ്ഥാനപരമായ മാറ്റത്തിനുള്ള മുറവിളി തന്നെയായിരുന്നു അത്. വാൾസ്ട്രീറ്റ് പിടിച്ചടക്കൽ സമരം പോലെ തന്നെ, ഇപ്പോഴത്തെ പ്രതിഷേധങ്ങളും കാണിച്ചു തരുന്നത് ഒരു ശരിയായ മാർക്സിസ്റ്റ് നേതൃത്വത്തിന്റെ ആവശ്യം മാറ്റത്തിനായി ദാഹിക്കുന്ന അമേരിക്കൻ ജനതയ്ക്കുണ്ട് എന്നാണ്. അടിയുറച്ച, ഉരുക്കുപോലെ കരുത്തുള്ള, ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി. കാരണം, ശാസ്ത്രീയ തത്വചിന്തയിൽ സൈദ്ധാന്തികമായി അടിയുറച്ച, വിജയിച്ചതോ അല്ലാത്തതോ ആയ നിരവധിയായ സമരങ്ങളുടെ അനുഭവത്താൽ സമ്പുഷ്ടമായ, മാർക്സിസം- ലെനിനിസത്തിനുമാത്രമേ ആഗ്രഹിക്കുന്ന ലക്ഷ്യത്തിലേയ്ക്ക് ജനങ്ങളെ നയിക്കാനാകൂ. അങ്ങനെയെങ്കിലേ, അടിച്ചമർത്തുന്ന ചൂഷണവ്യവസ്ഥിതിക്കെതിരേ ഏറ്റവും ആത്മാർത്ഥമായ ഓരോ, നീക്കത്തിനു ശേഷവും വ്രണിതമായ ഹൃദയത്തോടെ ജനങ്ങൾ പിന്നോട്ടുമാറാതിരിക്കൂ. ○

# സാമ്രാജ്യത്വ കൊള്ള പശ്ചിമേഷ്യയിലെ മനുഷ്യജീവിതങ്ങളെ വറചട്ടിയിലെരിക്കുന്നു

**പശ്ചിമേഷ്യയിലും വടക്കൻ ആഫ്രിക്കയിലുമായി കിടക്കുന്ന മദ്ധ്യേഷ്യ എന്നറിയപ്പെടുന്ന വിശാലമായ ഭൂഭാഗം അനവധി അറേബ്യൻ ഗോത്രങ്ങളുടെ നാടായിരുന്നു. അതിപ്പോൾ നിരവധി അറേബ്യൻ രാജ്യങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതീവ വികസിതമായ ചില ആദിമ മാനവ സംസ്കൃതികളുടെ കളിത്തൊട്ടിലുകൾ പേറിയ മഹദ്പാരമ്പര്യത്തിന്റെ തട്ടകവുമായിരുന്നു അത്. പരസ്പരം പോരാടിയ ഗോത്രങ്ങൾ നിരന്തരം ഏറ്റുമുട്ടുകയും നിണമൊഴുക്കുകയും ചെയ്ത ഭൂമിയുമാണത്. സമകാലീന ലോകത്ത് ഈ പ്രദേശം, കുതന്ത്രങ്ങളുടെയും കയ്യേറ്റങ്ങളുടെയും വസ്തുവകകളുടെ സർവ്വ നാശത്തിന്റെയും മനുഷ്യദുരന്തങ്ങളുടെയും അനുബന്ധ ദുര്യോഗങ്ങളുടെയും വിളനിലമായി മാറിയിരിക്കുന്നു. ഇവയുടെ ഇരകളെന്ന നിലയിൽ, നിസ്സഹായരായ വയോജനങ്ങൾ മുതൽ നവജാതശിശുക്കൾ വരെയുള്ള സാധാരണജനങ്ങളാണ് വർഷങ്ങളായി തീരാദുരിതങ്ങളേറ്റുവാങ്ങിക്കൊണ്ടിരിക്കുന്നത്.സമീപകാല സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രതിസന്ധിയുടെ സ്വഭാവത്തെയും എങ്ങനെയവ ഉടലെടുത്തുവെന്നും ആരാണ് കുറ്റവാളിയെന്നും എങ്ങിനെയത് അവസാനിക്കുമെന്നും വ്യക്തമാക്കാനാണ് ഇവിടെ ഈ ലേഖനത്തിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്.**

### അമേരിക്ക നയിക്കുന്ന സാമ്രാജ്യത്വ ശക്തികളാണ് പ്രാദേശിക ഭാഗികയുദ്ധങ്ങൾ സൃഷ്ടിച്ചത്.

ഇപ്പോൾ തുടർന്നു വരുന്ന സംഘർഷങ്ങളെ വിവിധ മത-ദേശീയ സമൂഹങ്ങൾ തമ്മിലുള്ള ആഭ്യന്തര-വിഭാഗീയ യുദ്ധങ്ങൾ എന്ന രീതിയിലാണ്, സ്വാധീനശേഷിയുള്ള വലിയൊരു വിഭാഗം മാദ്ധ്യമങ്ങൾ അവതരിപ്പിക്കുന്നത്. പക്ഷെ, ഈ യുദ്ധങ്ങളെല്ലാം തന്നെ, അധികാരഭ്രാന്ത് മൂത്ത, ലാഭാർത്തി പൂണ്ട, തത്വദീക്ഷയേതുമില്ലാത്ത, മനുഷ്യവംശത്തിന്റെ കൊടിയ ശത്രുവായ സാമ്രാജ്യത്വ ശക്തികൾ മനുഷ്യരാശിക്ക് മേൽ അടിച്ചേൽപ്പിക്കുന്ന ക്രൂരമായ കടന്നാക്രമണങ്ങളാണെന്ന് ശ്രദ്ധയോടെ വീക്ഷിച്ചാൽ മനസ്സിലാവും. ഭ്രാതൃഹത്യാപരമായ കുടിപ്പകകളെയും വംശീയ സംഘട്ടനങ്ങളെയും വളർത്തിയെടുക്കാനും തങ്ങളുടെ ആജ്ഞകളെ അനുസരിക്കാത്ത ഭരണകൂട സംവിധാനങ്ങളെ അസ്ഥിരപ്പെടുത്താനായി കലാപങ്ങൾ കുത്തിപ്പൊക്കുവാനും സാധ്യമായ എല്ലാ കുതന്ത്രങ്ങളും മെനായാനുമായി സൈനികശക്തിയുടെ മുഷ്ക്ക് പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ് സാമ്രാജ്യത്വ ശക്തികൾ. ഈ കുത്തിത്തിരിപ്പുകളെല്ലാം എതിർക്കപ്പെടാതെ പോവുകയാണ്. പ്രാദേശിക, ഭാഗികയുദ്ധങ്ങളും മറ്റു അട്ടിമറിപ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതും പണവും ആയുധവും, സൈനിക വിധ്വംസകപ്രവർത്തനങ്ങൾക്കുള്ള പരിശീലനമടക്കം നൽകി കൂലിപ്പട്ടാളക്കാരെ നൽകുന്നതുമെല്ലാം ഇന്നത്തെകാലത്തെ ഏറ്റവും വലിയ യുദ്ധവെറിയൻമാരായ യുഎസ് സാമ്രാജ്യത്വം നേതൃത്വം നൽകുന്ന സാമ്രാജ്യത്വശക്തികളാണ്. തങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ സ്വാധീനവും നിലനിർത്താനോ വളർത്താനോ വേണ്ടിയാണ് സൈനിക ശക്തി കാട്ടിക്കൊണ്ട് അവരുടെ മേധാവിത്വം സ്ഥാപിക്കാൻ ഇതെല്ലാം ചെയ്തു കൂട്ടുന്നത്. അടുത്തിടെയായി ഒരു പദ്ധതി വ്യക്തമായി തെളിഞ്ഞുവരുന്നു, ഏതെങ്കിലും രാജ്യത്തെ ഭരണസംവിധാനങ്ങൾ യുഎസ് ഭരണാധികാരികളെ അനുസരിക്കാൻ വിസമ്മതിച്ചുകൊണ്ട് സ്വന്തം വഴി തെരഞ്ഞെടുക്കുകയാണെങ്കിൽ തങ്ങൾക്ക് വിധേയരായ മാദ്ധ്യമ വിഭാഗങ്ങളെയും സഖ്യകക്ഷികളെയും പിണിയാളുകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട്, പ്രാദേശിക ഏജന്റുമാരുടെ സഹായത്തോടെയോ അല്ലാതെയോ, വൻ നശീകരണായുധശേഖരത്തിന്റെയോ മനുഷ്യാവകാശധ്വംസനത്തിന്റെയോ മറ്റോ കപട വാദങ്ങളുയർത്തി മുറവിളികൂട്ടി ആ 'വഴങ്ങാത്ത ശത്രു'വിനെ നിഷ്ക്കാസനം ചെയ്യാൻ നീക്കം നടത്തുന്നു. ഈ രീതിയെ പരാമർശിച്ചുകൊണ്ടാണ് " തങ്ങളുടെ അന്ധരായ അനുയായികളെ അധികാരത്തിലെത്തിക്കാനാണ് യു.എസ്.നേതൃത്വം ലക്ഷ്യം വയ്ക്കുന്നത്" എന്ന് 2014-ൽ ഇറാന്റെ നേതാവ് അഭിപ്രായപ്പെട്ടത്. ഇക്കാര്യം നേടാനായി, ദീർഘകാലം തുടരുന്ന, ആഭ്യന്തര-വിഭാഗീയ യുദ്ധമെന്ന് സാമ്രാജ്യത്വ നിയന്ത്രണത്തിലുള്ള മാദ്ധ്യമങ്ങൾ മുദ്രകുത്തുന്ന,യുദ്ധങ്ങൾ സാമ്രാജ്യത്വം സൃഷ്ടിക്കുന്നു.

### മനുഷ്യരാശിയുടെ മേലുള്ള മാപ്പർഹിക്കാത്ത കുറ്റകൃത്യങ്ങൾ

ഈ യുദ്ധങ്ങൾ ലക്ഷക്കണക്കിന് നിരപരാധികളുടെ ജീവിതത്തെ തുടച്ചുനീക്കുകയോ പിഴുതെറിയുകയോ ചെയ്യുന്നു. വസ്തുവകകൾ നശിപ്പിക്കുന്നു. രാജ്യത്തെ താറുമാറാക്കുന്നു. അവിടത്തെ ജനങ്ങൾക്ക്മേൽ പറഞ്ഞറിയിക്കാനാവാത്ത കഷ്ടതകൾ അടിച്ചേൽപ്പിക്കുന്നു. അതിനു പിന്നാലെ, സാമ്രാജ്യത്വശക്തികൾ തുറന്ന ആക്രമണകാരികളായി, അതല്ലെങ്കിൽ ഏറ്റവും ഹീനമായ കള്ളക്കഥകൾ സൃഷ്ടിച്ചുകൊണ്ട്, ഈ ഇരകളുടെയും താറുമാറാക്കപ്പെട്ട ഭൂഭാഗത്തിനും മേൽ, ജനാധിപത്യത്തിന്റെയും ക്രമസമാധാനത്തിന്റെയും പുനർനിർമ്മാണത്തിന്റെയും ന്യായം പറഞ്ഞുകൊണ്ട്, നാശകാരിയായ പുത്തൻ കൊളോണിയൽ ചൂഷണപദ്ധതിയുമായി പറന്നിറങ്ങുന്നു. ഈ യുദ്ധങ്ങളുടെ ഗതിയിൽ സാമ്രാജ്യത്വവും അവരുടെ വക്കാലത്തെടുത്ത മാദ്ധ്യമങ്ങളും യുദ്ധക്കുറ്റങ്ങൾ ചെയ്യുന്നതിന്റ പേരിൽ തങ്ങൾ ചൂണ്ടിക്കാട്ടുന്ന ശത്രുവിനെ പ്രതികളാക്കി ചിത്രീകരിക്കുന്നു. പക്ഷെ, അവർ വക്കീലിന്റെയും ജഡ്ജിയുടെയും ആരാച്ചാരുടെയും റോളെടുക്കുന്നു. ഈ ഏകധ്രുവലോകത്തെ ഒരേയൊരു സാമ്രാട്ടായ യുഎസ് സാമ്രാജ്യത്വം നടത്തുന്ന മനുഷ്യരാശിക്കെതിരെയുള്ള കൊടും യുദ്ധക്കുറ്റങ്ങൾക്ക് മറുപടി പറയുന്നതിൽ നിന്ന് അവർ സ്ഥിരമായി ഒഴിവാക്കപ്പെട്ടിരിക്കുന്നു.സാമ്രാജ്യത്വത്തിന്റെ, പ്രത്യേകിച്ചും യു.എസ്. സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ നടന്ന, ഇറാക്കിനെതിരെയുള്ള അധിനിവേശയുദ്ധത്തിലും ലിബിയയ്ക്ക് മേലുള്ള സൈനീകാക്രമണങ്ങളിലും അഫ്ഗാനിസ്ഥാനിലെ ആഭ്യന്തരയുദ്ധത്തിലും സിറിയയിലെ അസ്സദ് ഭരണത്തിനെതിരെ ആസൂത്രണം ചെയ്ത കലാപത്തിലും, ലബനോണിന് മേൽ യുഎസ് പിന്തുണയോടെ സയണിസ്റ്റ് ഇസ്രായേൽ നടത്തിയ സംഹാര യുദ്ധത്തിലും, പാലസ്തീൻ ജനതയ്ക്കെതിരെ ഇസ്രായേൽ നടത്തുന്ന ദീർഘകാല സായുധ ആക്രമണങ്ങളിലും, സുഡാനിലെ യുഎസ് ആസൂത്രിത വംശീയ യുദ്ധത്തിലും, തുടർന്നുള്ള വിഭജനത്തിലും യുഎസ് പിന്തുണയോടെ സൗദി അറേബ്യ യമനിൽ നടത്തിയ ബോംബാക്രമണത്തിലും, ടുണീഷ്യയിലെ കലാപത്തിലുമായി ഇക്കഴിഞ്ഞ രണ്ടു ദശാബ്ദക്കാലയളവിൽ സ്ത്രീകളും കുട്ടികളുമടക്കമുള്ള നിരപരാധികളായ പൗരന്മാരുടെ മരണസംഖ്യ 5 ലക്ഷം കടന്നെന്നാണ് കണക്കാക്കപ്പെടുന്നത്. ഇത്തരത്തിൽ ലക്ഷ്യമിടപ്പെട്ട കലാപകലുഷിതമായ രാജ്യങ്ങളുടെ പല ഭാഗങ്ങളും അക്ഷരാർത്ഥത്തിൽ തവിടുപൊടിയാക്കപ്പെട്ടു. തോന്നിയ വിധത്തിലുള്ള ആകാശത്തുനിന്നുള്ള ബോംബാക്രമണങ്ങളും ഓറഞ്ച് ബി പോലുള്ള വിഷവാതകങ്ങളും ആണവ വികിരണങ്ങളുള്ള സ്ഫോടക വസ്തുക്കളും പ്രയോഗിക്കുമ്പോൾ, അധിനിവേശം നടത്തുന്ന യുഎസ് സൈന്യം ആശുപത്രികളോ, അനാഥാലയങ്ങളോ, സ്കൂളുകളോ, മതാരാധനാലയങ്ങളേയോ ഒഴിവാക്കിയില്ല. ഇത്തരത്തിലുള്ള സർവ്വനാശകരമായ സൈനികാക്രമണങ്ങളുടെ പരിണിതിയെന്ന നിലയിൽ തങ്ങളുടെ കിടപ്പാടവും വസ്തുവകകളും ജീവിതപരിസരവും അടുത്ത ബന്ധുക്കളും നഷ്ടപ്പെട്ട ദശലക്ഷക്കണക്കായ നിരപരാധികളായ ജനങ്ങൾ തങ്ങളുടെ നാട്ടിൽ നിന്ന്, അഭയാർത്ഥികളായി അന്യ രാജ്യങ്ങളിലേയ്ക്ക് സുരക്ഷതേടി പാലായനം ചെയ്യുവാൻ നിർബന്ധിതരായിരിക്കുകയാണിപ്പോൾ. ചോരക്കൊതി പൂണ്ട ചെന്നായകളെപേടിച്ച് വിറകൊണ്ട് ഓടുന്ന ആട്ടിൻപറ്റങ്ങളെപ്പോലെയാണ് ആലംബഹീനരായ അഭയാർത്ഥികളുടെ അവസ്ഥയെന്നാണ് ഒരു പാശ്ചാത്യ മാധ്യമപ്രവർത്തകന്റെ അഭിപ്രായം. എണ്ണപ്പാടങ്ങളും മറ്റ് പ്രകൃതിവിഭവങ്ങളും തട്ടിയെടുക്കാനും തങ്ങളുടെ സ്വാധീനമേഖല സൃഷ്ടിക്കുവാനും സൈനികബലം കാട്ടിപേടിപ്പിച്ച്, മേഖലയിലാകമാനം ആധിപത്യം സ്ഥാപിക്കാനും അതുവഴി ഹീനമായ സാമ്രാജ്യത്വ അജണ്ട നടപ്പിലാക്കാനും മാത്രമായി മദ്ധ്യേഷ്യയിൽ ഇതിനോടകം യുഎസ് സാമ്രാജ്യത്വം ചെയ്തു കൂട്ടിയ കുറ്റകൃത്യങ്ങളുടെ തോത് ഇത്രയൊക്കെയാണ്. എന്നിട്ടും, ഈ ലോകത്ത് ആര് നിലനിൽക്കണം, ആര് നശിക്കണം എന്ന് തീരുമാനിക്കാനുള്ള ഒരേയൊരു അധികാരി തങ്ങളാണെന്ന് സ്വയം പ്രഖ്യാപിച്ചുകൊണ്ട്, തങ്ങളാണ് 'ഏറ്റവും വലിയ ജനാധിപത്യസംവിധാനമെന്ന്' നാണമില്ലാതെ വീമ്പിളക്കുകയാണ്.

**ഇപ്പോൾ തുടർന്നു വരുന്ന സംഘർഷങ്ങളെ വിവിധ മത-ദേശീയ സമൂഹങ്ങൾ തമ്മിലുള്ള ആഭ്യന്തര-വിഭാഗീയ യുദ്ധങ്ങൾ എന്ന രീതിയിലാണ്, സ്വാധീനശേഷിയുള്ള വലിയൊരു വിഭാഗം മാദ്ധ്യമങ്ങൾ അവതരിപ്പിക്കുന്നത്. പക്ഷെ, ഈ യുദ്ധങ്ങളെല്ലാം തന്നെ, അധികാരഭ്രാന്ത് മൂത്ത, ലാഭാർത്തി പൂണ്ട, തത്വദീക്ഷയേതുമില്ലാത്ത, മനുഷ്യവംശത്തിന്റെ കൊടിയ ശത്രുവായ സാമ്രാജ്യത്വ ശക്തികൾ മനുഷ്യരാശിക്ക് മേൽ അടിച്ചേൽപ്പിക്കുന്ന ക്രൂരമായ കടന്നാക്രമണങ്ങളാണെന്ന് ശ്രദ്ധയോടെ വീക്ഷിച്ചാൽ മനസ്സിലാവും. ഭ്രാതൃഹത്യാപരമായ കുടിപ്പകകളെയും വംശീയ സംഘട്ടനങ്ങളെയും വളർത്തിയെടുക്കാനും തങ്ങളുടെ ആജ്ഞകളെ അനുസരിക്കാത്ത ഭരണകൂട സംവിധാനങ്ങളെ അസ്ഥിരപ്പെടുത്താനായി കലാപങ്ങൾ കുത്തിപ്പൊക്കുവാനും സാധ്യമായ എല്ലാ കുതന്ത്രങ്ങളും മെനായാനുമായി സൈനികശക്തിയുടെ മുഷ്ക്ക് പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ് സാമ്രാജ്യത്വ ശക്തികൾ.**

തകർന്നു വീഴലിന്റെയും മരണത്തിന്റെയും മാതൃഭൂമിയിൽ നിന്നുള്ള കുടിയൊഴിപ്പിക്കലിന്റെയും ദു:ഖക്കാഴ്ചയിൽ ചില രാജ്യങ്ങൾ കൂടുതൽ ദയനീയമായി മുഴച്ചുനിൽക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടെ സാമ്രാജ്യത്വ ശക്തികൾ ചേർന്ന് ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കുകയും ഒരു സയണിസ്റ്റ് വംശവെറി ഭരണസംവിധാനം അവിടെ സ്ഥാപിക്കുകയും ചെയ്ത കാലം മുതൽ തുടങ്ങിയതാണ് പാലസ്തീൻ ജനതയുടെ ദയനീയമായ ജീവിതാവസ്ഥ. അന്നു മുതലിങ്ങോട്ട് ഫലത്തിൽ ഈ പ്രദേശത്തെ മിക്കവാറുമെല്ലാ രാജ്യങ്ങളെയും സാമ്രാജ്യത്വത്തിന്റെ ഹീനവൃത്തികൾ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കഴിയുന്തോറും ഈ കൂട്ട സംഹാരവും നിലംപരിശാക്കലും കൂടുതൽ കൂടുതൽ ബീഭത്സമായി വരികയാണ്. ഈ പ്രക്രിയയിൽ സമീപകാലത്ത്, കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി ഏറ്റവും കൂടുതൽ നാശം അനുഭവിച്ച രാജ്യങ്ങളെന്ന നിലയിൽ ഇറാക്കിന്റെയും ലിബിയയുടെയും സിറിയയുടെയും യെമന്റെയും പേരുകൾ ലോകജനതയ്ക്ക് പരിചിതമാണ്.

### കൃത്രിമമായി ചമയ്ക്കപ്പെട്ട ആരോപണങ്ങളുമായി ഇറാക്ക് അധിനിവേശം

ഇക്കൂട്ടത്തിൽ, ഇറാക്ക് രണ്ടുതവണ സാമ്രാജ്യത്വ കടന്നാക്രമണങ്ങളാൽ നിലംപരിശാക്കപ്പെട്ടു. കഴിഞ്ഞ ശതാബ്ദത്തിന്റെ എൺപതുകളിലും പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭത്തിലും സമാനസംഭവങ്ങളിലെന്നപോലെ, ഈ രാജ്യത്തിന് മേൽ ഏറ്റവും ഭീകരമായ യുഎസ് അധിനിവേശത്തിന് വഴിയൊരുക്കുന്ന ന്യായീകരണങ്ങൾക്കും അനുകൂല ലോകാഭിപ്രായം സൃഷ്ടിച്ചെടുക്കുന്നതിനുമായി കെട്ടിച്ചമച്ച വാർത്തകൾ പടച്ചുവിട്ടുകൊണ്ട് സാമ്രാജ്യത്വത്തിന്റെ വക്കാലത്തെടുത്ത മാദ്ധ്യമങ്ങൾ ഒരു സുപ്രധാന പങ്ക് വഹിച്ചു. ഇറാക്കിനെതിരായ രണ്ടാം കടന്നാക്രമണയുദ്ധത്തിൽ യുഎസ് സാമ്രാജ്യത്വവും അവരുടെ വിശ്വസ്തസഹജീവികളായ ബ്രിട്ടണും മറ്റും ചേർന്ന് തങ്ങളുടെ കൈവശമുണ്ടായിരുന്ന ഏറ്റവും മാരകമായ വെടിക്കോപ്പുകൾ ഉപയോഗിച്ചുകൊണ്ട് മനുഷ്യത്വരഹിതമായി ആ ഭൂമിയെ തകർത്തു തരിപ്പണമാക്കി. കൂട്ടനശീകരണത്തിനുപയോഗിക്കുന്ന രാസ-ജൈവായുധങ്ങൾ കൈവശം വച്ചിട്ടുണ്ടെന്ന് ആരോപിച്ചുകൊണ്ട്, ആ പരമാധികാര രാഷ്ട്രത്തിന്റെ തലവനായ സദ്ദാം ഹുസൈനെ വേട്ടയാടിപ്പിടിക്കുകയും രാജ്യത്തിനകത്തെ തങ്ങളുടെ ഏജന്റുമാരുടെ സഹായത്തോടെ ഒരു വ്യാജവിചാരണ നടത്തി അദ്ദേഹത്തെ കൊല ചെയ്യുകയും ചെയ്തു. കൂട്ടനശീകരണായുധത്തെ സംബന്ധിച്ച ആരോപണം തീർത്തും കെട്ടിച്ചമച്ചതായി ലോകത്തിനുമുന്നിൽ തെളിവുസഹിതം വെളിവാക്കപ്പെട്ടു. ഇറാക്ക് യുദ്ധം നിയമവിരുദ്ധമാണെന്നും ഒരിക്കലും കണ്ടെത്താത്ത കൂട്ടനശീകരണായുധത്തിന്റെ നിരായുധീകരണമെന്ന വാദം മുന്നിൽവച്ചുകൊണ്ട് യുഎസ്എയിലെ ബുഷ് ഭരണകൂടം തുടങ്ങിവച്ച ഇറാക്ക് അധിനിവേശം അന്തർദ്ദേശീയ നിയമങ്ങളുടെ ലംഘനമാണെന്നും വ്യക്തമാക്കാതിരിക്കാൻ ഐക്യരാഷ്ട്രസഭയുടെ ഇറാക്കിലെ മനുഷ്യാവകാശ വിഭാഗത്തിന്റെ മേധാവിക്കും ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറലിന്റെ ഇറാക്കിന്റെ പ്രത്യേക പ്രതിനിധിക്കും കഴിഞ്ഞില്ല. "നിങ്ങളോടൊപ്പം, എന്തുതന്നെയായാലും" എന്ന് 2002 ജൂലൈ 28ന് ബുഷിന് വ്യക്തിപരമായ കത്തെഴുതിയ, പാർലമെന്റിനോട് കള്ളം പറഞ്ഞ ബ്രിട്ടീഷ് പ്രധാനമന്ത്രിക്ക് പിന്നീട്, "യഥാർത്ഥത്തിൽ പ്രയോഗിക്കാൻ പറ്റുന്ന ആയുധങ്ങൾ ഇല്ലെന്ന്" കണ്ടെത്തിയിരിക്കുകയും സദ്ദാം, "ഉദ്ദേശവും ശേഷിയും" നിലനിർത്തിയെന്ന് 2004-ൽ ഹൗസ് ഓഫ് കോമൺസിൽ സമ്മതിക്കേണ്ടി വന്നു. മനഃപൂർവ്വം കെട്ടിച്ചമച്ച, തീർത്തും വ്യാജമായ ഈ വാദത്തിന്റെ പിൻബലത്തോ

(ശേഷം 11-ാം പേജിൽ)

പശ്ചിമേഷ്യ

# യുദ്ധമില്ലെങ്കിൽ സാമ്രാജ്യത്വത്തിന് നിലനിൽപ്പില്ല

*(10-ാം പേജിൽ നിന്ന്)*

**ഇത്തരത്തിലുള്ള സർവ്വ നാശകരമായ സൈനികാക്രമണങ്ങളുടെ പരിണതിയെന്ന നിലയിൽ തങ്ങളുടെ കിടപ്പാടവും വസ്തുവകകളും ജീവിതപരിസരവും അടുത്ത ബന്ധുക്കളും നഷ്ടപ്പെട്ട ദശലക്ഷക്കണക്കായ നിരപരാധികളായ ജനങ്ങൾ തങ്ങളുടെ നാട്ടിൽ നിന്ന്, അഭയാർത്ഥികളായി അന്യ രാജ്യങ്ങളിലേയ്ക്ക് സുരക്ഷതേടി പാലായനം ചെയ്യുവാൻ നിർബന്ധിതരായിരിക്കുകയാണിപ്പോൾ. ചോരക്കൊതി പൂണ്ട ചെന്നായകളെപേടിച്ച് വിറകൊണ്ട് ഓടുന്ന ആട്ടിൻപറ്റങ്ങളെപ്പോലെയാണ് ആലംബഹീനരായ അഭയാർത്ഥികളുടെ അവസ്ഥയെന്നാണ് ഒരു പാശ്ചാത്യ മാധ്യമപ്രവർത്തകന്റെ അഭിപ്രായം. എണ്ണപ്പാടങ്ങളും പ്രകൃതിവിഭവങ്ങളും തട്ടിയെടുക്കാനും തങ്ങളുടെ സ്വാധീന മേഖല സൃഷ്ടിക്കുവാനും സൈനികബലം കാട്ടിപേടിപ്പിച്ച്, മേഖലയിലാകമാനം ആധിപത്യം സ്ഥാപിക്കാനും അതുവഴി ഹീനമായ സാമ്രാജ്യത്വ അജണ്ട നടപ്പിലാക്കാനും മാത്രമായി മദ്ധ്യേഷ്യയിൽ ഇതിനോടകം യുഎസ് സാമ്രാജ്യത്വം ചെയ്തു കൂട്ടിയ കുറ്റകൃത്യങ്ങളുടെ തോത് ഇത്രയൊക്കെയാണ്.**

ടെ ആരംഭിച്ച യുദ്ധം ഇറാക്കിന് മേൽ വരുത്തിവച്ചതെന്താണ്? യുഎസ് കൊലയാളി സംഘം ലക്കും ലഗാനുമില്ലാതെ ബോംബിട്ടു, ആശുപത്രികളും സ്കൂളുകളും പാലങ്ങളും മറ്റും തകർത്തു. വൃദ്ധരും കുട്ടികളും വികലാംഗരും സ്ത്രീകളുമടക്കം 20 ലക്ഷത്തിലധികം പേരെ കശാപ്പുചെയ്തു. അതിലുമധികം പേരെ അംഗഭംഗം വരുത്തി. ഇതൊക്കെ ലക്ഷ്യം തെറ്റി സംഭവിച്ചതാണെന്നാണ് കടന്നാക്രമണകാരികൾ പറഞ്ഞത്. തങ്ങളുടെ വരുതിയ്ക്ക് നിൽക്കുന്ന സർക്കാരുകളെ യുഎസ് സാമ്രാജ്യത്വം വാഴിച്ചു. അവർക്കൊരിക്കലും ജനകീയ പിന്തുണ നേടാനായില്ല; വിജയികളായ യുഎസ് പട്ടാളക്കാർ മഹത്തായ മെസപ്പൊട്ടോമിയൻ നാഗരികതയുടെ വിലമതിക്കാനാവാത്ത മ്യൂസിയം വസ്തുവകകളും കരകൗശലവസ്തുക്കളും യുദ്ധസ്മരണികകളെന്ന നിലയിൽ കൊള്ളയടിച്ചുകൊണ്ടുപോയി; യുഎസ് ഭരണാധികാരികൾ രാജ്യത്തെ പ്രകൃതി വിഭവങ്ങൾ, പ്രധാനമായും എണ്ണ ചൂഷണം ചെയ്യുകയും, അത് നിർബാധം നടത്തുവാനായി, സൈനിക സാന്നിദ്ധ്യം നിലനിർത്തുകയും ചെയ്തു.

**മതമൗലികവാദ- തീവ്രവാദ ഗ്രൂപ്പുകളെ സൃഷ്ടിച്ചത് അമേരിക്ക**

തങ്ങളുടെ പിടിമുറുക്കുവാനായി, പ്രധാനമായും മതേതരമായിരുന്ന ഇറാഖി ജനതയുടെ മേൽ അവർ മതവൈരം പ്രോത്സാഹിപ്പിച്ചു. മതവിഭാഗങ്ങൾക്കിടയിലും സുന്നി-ഷിയ പോലുള്ള അവാന്തരവിഭാഗങ്ങൾക്കിടയിലും അവർ അനൈക്യത്തിന്റെ വിത്തുവിതച്ചു. താലിബാൻ, അൽഖ്വെയ്ദ, അൽ നസ്ര മുന്നണിപോലെയുള്ള മതമൗലികവാദ ശക്തികളുടെ തോളിലേറി നിൽക്കുന്ന ഇസ്ലാമിക് സ്റ്റേറ്റ് പോലുള്ള ഭീകരശക്തികളെ അവർ പ്രോത്സാഹിപ്പിച്ചു.

അറബിക്കിൽ ദേയ്ഷ് എന്ന് ചുരുക്കപ്പേരുള്ള ഇസ്ലാമിക് സ്റ്റേറ്റ് വടക്കൻ ഇറാക്കിൽ വ്യാപിച്ച് സിറിയയുടെ ഉള്ളിലേക്ക് നീളുന്ന ഒരുഭാഗം കൈവശപ്പെടുത്തി. ഭീകരമായ മതമൗലികവാദസംഹിതകളെ അടിസ്ഥാനപ്പെടുത്തി ഒരു രാജ്യാന്തര ഖലീഫേറ്റ് രാഷ്ട്രം രൂപീകരിച്ചതായി 2014-ൽ പ്രഖ്യാപിക്കപ്പെട്ടു. ഐക്യരാഷ്ട്ര സഭയിലെ മുൻ അംബാസഡറായിരുന്ന ജോർദ്ദാനിയൻ രാജകുമാരൻ 2014 -ൽ ഇസ്ലാമിക് സ്റ്റേറ്റിന്റെ ഭരണത്തെ വിശേഷിപ്പിച്ചത് "തക്ഫിറി അല്ലാത്തവർക്ക് അവർക്കിടയിൽ അഭയം കൊടുക്കാത്ത, കിടപ്പാടം കൊടുക്കാത്ത കർക്കശമായ അധമവാസനകളുള്ള രക്തപങ്കിലമായ കൂടാരം "എന്നാണ്. നൈജീരിയ, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, യമൻ, കെനിയ, സോമാലിയ, മാലി, ലിബിയ, സിറിയ, ഇറാക്ക് എന്നിവിടങ്ങളിൽ കാണപ്പെടുന്ന തക്ഫിരി മനസ്സ് അയൽക്കാരനെ സ്നേഹിക്കുന്നില്ല. തങ്ങളുടെ വിശ്വാസത്തിൽ നിന്ന് വ്യത്യസ്തമായ വിശ്വാസം വച്ചുപുലർത്തുന്നവരെ വകവരുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന മാനസിക നിലയുള്ളവരാണവർ. അതിനാൽ അവർ മാദ്ധ്യമപ്രവർത്തകരുടെയും വിമർശകരുടെയും തലവെട്ടി, തങ്ങൾ സംശയിക്കുന്നവരെയും പ്രത്യേകിച്ച് തങ്ങളുടേതിൽ നിന്ന് വ്യത്യസ്തവിശ്വാസ പ്രമാണങ്ങളുള്ള സ്ത്രീകളെയും കുട്ടികളെയും മനുഷ്യത്വഹീനമായ ശാരീരിക പീഢനങ്ങളേൽപിച്ചു. പുരാതന സംസ്കാരത്തിന്റെ പ്രദേശങ്ങളിലെ (ഉദാഹരണത്തിന് ഇറാക്കിലെ നിമ്രുദിലെ അസ്സീറിയൻ സിറ്റി) അമൂല്യമായ വസ്തുക്കൾ ലക്കും ലഗാനുമില്ലാതെ നശിപ്പിച്ചു. ഇവ അവരുടെ വൈവിധ്യപൂർണ്ണമായ ക്രൂരതകളുടെ ചില ഉദാഹരണങ്ങൾ മാത്രം.

ഇന്ന് മദ്ധ്യേഷ്യയിലെയും തെക്കേഷ്യയിലെയും പടിഞ്ഞാറൻ, വടക്കൻ ആഫ്രിക്കയിലെയും നിരവധി രാജ്യങ്ങളിൽ വേരുറപ്പിച്ചിട്ടുള്ള, ഇക്കാലത്തെ ഏറ്റവും അപകടകാരികളും വെറുക്കപ്പെട്ടവരുമായ ഈ ഐഎസ് മതമൗലികവാദികൾ, പക്ഷേ, സാമ്രാജ്യത്വ ആസൂത്രണത്തിന്റെ അരുമസന്താനമാണ്. ഐഎസ് "ഞങ്ങളുടെ ഇറാക്ക് ആക്രമണത്തിൽ നിന്നാണ് വളർന്ന" തെന്ന് ഒടുവിൽ ഒബാമ മാദ്ധ്യമങ്ങളോട് സമ്മതിച്ചു. അതോടൊപ്പം, ഇറാക്ക് യുദ്ധം ഇല്ലായിരുന്നെങ്കിൽ "ഇസ്ലാമിക് സ്റ്റേറ്റും ഉണ്ടാവുമായിരുന്നില്ല"യെന്ന് മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ടോണിബ്ലയർ ഒരു സിഎൻഎൻ ഇന്റർവ്യൂവിൽ പറഞ്ഞു. യുഎസ് സാമ്രാജ്യത്വത്തിന്റെയും സഖ്യകക്ഷികളുടെയും സഹായത്താൽ സിറിയയിലും അവർക്ക് സ്വാധീന മേഖല സൃഷ്ടിക്കാൻ കഴിഞ്ഞു.

ഇറാക്കിന്റെ ഭീകരനാശവും ഇറാക്കിജനത ചോരപ്പുഴയൊഴുക്കുന്നതും അത്തരത്തിൽ സമ്പൂർണ്ണമായും കൃത്രിമത്വങ്ങളിലും കെട്ടിച്ചമക്കപ്പെട്ട ആരോപണങ്ങളിന്മേലുമായിരുന്നു. ആ രാജ്യത്തെയും ജനങ്ങളെയും അന്തിമമായി ദുരിതക്കയത്തിലാഴ്ത്തിയിരിക്കുന്നു. അങ്ങനെ ആധിപത്യത്തിനും ലാഭവേട്ടയ്ക്കും അത്യാർത്തിപൂണ്ട വഞ്ചകരും ക്രൂരരുമായ യുദ്ധക്കൊതിയന്മാരെന്ന സ്ഥാനം മനുഷ്യചരിത്രത്തിൽ യുഎസ് സാമ്രാജ്യത്വത്തിന് നൽകപ്പെടും.

**ലിബിയയ്ക്കുമേലുള്ള കുറ്റകരമായ അധിനിവേശയുദ്ധം**

യുഎസ് സാമ്രാജ്യത്വത്തിന്റെ കൃത്രിമത്വവും വഞ്ചനാത്മകതയും ക്രൗര്യവുമാണ് ഇറാക്ക് അധിനിവേശത്തിന്റെ മുഖമുദ്രയെങ്കിൽ, അവരുടെ 'ലിബിയൻ ചൂതാട്ടം' എന്ന് അവരുടെ തന്നെ മാദ്ധ്യമങ്ങൾ( *ന്യൂയോർക്ക് ടൈംസ്, ഫെബ്രുവരി 28-29,2016)* വിശേഷിപ്പിച്ച അധിനിവേശത്തെ അടയാളപ്പെടുത്തുന്നത് യുഎസ് നയങ്ങളുടെ ധാർഷ്ട്യത്തിന്റെയും വീണ്ടുവിചാരമില്ലായ്മയുടെയും മറ്റൊരു ഉദാഹരണമായാണ്. അവരുടെ സൈനിക നയത്തിന്റെയും അധിനിവേശ തന്ത്രങ്ങളുടെയും അവിഭാജ്യഭാഗവുമാണവ. വീറുറ്റ യുഎസ് വിരുദ്ധ നിലപാടുകളുടെ കാര്യത്തിൽ വിഖ്യാതനായ മുഹമ്മർ ഗദ്ദാഫി നയിക്കുന്ന ലിബിയൻ ഗവൺമെന്റിനെ മാറ്റി ആ രാജ്യത്ത് ഒരു പാവഭരണ സംവിധാനത്തെ സ്ഥാപിച്ചെടുക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു യുഎസ് യുദ്ധവെറിയന്മാരും അവരുടെ നാറ്റോ സഖ്യശക്തികളും ലിബിയൻ യുദ്ധം അഴിച്ചുവിട്ടത്. ആ രാജ്യത്തെ സമ്പന്നമായ എണ്ണശേഖരത്തോടുള്ള അടങ്ങാത്ത സാമ്രാജ്യത്ത ആർത്തി ശമിപ്പിക്കുകയെന്ന ലക്ഷ്യം വെച്ചായിരുന്നു ഈ നീക്കങ്ങളെല്ലാം. ഗദ്ദാഫിയുടെ നേതൃത്വത്തിൽ, 60 ലക്ഷം ജനങ്ങൾ മാത്രമുള്ള ലിബിയ വിഭാഗീയതകളൊന്നുമില്ലാതെ സമൃദ്ധമായ എണ്ണയുടെ സമ്പത്തോടെ ആഫ്രിക്കയിലെ ഏറ്റവും വികസിതമായ രാജ്യങ്ങളിലൊന്നായി വളർന്നിരുന്നു. അതിനാൽ യുഎസ് നിയന്ത്രണത്തിലുള്ള ഒരു പാവ സർക്കാരിനെ അവരോധിക്കാനും ആഫ്രിക്കയിലെ ഏറ്റവും വലിയ എണ്ണ ശേഖരത്തിന്മേൽ വിലപേശലില്ലാതെ, തടസ്സമേതുമില്ലാതെയുള്ള അവകാശം ഉറപ്പിക്കാനും മാത്രം ലക്ഷ്യംവച്ചായിരുന്നു ഗദ്ദാഫിയെ പുറത്താക്കിയത്. യുഎസ്-നാറ്റോ സഖ്യം നടത്തിയ തീർത്തും കുറ്റകരമായ, ഒരു രാഷ്ട്രത്തെയാകെ തച്ചുടച്ച യുദ്ധം ആരംഭിക്കുന്നതിന് മുമ്പ് സമാധാനപരമായി പരിഹരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നിർദ്ദേശങ്ങളും യുഎസ് യുദ്ധ വെറിയന്മാർ തള്ളിക്കളഞ്ഞിരുന്നു. തന്നെയുമല്ല, അവർ അൽഖ്വൈദ, ഐഎസ്, ബൊക്കോ ഹറാം തുടങ്ങിയവരുമായി നേരിട്ട് ബന്ധമുള്ള, കറകളഞ്ഞ മതമൗലികവാദശക്തികളായ സർക്കാർ വിരുദ്ധ മിലിഷ്യക്കു ആയുധങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. 2011-ൽ മുഹമ്മർ ഗദ്ദാഫിയെയും മകനെയും (രണ്ടുവർഷം മുമ്പ് മാത്രം ഇദ്ദേഹത്തിന് യുഎസ് ഭരണകൂടം ഊഷ്മളമായ സ്വീകരണം നൽകിയിരുന്നു) യുഎസ് പിന്തുണയുള്ള മതമൗലികവാദ റെബലുകളുടെ കൊലയാളിക്കൂട്ടം പരസ്യമായി കൊന്നു. ഈ കൊല ഒരു വീഡിയോവഴി കണ്ടുകൊണ്ടിരിക്കെ അന്നത്തെ യുഎസ് സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റൻ കൊലപാതകത്തെ സ്വാഗതം ചെയ്തുകൊണ്ട് അത്ഭുതത്തോടെ പറഞ്ഞു "ഞങ്ങൾ വന്നു, ഞങ്ങൾ കണ്ടു, അയാൾ മരിച്ചു". ലിബിയൻ സർക്കാരിൽ നിന്ന് പിടിച്ചെടുത്ത ആയുധകൂമ്പാരത്തെ ലിബിയയിലെ സിഐഎയുടെ മേൽനോട്ടത്തിൽ ഇസ്ലാമിക് പോരാളികളോടൊപ്പം സിറിയയിലേക്ക് കടത്തി. അവർ ബങ്കാസിയിലും തെക്കൻ തുർക്കിയിലും രഹസ്യകേന്ദ്രം സ്ഥാപിച്ചു.

അന്തർദ്ദേശീയ, ഭരണഘടനാപരമായ, നിയമങ്ങളെയും യുഎസ് സ്റ്റാറ്റ്യൂട്ട് നിയമങ്ങളെയും പ്രകടമായി ലംഘിച്ചുകൊണ്ടു നടത്തിയ ഈ നീക്കങ്ങളെല്ലാം ചേർന്ന് ഒരിക്കൽ സമ്പൽസമൃദ്ധമായിരുന്ന ഒരു രാജ്യത്തെ അവസാനിക്കാത്ത ഹിംസകളുടെ വറചട്ടിയാക്കി മാറ്റി. രോഗികളും വൃദ്ധരും കുട്ടികളും സ്ത്രീകളുമടങ്ങുന്ന പതിനായിരക്കണക്കിന് മനുഷ്യർക്ക് പറഞ്ഞറിയിക്കാനാവാത്ത ദുരിതങ്ങൾ നൽകി. യുദ്ധത്തിന് ശേഷം കേന്ദ്രീകൃത അധികാര ഘടനയില്ലാത്ത ഒരു രാജ്യമായി മാറി ലിബിയ. സായുധ മിലിഷ്യകൾ നിയന്ത്രണാവകാശങ്ങൾക്ക് മല്ലടിച്ചുകൊണ്ട് തെരുവുകൾ തോറും റോന്തുചുറ്റി. രാജ്യത്തിന്റെ മൂന്നിലൊന്നു ഭാഗം ജനങ്ങൾ അതിർത്തി കടന്ന് ടുണീഷ്യയിലേക്ക് പാലായനം ചെയ്തു. മറ്റുള്ളവർ യൂറോപ്പിലേക്ക് പാലായനം ചെയ്തു.അവിടെ അവർ അവജ്ഞയോടെയാണ് സ്വാഗതം ചെയ്യപ്പെട്ടത്. കോൺസൺട്രേഷൻ ക്യാമ്പിന് സമാനമായ സാഹചര്യത്തിലാണ് അവരെ തടവിൽ പാർപ്പിച്ചത് (ഗ്ലോബൽ റിസർച്ച്, 04.08.16). 2012 സെപ്റ്റംബറിൽ ബങ്കാസിയിലെ യുഎസ് കേന്ദ്രം ആക്രമിക്കപ്പെടുകയും യുഎസ് അംബാസിഡറും മൂന്ന് സുരക്ഷാഭടന്മാരും കൊല്ലപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ സാഹചര്യങ്ങളെത്തി. ലിബിയൻ യുദ്ധത്തെ ലിബിയയ്ക്ക്മേലുള്ള യുഎസ് നാറ്റോ യുദ്ധമെന്ന് വിളിക്കുന്നെങ്കിലും'യഥാർത്ഥ മനുഷ്യചരിത്രത്തിൽ യുഎസ് ഭരണാധികാരികളുടെയും അതിന്റെ ആകമാനരാഷ്ട്രീയ സംവിധാനത്തിന്റെയും അധഃപതിച്ച സ്വഭാവത്തിന്റെ പൂർണ്ണാവസ്ഥയിലുള്ള ഒരു പ്രതിഫലനമാണ്' (*വേൾഡ് സോഷ്യലിസ്റ്റ് വെബ്സൈറ്റ്*) എന്നാണ് വിലയിരുത്തപ്പെടുന്നത്.

യുഎസ് ഭരണാധികാരികൾക്ക് അവർ തുറന്ന് ആഗ്രഹിച്ചതുപോലെ അധിനിവേശം നടത്താനും ലിബിയയെ താറുമാറാക്കാനും കഴിഞ്ഞു. പക്ഷേ അവർക്കും അവരുടെ നയങ്ങൾക്കുമെതിരെ സ്വന്തം ജനങ്ങളടക്കമുള്ള ലോകജനതയുടെ അഭിപ്രായം വളരെവേഗം വളരുന്നതിനെ തടയാനവർക്കായില്ല. അതിനാൽ യുഎസ് സാമ്രാജ്യത്വം വേറൊരു രാജ്യത്ത്, സിറിയയിൽ മറ്റേതെങ്കിലും രീതികൾ പരീക്ഷിക്കാൻ പുറപ്പെട്ടു.

**സിറിയയിൽ പാവസർക്കാരിനെ അവരോധിക്കാനുള്ള ഹീനമായ പദ്ധതി**

യുഎസ് സാമ്രാജ്യത്വവും ഇസ്രായേലിനെപ്പോലുള്ള പിണിയാളുകളും സൗദി അറേബ്യയിലെയും ജോർദ്ദാനിലെയും ഖത്തറിലെയും യുഎഇയിലെയും രാജഭരണങ്ങളും സിറിയയിൽ പ്രസിഡന്റ് ബാഷർ അൽ-അസ്സദിനെ പുറത്താക്കിക്കൊണ്ട് ഒരു ഭരണമാറ്റത്തിന് ആഗ്രഹിച്ചു. ഈ ശപഥത്തോടെ അസ്സദ് വിരുദ്ധ റെബൽ ഗ്രൂപ്പുകളെയും ഫ്രീ സിറിയൻ ആർമിയെന്ന തട്ടിക്കൂട്ടിയ ഒരു സേനയെയും ധനസഹായം ചെയ്ത് ആയുധം കൊടുത്ത് പരിശീലനം നൽകി വളർത്തിയെടുത്തു. സ്വേഛാധിപത്യപരമായ, ജനാധിപത്യവിരുദ്ധമായ ഭരണാധികാരിയാണെങ്കിലും അസ്സദിന് യുഎസ് പദ്ധതിയ്ക്കെതിരെ ജനങ്ങളുടെ പിന്തുണ ആർജ്ജിക്കാൻ കഴിഞ്ഞത് കൊണ്ട് മേൽപ്പറഞ്ഞ ശക്തികൾക്ക് ഒരിക്കലും അവരുടെ ലക്ഷ്യം കാണാൻ കഴിഞ്ഞില്ല. മതമൗലികവാദശക്തികൾക്ക് തലപൊക്കാൻ നിലമൊരുക്കുന്ന വിധത്തിൽ രാജ്യത്തിനകത്ത് കലാപവും സംഘർഷവും സൃഷ്ടിക്കുന്ന കാര്യത്തിൽ മാത്രം റെബൽ ശക്തികൾ വിജയിച്ചു. ഈ സാഹചര്യം മുതലെടുത്തുകൊണ്ട് ഐഎസിന് സിറിയയ്ക്കകത്ത് സ്വാധീനമുറപ്പിക്കാൻ കഴിഞ്ഞു. അസ്സദ് വിരുദ്ധ ശക്തിയെന്ന നിലയ്ക്ക് എല്ലാവിധ സാധനസാമഗ്രികളും നൽകി അനുഗ്രഹിച്ചുകൊണ്ട് സാമ്രാജ്യത്തം നിലകൊണ്ടു. യുഎസ് പിന്തുണയോടെ ഐഎസും സിറിയൻ റെബൽ ഗ്രൂപ്പുകളും തട്ടിക്കൊണ്ടുപോകലും പീഢനങ്ങളും പിടികൂടി ഉടൻ വധിക്കലും പോലുള്ള അന്തർദ്ദേശീയ നിയമലംഘനങ്ങൾ നടത്തുകയാണെന്ന് ആനംസ്റ്റി ഇന്റർനാഷണൽ പറയുന്നു. യുദ്ധക്കുറ്റങ്ങളിൽ കുറ്റം ചുമത്തപ്പെട്ടവരും മറ്റു ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നവരും അന്തർദ്ദേശീയ മനുഷ്യാവകാശ നിയമങ്ങളുടെ ലംഘകരുമായ സായുധസംഘങ്ങൾക്ക് ആയുധങ്ങളും വെടിക്കോപ്പുകളും സാധനസാമഗ്രികളും സാമ്പത്തിക സഹായങ്ങളും നൽകുന്നത് ഉടനടി അവസാനിപ്പിക്കണമെന്ന് ഇന്റനാഷണൽ സിറിയ സപ്പോർട്ട് ഗ്രൂപ്പിൽപ്പെട്ട യുഎസ്, സൗദി അറേബ്യ,ഖത്തർ, തുർക്കി, യുകെ, ഫ്രാൻസ് എന്നീ രാജ്യങ്ങളോട് ആംനസ്റ്റി ഇന്റർനാഷണൽ ആവശ്യപ്പെടുന്നു. മറുവശത്ത് റഷ്യൻ സൈന്യത്തിന്റെ വ്യോമ പ്രതിരോധ പിന്തുണയോടെ സിറിയൻ സൈന്യം റെബൽ സംഘങ്ങൾ നിയന്ത്രിക്കുന്ന പ്രദേശങ്ങളിൽ ശക്തമായ ആക്രമണം നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ. ഈ ആക്രമണങ്ങളോടെ ഐഎസിനും യുഎസ് പിന്തുണയുള്ള റെബൽ സംഘങ്ങൾക്കും തങ്ങളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കെ, മനുഷ്യാവകാശങ്ങളുടെ പേരുപറഞ്ഞ് ഈ മുന്നേറ്റങ്ങളെ തടയാനായി യുഎസ് സാമ്രാജ്യത്വവും സഖ്യശക്തികളും വല്ലാതെ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. യുഎസ്എ യും റഷ്യയും തമ്മിൽ എണ്ണസമ്പന്നമായ, തന്ത്രപ്രധാനമായ ഈ ഭൂഭാഗത്ത് തങ്ങളുടെ മേധാവിത്വം സ്ഥാപിക്കുന്നത് ഉറപ്പാക്കാനായി ചിലപ്പോൾ ഹിംസാത്മകമായിപ്പോലും പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് ലോകമിപ്പോൾ കാണുന്നത്.

ഇതിന്റെയെല്ലാം ഫലമായി ഈ ഗുരുതരമായ, നീണ്ടുനിൽക്കുന്ന യുദ്ധം ലക്ഷക്കണക്കിന് സിറിയൻ ജനങ്ങളെ കശാപ്പുചെയ്തു. (ചില റിപ്പോർട്ടുകൾ അത് മൂന്നുലക്ഷമെന്നും മറ്റുചില റിപ്പോർട്ടുകൾ പത്തുലക്ഷമെന്നും പറയുന്നു). കൂടാതെ നിരവധി ദശലക്ഷങ്ങളെ അത് തങ്ങളുടെ കിടപ്പാടം ഉപേക്ഷിച്ച് പാലായനം ചെയ്യിപ്പിച്ചു. വാസ്തവത്തിൽ സാമ്രാജ്യത്വം സൃഷ്ടിച്ചെടുത്ത യുദ്ധത്തിന്റെ ഇരകളായ, സിറിയയിൽ നിന്നും

*(ശേഷം 12-ാം പേജിൽ)*

പശ്ചിമേഷ്യ

# ഐഎസ് മതമൗലികവാദികൾ സാമ്രാജ്യത്വ ആസൂത്രണത്തിന്റെ സന്തതി

(11-ാം പേജിൽ നിന്ന്)

ഇറാക്കിൽ നിന്നുമുള്ള അഭയാർത്ഥികൾക്ക് തങ്ങളുടെ ഭൂമി ഉപേക്ഷിച്ചു പാലായനം ചെയ്യാനും ബോട്ടുകളിൽ കയറി മെഡിറ്ററേനിയൻ കടൽകടക്കാനുള്ള അപകടകരമായ ശ്രമം നടത്തുകയുമല്ലാതെ മറ്റൊരു മാർഗ്ഗവും കാണുന്നില്ല. അനിതര സാധാരണമായ രീതിയിൽ യൂറോപ്പിൽ ഉടലെടുത്ത അഭയാർത്ഥി പ്രശ്നത്തിന്റെ ഉത്തരവാദികൾ എന്ന് സാമ്രാജ്യത്വവും അവരുടെ പിണിയാളുകളായ മാദ്ധ്യമങ്ങളും മുദ്രകുത്തുന്ന നിരപരാധികളായ ആലംബഹീനരായ വൻ ജനസഞ്ചയത്തിൽപ്പെടുന്നവരാണിവർ. സ്വന്തം ഹീനമായ പ്രവൃത്തികളിൽ നിന്ന് രക്ഷപ്പെടാനായി ഇറാക്കിന്റെയും സിറിയയുടെയും മേൽ ഇതിന്റെ ഉത്തരവാദിത്വം ചാർത്തുകയും നല്ലവരായ രക്ഷകരായി സ്വയം ചമയുകയും ചെയ്യുന്നു. സത്യത്തിന്റെ എത്ര വാചാലമായ വളച്ചൊടിക്കൽ!

### സിറിയയെപ്പറ്റി കുറച്ചുകൂടി

സാമ്രാജ്യത്വ കടന്നാക്രമണങ്ങളുടെ സമകാലിക ഘട്ടത്തെ ഫലത്തിൽ നിർവ്വചിക്കുന്ന യുദ്ധമായ സിറിയയ്ക്കതിരായ യുദ്ധം യുഎസും സിഐഎയും സാമ്രാജ്യത്ത ബിനാമികളും അവരുടെ സഖ്യശക്തികളും നടത്തുന്ന യുദ്ധമാണ്. ഒരു രഹസ്യ *സൈക്സ്-പിക്കോട്ട് 2.0* കരാറിന്റെ അടിസ്ഥാനത്തിൽ യുഎസ്സാമ്രാജ്യത്തശക്തികൾ മദ്ധ്യേഷ്യയെയും വടക്കൻ ആഫ്രിക്കയെയും പുനർവിഭജനം നടത്തിക്കൊണ്ടിരിക്കുയാണെന്ന് ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. തെക്ക് പടിഞ്ഞാറൻ ഏഷ്യയിൽ പരസ്പരം സമ്മതിച്ച പ്രകാരം സ്വാധീനമേഖലകളും നിയന്ത്രണമേഖലകളും നിർവ്വചിച്ചുകൊണ്ട് ഗ്രേറ്റ്ബ്രിട്ടനും ഫ്രാൻസും (*സാറിസ്റ്റ് റഷ്യയും അതിൽ പങ്കാളിയായിരുന്നു.*) 1916-ൽ ഉണ്ടാക്കിയ രഹസ്യകരാറാണ് സൈക്സ്-പിക്കോട്ട്. സ്വതന്ത്രരാജ്യങ്ങളെ അസ്ഥിരപ്പെടുത്തുകയും സ്വാതന്ത്ര്യത്തിന്റെ ഏതെങ്കിലുമൊരംശം നേടിയെടുക്കുന്നതിൽ നിന്ന് ഏതൊരുശക്തിയെയും തടയുകയുമായിരുന്നു അതിന്റെ ലക്ഷ്യം. ഇറാക്കിന്റെ തകർച്ചയും അഫ്ഗാനിസ്ഥാനിലെ തുടർച്ചയായ അധിനിവേശവും ലിബിയയുടെ സമ്പൂർണ്ണ നാശവുമില്ലാതെ സിറിയയ്ക്കെതിരെയുള്ള യുദ്ധം അസാദ്ധ്യമായിരുന്നു. കുർദ്ദുകൾക്കും ക്രിസ്ത്യാനികൾക്കും ദ്രൂസുകൾക്കും ഷിയാകൾക്കും സുന്നികൾക്കുമെതിരെ അറുപിന്തിരിപ്പൻ മരണ സ്ക്വാഡുകൾ കൂട്ടക്കുരുതി നടത്തുകയാണെങ്കിലും അവർ കീഴടങ്ങില്ല. സിറിയയിലെ യുദ്ധനടപടികളെന്നതിനുപരി നാറ്റോയുടെ മദ്ധ്യ കിഴക്കേഷ്യൻ ആണവയുദ്ധകേന്ദ്രമായ തുർക്കിയും സിറിയയ്ക്കെതിരായ യുദ്ധത്തിൽ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. തുർക്കി ഒരു ആഭ്യന്തരയുദ്ധത്തിന്റെ വഴിയിൽ സ്വന്തം തെരുവുകളിൽ കാലിടറുമ്പോൾ, അത്തേസമയം തന്നെ സിറിയയിലും ഇറാക്കിലും തങ്ങളുടെ സാമ്രാജ്യത്വ താല്പര്യങ്ങളുമായി മുന്നോട്ടുപോവുകയാണ്. യുദ്ധമേഖല വിപുലപ്പെടുത്തിക്കൊണ്ട് സിറിയയിലുള്ള നാറ്റോ താല്പര്യങ്ങൾ വികസിപ്പിക്കുവാനായി തുർക്കിയെ ഉപയോഗപ്പെടുത്തുമെന്നത് ഏതാണ്ട് ഉറപ്പായകാര്യമാണ്.

### പാവപ്പെട്ട യെമനി ജനതയുടെ മേലുള്ള കിരാതമായ കടന്നാക്രമണങ്ങൾ

മദ്ധ്യ കിഴക്കേഷ്യയിലെ ഏറ്റവും ദരിദ്രമാക്കപ്പെട്ട രാജ്യമായ ചെങ്കടൽ തീരത്തെ യമനിൽ വിനാശത്തിന്റെയും മരണത്തിന്റെയുമായ മറ്റൊരങ്കം നടമാടിക്കൊണ്ടിരിക്കുകയാണ്. ഇവിടെ യുഎസ് മോഡലിലുള്ള ഭരണമാറ്റ നാടകം റിവേഴ്സ് രീതിയിലാണ് നടന്നുവരുന്നത്. ഇന്നത്തെ പ്രസിഡന്റായ റബ്ബ് മൻസൂർഹാദിയെ 2014-ന്റെ അവസാനത്തിൽ യെമനി ജനത നാടുകടത്തിയതാണ്. ഒരു ചെറിയ പിന്തുണാടിത്തറയേ ഉള്ളൂവെങ്കിൽ പോലും യുഎസ് സാമ്രാജ്യത്വത്തിന്റെ വിശ്വസ്ത സഖ്യ കക്ഷിയായ സൗദി അറേബ്യൻ രാജകുടുംബത്തിന്റെ അനുഗ്രഹാശിസ്സുകളോടെ ഹാദിയെ അധികാരത്തിൽ അവരോധിച്ചു. ഐക്യരാഷ്ട്രസഭയുടെ സമാധാന നിർദ്ദേശത്തെ നിരസിക്കാൻ പോലുമുള്ള ധൈര്യം ഈ പിന്തുണ ഹാദിക്ക് നൽകി. സമാധാന നീക്കങ്ങളെ സൗദി അറേബ്യ തുരങ്കം വയ്ക്കുകയും അതിന് യുഎസ് ഭരണകൂടം പരോക്ഷ പിന്തുണയുമായി നിലകൊള്ളുകയും ചെയ്തു. യമനിനുമേൽ ഏവ്വിധമെങ്കിലും ഹാദിയുടെ നിയന്ത്രണം ഉറപ്പിക്കാനും അങ്ങിനെ സൗദിയുടെയും യുഎസ്എയുടെ മറ്റ് സഖ്യകക്ഷികളുടെയും സാമ്പത്തിക -രാഷ്ട്രീയ താൽപര്യങ്ങൾ ഉറപ്പിക്കാനുമായി 2015 മാർച്ച് മുതൽ ഷിയ റെബലുകളുടെയും മുൻപ്രസിഡന്റ് അലി അബ്ദുള്ള സലെയെ പിന്തുണയ്ക്കുന്നവരടക്കമുള്ള അവരുടെ സഖ്യശക്തികളുടെയും നേർക്ക് വ്യോമാക്രമണങ്ങൾ നടത്തിവരികയാണ്. വിശ്വസ്തനും സഹായിയും ഗുരുവുമായ യുഎസ് സാമ്രാജ്യത്വം ആക്രമണകാരികൾക്ക് സാധന സാമഗ്രികളും എണ്ണ നിറയ്ക്കാനുള്ള സൗകര്യങ്ങളും മറ്റും നൽകി സഹായിക്കുകയാണ്.

> ഇന്ന് മദ്ധ്യേഷ്യയിലെയും തെക്കേഷ്യയിലെയും പടിഞ്ഞാറൻ, വടക്കൻ ആഫ്രിക്കയിലെയും നിരവധി രാജ്യങ്ങളിൽ വേരുറപ്പിച്ചിട്ടുള്ള, ഇക്കാലത്തെ ഏറ്റവും അപകടകാരികളും വെറുക്കപ്പെട്ടവരുമായ ഈ ഐഎസ് മതമൗലികവാദികൾ, പക്ഷേ, സാമ്രാജ്യത്വ ആസൂത്രണത്തിന്റെ അരുമസന്താനമാണ്. ഐഎസ് "ഞങ്ങളുടെ ഇറാക്ക് ആക്രമണത്തിൽ നിന്നാണ് വളർന്ന" തെന്ന് ഒടുവിൽ ഒബാമ മാദ്ധ്യമങ്ങളോട് സമ്മതിച്ചു. അതോടൊപ്പം, ഇറാക്ക് യുദ്ധം ഇല്ലായിരുന്നെങ്കിൽ "ഇസ്ലാമിക് സ്റ്റേറ്റും ഉണ്ടാവുമായിരുന്നില്ല"യെന്ന് മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ടോണിബ്ലയർ ഒരു സിഎൻഎൻ ഇന്റർവ്യൂവിൽ പറഞ്ഞു. യുഎസ് സാമ്രാജ്യത്വത്തിന്റെയും സഖ്യകക്ഷികളുടെയും സഹായത്താൽ സിറിയയിലും അവർക്ക് സ്വാധീനമേഖല സൃഷ്ടിക്കാൻ കഴിഞ്ഞു.

ഇതിൽ നിന്നെല്ലാം ഊർജ്ജം ശേഖരിച്ചും ധൈര്യം സംഭരിച്ചും സൗദി അറേബ്യയും സഖ്യ ശക്തികളും ബോധപൂർവ്വം ഈ പാവപ്പെട്ട രാജ്യത്തിലെ വൈദ്യുത കേന്ദ്രങ്ങളേയും ജലവിതരണസംവിധാനങ്ങളേയും ആശുപത്രികളിൽ ഒട്ടുമിക്കവയേയും മറ്റുസുപ്രധാന സിവിലിയൻ അടിസ്ഥാന സൗകര്യങ്ങളെയും തകർത്തു നശിപ്പിച്ചു. ഇതെല്ലാം വൻതോതിലുള്ള മനുഷ്യക്കുരുതിയും ഭീകരനാശങ്ങളുമുണ്ടാക്കി. വിനാശകരമായ രീതിയിൽ കോളറയും പൊട്ടിപ്പുറപ്പെട്ടു. അടുത്തിടെയുണ്ടായ ഹീനമായ ഒരു നടപടിയിൽ, 2016 ഒക്ടോബറിൽ, ഒരു ശവസംസ്കാര യാത്രയുടെ മേൽ അമേരിക്കൻ പിന്തുണയുള്ള സൗദി സേന അമേരിക്കൻ നിർമ്മിത 500 പൗണ്ട് ലേസർഗൈഡഡ് ബോംബ് പതിപ്പിച്ചു. ഇതിനോടകം തങ്ങളുടെ ഉറ്റവരെ നഷ്ടപ്പെട്ട 140 ലധികം പേരെ കൊന്നൊടുക്കുകയും 525 ഓളംപേരെ പരിക്കേൽപ്പിക്കുകയും ചെയ്തു. പ്രകടമായ യുദ്ധക്കുറ്റമെന്ന് ഹ്യൂമൻ റൈറ്റ് വാച്ച് ഗ്രൂപ്പ് ഈ സംഭവത്തെ വിശേഷിപ്പിക്കുകയുണ്ടായി. (ഗാർഡിയൻ 15.10.16) ഇതിനോടുള്ള പ്രതികരണമെന്ന നിലയിൽ ഹൗത്തി റെബലുകൾ തങ്ങളുടെ പക്കലുണ്ടായിരുന്ന സോവിയറ്റ് കാല മിസൈലുകൾ വിക്ഷേപിക്കുകയും നാശമുണ്ടാക്കാതെ അവ വെള്ളത്തിൽ പതിക്കുകയും ചെയ്തു. ഇതിന് മറുപടിയായി തങ്ങളുടെ രാഷ്ട്രത്തിന്റെ ആയിരക്കണക്കിന് കിലോമീറ്ററുകൾ അകലെയുള്ള ചെങ്കടലിൽ നങ്കൂരമിട്ടിരിക്കുന്ന യുഎസ് നാവികപ്പട തങ്ങളുടെ ഡിസ്ട്രോയർ കപ്പലിൽ നിന്ന് ക്രൂയിസ് മിസൈലുകൾ ഹൗത്തി നിയന്ത്രിത മേഖലകളിലെ റഡാർ സ്റ്റേഷനുകളെ ലക്ഷ്യം വച്ച് വിക്ഷേപിച്ചു. "ഞങ്ങളുടെ ആളുകളെയും ഞങ്ങളുടെ കപ്പലുകളെയും ഈ സുപ്രധാന കടൽപ്പാതയിൽ ഞങ്ങളുടെ സ്വതന്ത്രമായ കപ്പലോട്ടത്തെയും സംരക്ഷിക്കാനുള്ള ചുരുങ്ങിയ തോതിലുള്ള സ്വയം സംരക്ഷണ നടപടി"യായിരുന്നു അതെന്ന് പറഞ്ഞ് പെന്റഗൺ മാദ്ധ്യമ സെക്രട്ടറി ന്യായീകരിച്ചു. ഒരുതെമ്മാടിയുടെ ലജ്ജയില്ലാത്ത കുറ്റസമ്മതം!

### അമേരിക്കൻ യുദ്ധനയത്തെ സ്വന്തം ജനത ചോദ്യം ചെയ്യുന്നു

യുഎസ് ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന കുഴപ്പങ്ങളിൽ പെട്ടുപോകുന്ന മദ്ധ്യേഷ്യയിലെയും ചുറ്റുപാടുമുള്ള രാജ്യങ്ങളുടെ പട്ടികയിൽ അഫ്ഗാനിസ്താൻ, പാകിസ്ഥാൻ, ലെബനോൺ, ഈജിപ്ത്, ഇറാൻ തുടങ്ങിയ രാജ്യങ്ങളുമുണ്ട്. അവരൊക്കെ ഒന്നുകിൽ അഫ്ഗാനിസ്താനെപ്പോലെ യുഎസിന്റെ നിഷ്ഠൂരമായ അധിനിവേശത്തിനിരയാവുകയോ അല്ലെങ്കിൽ (സൗദിയിൽ പിറവിയെടുത്ത അൽഖൈദയാവട്ടെ അഫ്ഗാനിസ്ഥാനിൽ പിറന്ന താലിബാനാവട്ടെ, അടുത്തയിടെയുണ്ടായ ഐഎസ്ഐഎസ് ആവട്ടെ) യുഎസ് സാമ്രാജ്യത്വം സൃഷ്ടിച്ച് വളർത്തിയെടുക്കുന്ന മതമൗലികവാദികളുടെ പ്രവർത്തനങ്ങളുടെ ഇരയാവുകയോ ചെയ്യും. ഒരിക്കൽ ഇറാക്കിന്റെ ബദ്ധശത്രുവായിരുന്ന ഇറാന്റെ ഉയർന്ന നേതാവ് " ഇറാക്കിന്റെ ആഭ്യന്തരകാര്യങ്ങളിൽ യുഎസും മറ്റുള്ളവരും ഇടപെടുന്നതിനെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. തങ്ങളെ അന്ധമായി പിന്തുണയ്ക്കുന്നവരെ അധികാരത്തിൽ കൊണ്ടുവരാനാണ് യുഎസ് ലക്ഷ്യം വയ്ക്കുന്നത്", എന്ന് പറയുന്നിടത്തോളം യുഎസ് ഇടപെടലും അധിനിവേശവും ചെന്നെത്തിനിൽക്കുന്നുവെന്ന് പറഞ്ഞാൽ മതിയല്ലോ. യുദ്ധോന്മുഖരായ ആക്രമണകാരികളെ ജനാധിപത്യത്തിന്റെയും മനുഷ്യാവകാശങ്ങളുടെയും രക്ഷകരായും, മറിച്ച്, ഇവയൊക്കെ ലംഘിക്കുന്നത് അവർ ലക്ഷ്യം വയ്ക്കുന്ന രാജ്യത്തിലെ ഒന്നല്ലെങ്കിൽ മറ്റൊരു ഭരണാധികാരിയാണെന്നും വരുത്തിക്കൊണ്ട് ചിത്രീകരിക്കാനായി കുത്തകകളും സാമ്രാജ്യത്വവും നിയന്ത്രിക്കുന്ന മാദ്ധ്യമങ്ങൾ എല്ലാവിധ മാർഗങ്ങളും ഉപാധികളും പ്രയോഗിക്കുന്നുണ്ട്. പക്ഷേ, എത്രമാത്രം മേൽനോട്ടം വഹിച്ചും സെൻസർ ചെയ്തും വ്യാജമായിപ്പോലും വാർത്തകൾ സൃഷ്ടിച്ചാലും സത്യം സ്ഥിര സ്വഭാവത്തോടെ പുറത്തുവരുന്നുണ്ട്. കൂട്ട നശീകരണായുധം കൈവശം വച്ചുവെന്നും ഉപയോഗിച്ചെന്നുമുള്ള വാദം അനിഷേധ്യമായ തെളിവുകളുടെയും രേഖകളുടെയും വെളിച്ചത്തിൽ തീർത്തും വ്യാജമായിരുന്നുവെന്നും ഗദ്ദാഫിയുടെ കൊലപാതകവും ലിബിയയെ സർവ്വനാശത്തിലെത്തിച്ചതും ക്രിമിനൽ നടപടിയാണെന്നും സിറിയയിൽ പാവഭരണകൂടത്തെ പ്രതിഷ്ഠിക്കാനായി വെപ്രാളപ്പെട്ടു നടത്തിയ ശ്രമം മദ്ധ്യേഷ്യയിൽ യുഎസ് സാമ്രാജ്യത്തിനെതിരെയുള്ള അവസാനത്തെ ഒരു മുഖ്യ എതിരാളിയെ പിഴുതെറിയാനുള്ള തന്ത്രമായിരുന്നെന്നും മിനിമം ബോധമുള്ള ഏതൊരാൾക്കും ഇന്ന് വ്യക്തമായി മനസ്സിലാവും. യുഎസ് സാമ്രാജ്യത്വം നടത്തിയ വിയറ്റ്നാം യുദ്ധകാലത്ത് യുഎസ്എയിലെ ജനങ്ങൾ ഉയർത്തിയ ചോദ്യങ്ങളെക്കാൾ കൂടുതൽ സൂക്ഷ്മമായ ചോദ്യങ്ങൾ അവർ ഇന്നുയർത്തുന്നുണ്ട്. വാൾ സ്ട്രീറ്റ് പിടിച്ചെടുക്കൽ പ്രക്ഷോഭണത്തിൽ പ്രതിഫലിച്ചതു പോലെയുള്ള ശക്തമായ പ്രതിഷേധങ്ങൾ തങ്ങളുടെ ഭരണാധികാരികൾക്കെതിരെ ഉയർത്തുന്നതിന് പുറമേ, യുദ്ധത്തിന് എതിരായും സമാധാനത്തിന് വേണ്ടിയുമുള്ള വമ്പിച്ച ജനപങ്കാളിത്തത്തോടെയുള്ള റാലികളും അവർ സംഘടിപ്പിക്കുന്നുണ്ട്. ആയിരക്കണക്കിന് കിലോമീറ്റർ അകലെ മദ്ധ്യേഷ്യയിലോ ആഫ്രിക്കയിലോ ഉള്ള മരുഭൂമികളിൽ കിടന്ന് യുഎസ്എയിലെ ജനങ്ങൾ എന്തിനാണ് മരണം വരിക്കുന്നതെന്ന് അവർ ചോദിക്കുന്നു. മുതലാളിത്തം സ്വന്തം മണ്ണിൽ അവരെ പിഴിഞ്ഞൂറ്റുമ്പോൾ, തൊഴിലില്ലായ്മയും കിടപ്പാടമില്ലായ്മയും പട്ടിണിയും കൊടിയരീതിയിൽ ഉയരുമ്പോൾ, സ്വന്തം താല്പര്യത്തിന് വേണ്ടിയല്ലാതെ സ്വന്തം രാജ്യത്ത് നിന്ന് വളരെ ദൂരെ നടത്തുന്ന യുദ്ധങ്ങളിൽ വമ്പിച്ച സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കുന്നതിനെ യുഎസ് ജനത ചോദ്യംചെയ്യുകയാണ്.

സിറിയയിൽ യുഎസ് യഥാർത്ഥത്തിൽ ഇസ്ലാമിക് സ്റ്റേറ്റിനെതിരെയോ അൽഖൈദയ്ക്കെതിരെയോ യുദ്ധം ചെയ്യുന്നുണ്ടോയെന്ന് സംശയംപോലും ഉയർന്നുവരുന്നുണ്ട്. അല്ലായെങ്കിൽ, കഴിഞ്ഞ 15 വർഷമായി തീവ്രവാദികൾക്കെതിരെ യുദ്ധം നടത്തുന്നുവെന്ന് സാമ്രാജ്യത്വശക്തികൾ അവകാശപ്പെടുമ്പോഴും ഈ തീവ്രവാദികൾ ആയിരം മടങ്ങ് ശക്തരും ആയിരം മടങ്ങ് ക്രൂരരുമായി മാറുന്നതെങ്ങനെ? ലഭ്യമായ വസ്തുതകളും വസ്തുനിഷ്ഠവിശകലനവും വച്ചുനോക്കുമ്പോൾ ഈ അറുപിന്തിരിപ്പൻ തീവ്രവാദഗ്രൂപ്പുകൾ സാമ്രാജ്യത്വ ശക്തികളുടെ ബിനാമികളാണെന്നാണ് മനസ്സിലാവുക. സാമ്രാജ്യത്വ ശക്തികൾ തുടർച്ചയായി ഈ ബിനാമികൾക്ക് ഭൗതിക പിന്തുണ നൽകുകയും ഈ മേഖലയിലാകെയുള്ള അവരുടെ ലക്ഷ്യങ്ങളോട് പങ്ക് ചേരുകയും ചെയ്യുന്നു.

### സാമ്രാജ്യത്വം മനുഷ്യ രക്തമൂറ്റി, യുദ്ധം കൊണ്ട് നിലനിൽക്കുന്നു

ഇത്തരമൊരു സാഹചര്യത്തിൽ സത്യത്തിലെത്താനായി ആഴത്തിൽ കാര്യങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്. ഇത് ഇനിമേൽ അനിഷേധ്യമായ മാർക്സിസ്റ്റ് -ലെനിനിസ്റ്റ് ധാരണമാത്രമല്ല, ഇത് തീവ്രമായ യാഥാർത്ഥ്യമായി വെളിപ്പെട്ടുവന്നിട്ടുണ്ട്. ഈ ഏകധ്രുവലോകമെന്ന് വിളിക്കപ്പെടുന്നിടത്ത് ജനങ്ങളുടെ നിത്യജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട യാഥാർത്ഥ്യം. സോഷ്യലിസ്റ്റ് ക്യാമ്പ് നിലവിലില്ലെങ്കിൽപോലും മുതലാളിത്ത-സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുന്നതിൽ നിന്ന് പിന്തിരിയുന്നില്ല. കാരണം മുതലാളിത്തം അതിന്റെ നിലനിൽപ്പിനായി അനിവാര്യമായും യുദ്ധം സൃഷ്ടിക്കുന്നു. നിഷ്ക്കരുണമായ ചൂഷണത്തിന് പുറമേ മുതലാളിത്തം സമ്പദ് വ്യവസ്ഥയുടെ സൈനികവൽക്കരണം എന്ന മറ്റൊരു ക്രൂരമായ നടപടിയിലേക്ക് പോകുന്നു. മുതലാളിത്തം ജനങ്ങളെ ചൂഷണം ചെയ്യുകയും പാപ്പരാക്കുകയും അങ്ങനെ കമ്പോള പ്രതിസന്ധിയും വ്യാവസായിക മാന്ദ്യവും സൃഷ്ടിക്കുകയും ചെയ്യുന്നു. മരിച്ചു കൊണ്ടിരിക്കുന്ന മുതലാളിത്തത്തിൽ അനിവാര്യമായി പ്രത്യക്ഷപ്പെടുന്ന മാന്ദ്യത്തിൽ നിന്ന് കരകയറാനാവാതെ സമ്പദ് വ്യവസ്ഥയുടെ വ്യാപകമായ സൈനികവൽക്കരണത്തിലേക്ക് പോകുന്നു. മുതലാളിത്തകുത്തകകൾ പരിഹരിക്കാനാകാത്ത കമ്പോള പ്രതിസന്ധിയിൽ മുങ്ങിത്താണുകൊണ്ടിരിക്കുമ്പോൾ എവ്വിധമെങ്കിലും അവരെ രക്ഷപ്പെടുത്തിയെടുക്കാനായി ബൂർഷ്വാ സർക്കാരുകൾ ജനങ്ങളുടെ പണം പിടിച്ചെടുത്ത് വമ്പിച്ച സാമ്പത്തിക ആനുകൂല്യങ്ങളും സംഭാവനകളും സൗജന്യങ്ങളും എന്തിന് സാമ്പത്തിക കുറ്റങ്ങളിൽ നിന്ന് രക്ഷിക്കാനായി വൻതോതിലുള്ള രക്ഷാ പാക്കേജുകൾ പോലും അനുവദിച്ച് നൽകുന്നു.

ജനങ്ങളുടെ വാങ്ങൽ ശേഷി വൻതോതിൽ ചുരുങ്ങിക്കൊണ്ടിരിക്കുന്നതു കാരണം വ്യാവസായികോല്പാദനത്തിനുള്ള കമ്പോളമില്ലാതിരിക്കുന്നതു കൊണ്ട് മുതലാളിത്ത-കുത്തകകൾ ലാഭം പരമാവധി വർദ്ധിപ്പിക്കാൻ കമ്പോളത്തെ കൃത്രിമമായി ഉത്തേജിപ്പിക്കാനായി സൈനിക ഉപകരണങ്ങളുടെ വൻതോതിലുള്ള ഉല്പാദനം നടത്തുന്നു. കുത്തകകൾക്കും ബഹുരാഷ്ട്ര കമ്പനികൾക്കും ആയുധ നിർമ്മാണത്തിനായി സർക്കാർ തന്നെ, പൊതുഖജനാവിൽ നിന്ന് സാമ്പത്തികം നൽകുന്നു.പലപ്പോഴും പാവങ്ങൾക്കുള്ള സബ്സിഡികൾ വെട്ടിക്കുറച്ചും പൊതുജന ക്ഷേമത്തിനുള്ള വിഹിതം വെട്ടിക്കുറച്ചുമാണ് ഇതിനുള്ള ധനസമാഹരണം നടത്തുന്നത്. വീണ്ടും പൊതുഖജനാവിൽ നിന്നുള്ള പണമെടുത്ത് സർക്കാർ തന്നെ ഈ ആയു

(ശേഷം 13-ാം പേജിൽ)

# സേവ് എജ്യൂക്കേഷൻ കമ്മിറ്റി സെമിനാർ



സെമിനാറിൽ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാനസെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണം നടത്തുന്നു

ജനാധിപത്യ വിദ്യാഭ്യാസത്തെ കമ്പോളത്തിലേയ്ക്കാനയിക്കുന്ന പുതിയവിദ്യാഭ്യാസ നയത്തിന്റെയും കൊല്ലം ജില്ലയിൽ ഫാത്തിമമാത നാഷണൽ കോളേജിൽ (ഓട്ടോണമസ്) നടക്കുന്ന ജനാധിപത്യ ധ്വംസനത്തിന്റെയും പശ്ചാത്തലത്തിൽ, 'ഉന്നതവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തിൽ സെമിനാർ നടന്നു. ഡിസംബർ 22 ന് കൊല്ലം പബ്ലിക് ലൈബ്രറി ഹാളിൽ നടന്ന സെമിനാർ അഞ്ചൽ സെന്റ് ജോൺസ് കോളേജിലെ റിട്ട. പ്രിൻസിപ്പാൾ പ്രൊഫ. തോമസുകുട്ടി ഉദ്ഘാടനം ചെയ്തു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ വിഷയം അവതരിപ്പിച്ചു.

കൊല്ലം ജില്ലാ കൺവീനർ കെ.ശശാങ്കൻ അദ്ധ്യക്ഷത വഹിച്ചു. പ്രമുഖ കവി പെരുമ്പുഴ ഗോപാലകൃഷ്ണപിള്ള, ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ്, ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ പ്രസിഡന്റ് എൻ.ടെന്നിസൺ, എസ്സിഇആർറ്റി മുൻ റിസോഴ്സ് പേഴ്സൺ കെ.ബേബി, കവി ശശിധരൻ കുണ്ടറ, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് മാനവ് ജ്യോതി എന്നിവർ പ്രസംഗിച്ചു. പി.പി.പ്രശാന്ത്കുമാർ സ്വാഗതവും ആർ.ജയകൃഷ്ണൻ നന്ദിയും രേഖപ്പെടുത്തി. ○

# പിഎഫ് പലിശനിരക്ക് വെട്ടിക്കുറച്ച തീരുമാനം പിൻവലിക്കുക

*(എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറിയുടെ പ്രസ്താവന)*

**ബാ**ങ്കുകൾ തുടർച്ചയായി പലിശനിരക്ക് കുറയ്ക്കുകയും നോട്ട് പിൻവലിച്ചുകൊണ്ട് കേന്ദ്രസർക്കാർ ജനങ്ങളെ പ്രഹരിക്കുകയും ചെയ്തതോടൊപ്പം പ്രോവിഡന്റ് ഫണ്ട് പലിശനിരക്ക് 0.15 ശതമാനം വെട്ടിക്കുറയ്ക്കാൻ കേന്ദ്രസർക്കാർ കൈക്കൊണ്ട ദ്രോഹകരമായ തീരുമാനത്തെ എസ്‌യുസിഐ(സി) ശക്തമായി അപലപിക്കുന്നു. കുത്തകകൾക്ക് നിരന്തരം നികുതി ഒഴിവാക്കലും ഇളവുകളും ആനുകൂല്യങ്ങളും നൽകിക്കൊണ്ടിരിക്കുന്ന, മുതലാളിത്ത നയം പിൻതുടരുന്ന കേന്ദ്രസർക്കാർ എന്തെങ്കിലുമൊക്കെ കപടന്യായം പറഞ്ഞ് ഇനിയും പലിശനിരക്ക് കുറയ്ക്കുമെന്നും പിഎഫ് തുക ഓഹരിക്കമ്പോളത്തിലെ ഊഹക്കച്ചവടത്തിലേയ്ക്ക് വഴിതിരിച്ചുവിടുമെന്നും വ്യക്തമാണ്. മുതലാളിമാരെ സന്തോഷിപ്പിക്കുന്ന ഈ നടപടി പാവപ്പെട്ടവന്റെ പ്രോവിഡന്റ് ഫണ്ട് നിക്ഷേപംതന്നെ അപഹരിക്കുമെന്ന അപകടവും നിലനിൽക്കുന്നു. ഈ തീരുമാനം ഉടനടി പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അതോടൊപ്പം, തീർത്തും അന്യായമായ ഈ സാമ്പത്തിക ആക്രമണത്തിനെതിരെ സംഘടിച്ച് ശബ്ദമുയർത്താൻ തൊഴിലാളികളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ശക്തവും സംഘടിതവുമായ തൊഴിലാളിവർഗ്ഗ പ്രക്ഷോഭത്തിന്റെ സമ്മർദ്ദത്താൽ മാത്രമേ ഈ നീക്കത്തിൽനിന്ന് ഗവൺമെന്റിനെ പിന്തിരിപ്പിക്കാനാവൂ. ○

# ഐഎൻപിഎ കൊല്ലം കളക്ട്രേറ്റ് മാർച്ച്

**വി**ദ്യാഭ്യാസ വായ്പയെടുത്ത് പഠിച്ച വലിയൊരു വിഭാഗം ജനങ്ങളിന്ന് കടക്കെണിയിലും ജപ്തി ഭീഷണിയിലുമാണ്. അതിന്റെ അവസാനത്തെ ഇരയാണ് കൊല്ലം പട്ടത്താനത്ത് ആത്മഹത്യ ചെയ്ത അനില. കഴിഞ്ഞ സർക്കാർ അനുവദിച്ചിരുന്ന ജപ്തി നടപടികൾക്കുമേലുള്ള മൊറോട്ടോറിയം ഈ സർക്കാർ തുടരാൻ കൂട്ടാക്കാത്തതും ബാങ്കുകളുടെ നീതിരഹിതമായ പ്രവർത്തനങ്ങളുമാണ് ഈ ദുരന്തത്തിന് കാരണം. ബാങ്കുകൾ ജപ്തി നടപടികൾ നിർത്തിവയ്ക്കണമെന്നും തൊഴിൽ കിട്ടുന്നതുവരെ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള സാവകാശം കൊടുക്കണമെന്നും ആത്മഹത്യ ചെയ്ത അനിലയുടെ വായ്പ എഴുതിതള്ളണമെന്നും ആവശ്യപ്പെട്ടുകൊണ്ടും ഐഎൻപി.എയുടെ നേതൃത്വത്തിൽ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി. ഐഎൻപിഎ.ജില്ലാ പ്രസിഡന്റ് സി.എം.ജോയി അദ്ധ്യക്ഷത വഹിച്ച ധർണ്ണ സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്തു. ഐഎൻ.പി.എ. ജില്ലാ ഭാരവാഹികളായ എസ്.രാഘവൻ, ജി.ധ്രുവകുമാർ, പി.പ്രശാന്ത്കുമാർ, എം.ഗോപകുമാർ, രാജേന്ദ്രൻ, ടിങ്കിൾ പ്രഭാകരൻ തുടങ്ങിയവർ മാർച്ചിന് നേതൃത്വം നൽകി. ○

# പശ്ചിമേഷ്യ: സാമ്രാജ്യത്വകടന്നാക്രമണങ്ങളെ ചെറുക്കാൻ ശരിയായ നേതൃത്വം അനിവാര്യം

*(12-ാം പേജിൽ നിന്ന്)*

ധങ്ങൾ വാങ്ങുന്നവരായി മാറുന്നു. ആയുധ വ്യവസായം മുന്നോട്ടുപോകാനായി,കുന്നുകൂടിയിരിക്കുന്ന പഴയ ആയുധങ്ങൾ ഒഴിവാക്കി പുതിയവ വാങ്ങിക്കൂട്ടുന്ന ലോക ആയുധകമ്പോളത്തിൽ അവ വിറ്റഴിക്കുന്നു. അങ്ങനെ ബൂർഷ്വാ ഗവൺമെന്റ് ആയുധ ഉല്പാദനത്തിന്റെയും ആയുധ-വെടിക്കോപ്പുവ്യാപാരത്തിന്റെയും പങ്കാളിയാവുന്നു. പക്ഷേ സമ്പദ് വ്യവസ്ഥയുടെ വർദ്ധിച്ച തോതിലുള്ള സൈനികവൽക്കരണത്തിലൂടെയുള്ള ആയുധ ഉല്പാദനം നിലനിൽക്കാനായി ആയുധങ്ങളുടെ ഉപഭോഗത്തിനുള്ള മാർഗ്ഗം തേടേണ്ടതും അനിവാര്യമാണ്. പ്രാദേശികമോ മേഖലാധിഷ്ഠിതമോ വർഗ്ഗീയമോ മതമൗലികവാദപരമോ ആകട്ടെ, കെട്ടടങ്ങാത്ത, അതുപോലെ തുടർച്ചയായുള്ള യുദ്ധമില്ലെങ്കിൽ അത് അസാധ്യമാണ്. യുദ്ധം അവരുടെ വ്യവസായത്തെ ചലിപ്പിക്കുന്നു. മറിച്ചാണെങ്കിൽ അവ തലകുത്തി താഴെവീഴും. അതിനാൽ ഏറ്റവും വെറിയന്മാരായ യുഎസ് സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ യുദ്ധക്കൊതിയന്മാരായ സാമ്രാജ്യത്വം ഒന്നിനു പിറകെ മറ്റൊന്നായി യുദ്ധങ്ങൾ കുത്തിപ്പൊക്കുകയും ഊതിക്കത്തിക്കുകയും തുറന്നുവിടുകയും ചെയ്യുന്നു. ഈ പ്രക്രിയ തുടരാനും സൈനികവൽക്കരിക്കപ്പെട്ട സമ്പദ് വ്യവസ്ഥയെ പോഷിപ്പിക്കാനുമായി മുതലാളിത്ത സാമ്രാജ്യത്വത്തിന് ഏതൊരു നിമിഷത്തിലും യുദ്ധത്തിലേക്ക് എടുത്തുചാടാനുള്ള സാഹചര്യമൊരുക്കാനായി ദേശ ഭ്രാന്തും വർഗ്ഗീയ ജ്വരവും ശത്രുതയും കൂടെ ജനങ്ങളിൽ സൃഷ്ടിക്കേണ്ട ആവശ്യകതയുണ്ട്. അതിനാൽ ആയുധങ്ങളുടെയും അനുബന്ധ സാമഗ്രികളുടെയും ഇടതടവില്ലാത്ത കച്ചവടവും വ്യാപാരവും, അതിനു വേണ്ടി ജനാധിപത്യത്തിന്റെയോ മനുഷ്യാവകാശങ്ങളുടേയോ പേരു പറഞ്ഞ് ഒരു ശത്രുവിനെതിരെ ഏതു നിമിഷവും ചാടിവീഴാൻ അനുകൂലമായ പ്രചാരണഘോഷങ്ങൾ വേണം. അങ്ങനെയൊരു ശത്രു യഥാർത്ഥത്തിൽ ഉണ്ടോ ഇല്ലയോ എന്നത് ഒരു പ്രശ്നമേയല്ല. സാമ്രാജ്യത്വ ശക്തികൾ ആയുധങ്ങൾ വൻതോതിൽ ഉല്പാദിപ്പിക്കുന്നു. അവ തങ്ങളെക്കാൾ കുറഞ്ഞ ശക്തിയുള്ള രാഷ്ട്രങ്ങൾക്ക് ഉദാരമായി വിൽക്കുന്നു. ഇവ വാങ്ങുന്ന മുതലാളിത്ത രാഷ്ട്രങ്ങളും അവരുടെ സ്വന്തം ജനതയെ നിരന്തരം ചൂഷണം ചെയ്യുന്നുണ്ട്. അതുവഴി ജനങ്ങളിൽ വളർന്നുകൊണ്ടേയിരിക്കുന്ന അസംതൃപ്തിയും സൃഷ്ടിക്കുന്നുണ്ട്. ജനങ്ങളുടെ അസംതൃപ്തിയെ തണുപ്പിച്ച് നിർത്തേണ്ടതുണ്ട്. ജനങ്ങളുടെ പ്രതിഷേധമെന്തെങ്കിലും ഉണ്ടാവുകയാണെങ്കിൽ, നിലവിലുള്ള ഭരണസംവിധാനത്തിനെതിരെ ജനരോഷമുണ്ടാവുകയാണെങ്കിൽ അവയെ മറ്റേതെങ്കിലും വഴിയെ ചാലുതിരിച്ച് വിടേണ്ടതുണ്ട്. അതിനാൽ മുതലാളിത്ത രാഷ്ട്രങ്ങളിലെ ഭരണാധികാരികൾക്ക്, അവ ചെറുതോ, വലുതോ, ശക്തരോ, അല്ലയോ എന്ന വ്യത്യാസമില്ലാതെ സകലർക്കും ജനങ്ങളിൽ പിരിമുറുക്കമുണ്ടാക്കാനായി ഉമ്മാക്കി കഥകൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഒന്നല്ലെങ്കിൽ മറ്റൊരുകാരണം പറഞ്ഞ് യുദ്ധത്തിന് വേണ്ടി തയ്യാറെടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അവർ പ്രതിരോധ സൈനിക ചെലവുകൾ പലമടങ്ങ് വർദ്ധിപ്പിക്കുന്നു. അങ്ങനെ ചെറിയ, അല്ലെങ്കിൽ ശക്തി കുറഞ്ഞ മുതലാളിത്ത രാജ്യങ്ങൾ പോലും വലിയ സാമ്രാജ്യത്ത ശക്തികളുടെ യുദ്ധക്കളിയിലെ പങ്കാളികളായി മാറുകയും ചെയ്യും. ശക്തരായ കൂട്ടാളികളോടൊപ്പം അവരും ഈ യുദ്ധഭ്രാന്ത് സൃഷ്ടിക്കുന്ന പ്രചാരണസംഘത്തിൽ ചേരുന്നു. ഇതെല്ലാം നിലനിൽക്കുന്ന സാഹചര്യത്തിൽ നിന്ന് ഏതൊരു നിമിഷവും ഭരണവർഗ്ഗത്തിന് പരമാവധി നേട്ടമുണ്ടാക്കാനുള്ള തന്ത്രങ്ങൾ മാത്രമാണ്.

മുകളിൽ വിവരിച്ച അതേ വിധത്തിൽ തന്നെയാണ് മദ്ധ്യകിഴക്കേഷ്യയിലേയും ചുറ്റുപാടുമുള്ള, യുദ്ധത്തിൽ തകർക്കപ്പെട്ട രാജ്യങ്ങളിലെ അവസ്ഥ. സാമ്രാജ്യത്വത്തിന്റെ ഈ കുത്സിത പദ്ധതിയാണ് അന്തമില്ലാത്ത മരണങ്ങളും അംഗഭംഗങ്ങളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഒരു കുറ്റവും ചെയ്യാത്ത നിരപരാധികൾ കൊടിയ യുദ്ധം കണ്ടും അനുഭവിച്ചും നിൽക്കകള്ളിയില്ലാതെ സ്വന്തം നാടും വീടും ഉപേക്ഷിച്ച് സുരക്ഷിതമായ ഇടമന്വേഷിച്ച് തിങ്ങിഞെരുങ്ങിയ ബോട്ടിൽകയറി കടൽകടക്കാനുള്ള അസാമാന്യ അപകടസാധ്യതയെപ്പോലും സ്വീകരിക്കാൻ നിർബന്ധിതമാകുന്നു. ഒരു വിദേശ രാജ്യത്ത് അഭയാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനെപ്പറ്റിയും അവരുടെ വിലകുറഞ്ഞ അധ്വാനത്തെ ചൂഷണം ചെയ്യുന്നതിനെ സംബന്ധിച്ചും തലനാരിഴകീറിയുള്ള വിശകലനങ്ങളിലാണ് ശക്തരായ രാജ്യങ്ങളും അവരുടെ കുത്തക മാധ്യമങ്ങളും ഊർജ്ജസ്വലതയോടെ മുഴുകിയിരിക്കുന്നത്. ലോകത്തിന്റെ മനസ്സാക്ഷി സൂക്ഷിപ്പുകാരനെന്ന് സങ്കൽപ്പിക്കപ്പെടുന്ന ഐക്യരാഷ്ട്ര സഭയാകട്ടെ ഇന്നിപ്പോൾ സാമ്രാജ്യത്വ ശക്തികളുടെ പ്രത്യേകിച്ച് യുഎസ് സാമ്രാജ്യത്വത്തിന്റെ കാവൽ നായായി മാറിയിരിക്കുന്നു. അസ്വസ്ഥതയൊന്നുമില്ലാതെ സമ്മേളനങ്ങൾ തുടർച്ചയായി കൂടിക്കൊണ്ടിരിക്കുന്നു. യാതൊരു പരിഹാരവും കണ്ടെത്തുന്നില്ലെന്നുമാത്രം. മനുഷ്യരാശിയാകെ അന്തംവിട്ടിരിക്കുകയാണ്. ഈ കിരാതമായ കൃത്യങ്ങൾ ശിക്ഷയേതുമില്ലാതെ തുടർന്നുപോകുന്നതെന്തുകൊണ്ടാണ്?

### ശരിയായ നേതൃത്വത്തിന്റെ അഭാവമാണ് സാമ്രാജ്യത്വ കടന്നാക്രമണങ്ങളെ ചെറുക്കാനാവാത്തതിന് കാരണം.

മദ്ധ്യേഷ്യയിലെ ചില രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ വലിയ വളർച്ച ഉണ്ടായിരുന്നുവെങ്കിലും പര്യാപ്തമായ രീതിയിൽ മാർക്സിസം-ലെനിനിസത്തെ അടിസ്ഥാനപ്പെടുത്തിയ വിപ്ലവമുന്നേറ്റങ്ങൾ ഈ രാജ്യങ്ങളിൽ വളർന്നു വന്നില്ലെന്ന കാര്യം നമ്മളോർക്കണം. ആധുനിക തിരുത്തൽവാദത്തിന്റെ പിടിയിലമർന്ന ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ദുർബ്ബലമാണ്. ഒരു വീറുറ്റ സമാധാന പ്രസ്ഥാനമോ യഥാർത്ഥ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനമോ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത വല്ലാതെ നിലനിൽക്കുന്നുവെങ്കിൽ പോലും അതിന് വളരെ ബുദ്ധിമുട്ടുള്ള സാഹചര്യമാണുള്ളത്. മദ്ധ്യേഷ്യയിലാകട്ടെ കമ്മ്യൂണിസത്തിന്റെ ബാനറുള്ള പാർട്ടികൾ ഫലത്തിൽ ശേഷിയറ്റവരായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ, മദ്ധ്യേഷ്യയിലും ചുറ്റുപാടുമുള്ള ജനങ്ങൾ അതിഭീകരമായ ദുരിതങ്ങൾ നേരിടുന്നുവെങ്കിൽ പോലും അന്യായ ഇടപെടലുകൾക്കും അധിനിവേശത്തിനുമെതിരെ അവരെ അണിനിരത്താനും യുദ്ധവെറിയന്മാരായ സാമ്രാജ്യത്വത്തിനെതിരെ പോരാടാനും അവരെ കഷ്ടപ്പാടുകളിൽ നിന്ന് രക്ഷപ്പെടുത്താനുമായി അവരെ സംഘടിപ്പിക്കാനോ നയിക്കാനോ ഒരു നേതൃത്വവുമില്ലാത്ത അവസ്ഥയാണിന്ന്. അതിനാൽ സാമ്രാജ്യത്വാക്രമണങ്ങൾ ഒഴിവാക്കാനോ എതിർത്ത് പരാജയപ്പെടുത്താനോ സാധിച്ചില്ല. അതേ സമയം കമ്മ്യൂണിസ്റ്റുകാർ കേന്ദ്രസ്ഥാനത്തുള്ള, നീണ്ടുനിൽക്കുന്ന, സംഘടിതമായ സമരത്തിനായി ആശയപരവും സാംസ്കാരികവുമായി സജ്ജമാക്കപ്പെട്ട ഒരു വീറുറ്റ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനമാണ് ഇന്നത്തെ ആവശ്യകത. അത്തരത്തിലുള്ള ഒരു പ്രസ്ഥാനം ലോകമാകെ അടിയന്തരമായി വളർത്തിയെടുക്കേണ്ടതുണ്ട്.

ഇവിടെയാണ് ഈ വിഷയത്തിലെ പ്രധാനമായ മറ്റൊരു വശം. ലോകജനതയാകെയും മദ്ധ്യേഷ്യയിലെയും ചുറ്റുപാടുമുള്ള ജനങ്ങൾ പ്രത്യേകിച്ചും പ്രശ്നങ്ങളെ സൂഷ്മതയോടെയും ശ്രദ്ധയോടെയും മനസ്സിലാക്കുകയും മുൻവിധികളില്ലാതെ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുകയും വേണം. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതുപോലെ കാര്യങ്ങൾ നടന്നുപോകാൻ കഴിയില്ലായെന്ന കാര്യം അംഗീകരിക്കേണ്ടതുണ്ട്. എല്ലാ കാലത്തേക്കും അത് അനുവദിക്കാനാവില്ല. വിട്ടുകൊടുക്കുന്ന പ്രശ്നമില്ലതന്നെ. അതിനാൽ ആശയപരവും സംഘടനാപരവും ധാർമ്മികവുമായ കരുത്ത് പകർന്നു നൽകി ചെറുത്ത് നിൽക്കാനായി ഉണർന്നെണീക്കാൻ ജനങ്ങളെ സജ്ജരാക്കണം. അവർ ശരിയായ പാത കണ്ടെത്തണം. അവരെ എല്ലാവിധത്തിലും സജ്ജരാക്കാൻ പര്യാപ്തമായ നേതൃത്വത്തെ സ്വയം സൃഷ്ടിക്കണം. ഒന്നോ രണ്ടോ പ്രക്ഷോഭണത്തിൽ അത് അവസാനിക്കില്ല. ലക്ഷ്യത്തിലെത്തുന്നതുവരെ അത് മുന്നേറേണ്ടതുണ്ട്. യുഎസ് സാമ്രാജ്യത്വം നേതൃത്വം നൽകുന്ന ചോരക്കൊതിയന്മാരായ, ലാഭാർത്തി പൂണ്ട, ക്രൂരന്മാരും വഞ്ചകന്മാരുമായ സാമ്രാജ്യത്വ ശക്തികളെ, അവരുടെ കിരാതമായ ആക്രമണ പദ്ധതികളെ ശിക്ഷയേതുമില്ലാതെ അധികകാലം മുന്നോട്ടുപോകാൻ അനുവദിക്കില്ല എന്ന ദൃഢപ്രതിജ്ഞയെടുക്കേണ്ട സമയമാണിപ്പോൾ. ഒരു അവസാനമുണ്ടായേ തീരൂ. സുബോധമുള്ള ലോകജനത ഈ ശബ്ദമുയർത്താൻ മുന്നോട്ടുവരികയും ചെറുത്തുനിൽപ്പിന്റെ ശക്തമായ കേന്ദ്രങ്ങൾ സൃഷ്ടിക്കാനായി മദ്ധ്യേഷ്യയിലെ ജനങ്ങളെ സഹായിക്കുകയും വേണം. ○

# എഐഡിഎസ്ഒ 62-ാം സ്ഥാപന വാർഷികാചരണം

എഐഡിഎസ്ഒ 62-ാം സ്ഥാപന വാർഷിക ദിനം ആചരിച്ചുകൊണ്ട് 2016 ഡിസംബർ 28 ന് എറണാകുളത്ത് പൊതുയോഗവും പ്രകടനവും നടന്നു. മേനകാ ജംഗ്ഷനിൽ നടന്ന യോഗം എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനുബേബി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ രംഗം വാണിജ്യവൽക്കരിക്കുന്നതിന് അനുസരിച്ച് വിദ്യാർത്ഥികളുടെയും അധ്യാപരുടെയും എല്ലാ ജനാധിപത്യ അവകാശങ്ങളും കവർന്നെടുക്കപ്പെടുകയാണ്. നവോത്ഥാന കാലഘട്ടത്തിൽ മനുഷ്യനെ സംരക്ഷിക്കുകയെന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി കണ്ടിരുന്നത്. എന്നാലിന്ന് വിദ്യാഭ്യാസവും ജനാധിപത്യ അവകാശങ്ങളും സംരക്ഷിക്കുവാൻ കരുത്തുറ്റ വിദ്യാർത്ഥി പ്രക്ഷോഭങ്ങൾ ആവശ്യമായിരിക്കുന്നു. സ്വാതന്ത്ര്യസമരത്തിന്റെ നാളുകളിലെന്നപോലെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മഹത്വം വീണ്ടെടുത്തുകൊണ്ട് വിദ്യാർത്ഥികൾ തെരുവിലിറങ്ങേണ്ടുന്ന സാഹചര്യമാണിത്. സ്വയംഭരണകോളെജുകളിൽ ഇന്ന് നടക്കുന്ന ജനാധിപത്യാവകാശ ലംഘനങ്ങൾ ഫാസിസത്തിനാണ് കളമൊരുക്കുന്നത്.- യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് അധ്യക്ഷത വഹിച്ചു. എറണാകുളം ജില്ലാ പ്രസിഡന്റ് രശ്മി രവി സ്വാഗതം ആശംസിച്ചു. ഹൈക്കോടതി ജംഗ്ഷനിൽ നിന്നാരംഭിച്ച പ്രകടനത്തിന് എം.കെ.ഷഹസാദ്, എ.ഷൈജു, അലീന എസ്., മാനവ് ജ്യോതി, കെ.റഹീം, മേധ സുരേന്ദ്രനാഥ്, അകിൽ മുരളി തുടങ്ങിയവർ നേതൃത്വം നൽകി. വാർഷികാചരണത്തിന്റെ ഭാഗമായി ഇന്ത്യയെമ്പാടും ആചരണപരിപാടികൾ നടന്നു. ○




**എറണാകുളത്ത് നടന്ന സ്ഥാപനദിനാചരണപരിപാടി സംസ്ഥാന പ്രസിഡന്റ് സഖാവ് ബിനു ബേബി ഉദ്ഘാടനം ചെയ്യുന്നു**

# ഡോ.രാജൻ ഗുരുക്കൾ കമ്മീഷന് എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി നിർദ്ദേശങ്ങൾ സമർപ്പിച്ചു

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പരിഷ്കരണത്തിനുള്ള ഏകാംഗ കമ്മീഷനായി നിയോഗിക്കപ്പെട്ട ഡോ.രാജൻ ഗുരുക്കൾ കമ്മീഷന് മുൻപാകെ എഐഡിഎസ്ഒ നിർദ്ദേശങ്ങൾ സമർപ്പിച്ചു. (2007 ൽ സംസ്ഥാന നിയമസഭ പാസാക്കിയ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആക്ട്, രാഷ്ടീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ (റൂസ) നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കണക്കിലെടുത്ത് സമഗ്രമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾക്കാണ് സംസ്ഥാന സർക്കാർ ഏകാംഗ കമ്മീഷനെ നിയോഗിച്ചത്)

സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ കാറ്റിൽ പറത്തി, സർവകലാശാല വിദ്യാഭ്യാസ സങ്കൽപ്പങ്ങളെ അടിമുടി പൊളിച്ചെഴുതിയ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പിരിച്ചുവിടാൻ രാജൻ ഗുരുക്കൾ കമ്മീഷൻ നിർദ്ദേശിക്കണമെന്ന് എഐഡിഎസ്ഒ ആവശ്യപ്പെട്ടു. 2007ൽ ശ്രീ എം.എ.ബേബി വിദ്യാഭ്യാസ വകുപ്പ് മന്ത്രിയായിരിക്കെ ഒരു ഓർഡിനൻസിലൂടെയാണ് കേരളത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നത്. പിന്നീട് നിയമസഭയിൽ അവതരിപ്പിച്ച് നിയമമാക്കി. സർവ്വകലാശാലകൾക്ക് മുകളിൽ ഒരു അപ്പെക്സ് ബോഡി എന്ന നിലയിൽ സ്ഥാപിതമായ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ രൂപീകരണം തന്നെ ജനാധിപത്യ വിരുദ്ധമാണെന്നും സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം കവർന്നെടുത്ത് ആഗോളീകരണത്തിന്റെ വിദ്യാഭ്യാസ പ്രത്യയശാസ്ത്രം സമഗ്രമായി നടപ്പിലാക്കുവാനുള്ള ഉപകരണമായി ഭാവിയിൽ അത് മാറുമെന്നും അതിനാൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പിരിച്ചുവിടണമെന്നും എഐഡിഎസ്ഒ ആ നാളുകളിൽ തന്നെ ആവശ്യപ്പെട്ടിരുന്നു. അന്തർദേശീയ തലത്തിൽ കോർപ്പറേറ്റ് മൂലധനശക്തികൾ അവരുടെ സാമ്പത്തിക താത്പ്പര്യങ്ങൾ വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്നതിനായി ഒരു കർമ്മപദ്ധതി 1998ൽ പാരിസിൽ സമ്മേളിച്ച് പ്രഖ്യാപിച്ചിരുന്നു. യുനസ്കോയുടെ ആഭിമുഖ്യത്തിൽ നടന്ന ആ സമ്മേളനത്തിൽ മാനവ വിഭവശേഷി മന്ത്രിയായിരുന്ന മുരളീ മനോഹർ ജോഷിയുടെ നേതൃത്വത്തിൽ ഇന്ത്യൻ സംഘവും പങ്കെടുത്തിരുന്നു. ബിജെപി സർക്കാർ 2000 ത്തിൽ നിയോഗിച്ച ബിർള അംബാനി കമ്മിറ്റിയും 2006 ൽ യുപിഎ സർക്കാർ നിയോഗിച്ച നോളജ് കമ്മീഷനും പാരീസ് പ്രഖ്യാപനത്തിന് അനുരോധമായി ഉന്നതവിദ്യാഭ്യാസം വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് ജനാധിപത്യ വിദ്യാഭ്യാസത്തിന്റെ അടിക്കല്ലിളക്കാനും സർവ്വകലാശാലകളെ തകർക്കാനുമുള്ള ഉപകരണമായി കേരളത്തിൽ രൂപീകരിക്കുന്ന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മാറുമെന്ന് എഐഡിഎസ്ഒ നിരീക്ഷിച്ചത്. മേൽ സൂചിപ്പിച്ച കമ്മിറ്റികളുടെയും യശ്പാൽ കമ്മിറ്റിയുടെയും ശുപാർശകൾ പരിഗണിച്ച് ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ റൂസ പദ്ധതി ആവിഷ്കരിക്കപ്പെട്ടു. പന്ത്രണ്ടും പതിമൂന്നും പഞ്ചവൽസര പദ്ധതിക്കാലം കൊണ്ട് പൂർത്തിയാകുന്ന റൂസ, ഉന്നതവിദ്യാഭ്യാസ രംഗത്തെ സമൂലമായി കമ്പോളവൽക്കരിക്കാനുള്ള കർമ്മപദ്ധതിയാണ്. സർവകലാശാലകൾക്ക് മുകളിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുക എന്നത് റൂസ പദ്ധതി നടപ്പിലാക്കാനുള്ള അവശ്യ ഉപാധിയാണ്. അതിനാലാണ് ഇത് ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും അടിച്ചേൽപ്പിച്ചിരിക്കുന്നത്. തത്ഫലമായി, സർവകലാശാലകളുടെ സ്വതന്ത്രമായ എല്ലാ അക്കാദമിക പ്രവർത്തനങ്ങളും തടസ്സപ്പെട്ടിരിക്കുന്നു. കമ്പോളതാല്പ്പര്യങ്ങൾക്ക് അനുസരിച്ചുള്ള കോഴ്സ് പുനഃസംഘാടനവും ചോയ്സ് ബേസ്ഡ് ക്രഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായവും അതിന്റെ ഭാഗമായാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ കീഴ്പ്പെടുത്തിയത്. ഇന്ന് ഉന്നതവിദ്യാഭ്യാസരംഗം നേരിടുന്ന വ്യാധികൾ, സ്വകാര്യവൽക്കരണത്തിന്റെയും വാണിജ്യവൽക്കരണത്തിന്റെയും നയങ്ങൾ എന്നിവയ്ക്കെല്ലാം പരിഹാരമുണ്ടാകണമെങ്കിൽ സർവകലാശാലകളുടെ സ്വയംഭരണാവകാശം സംരക്ഷിക്കേണ്ടതുണ്ട്. സ്വതന്ത്രമായ സർവകലാശാലകളുടെ സ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തെ നിയന്ത്രിക്കാനാണ് ദേശീയ ഉന്നതവിദ്യാഭ്യാസ കമ്മീഷന് കേന്ദ്ര മോദി സർക്കാർ രൂപം നൽകിയിട്ടുള്ളത്. ലോകബാങ്കിന്റെ രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി നടപ്പിലാക്കുവാൻ ദേശീയ കമ്മീഷനു കീഴിൽ സംസ്ഥാനതല സമാന്തര കൗൺസിലുകൾ സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

അതിനാൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആക്ട് 2007 പരിഷ്ക്കരിക്കുകയല്ല, മറിച്ച് ഈ നിയമം റദ്ദാക്കാനും കൗൺസിൽ തന്നെ പിരിച്ചുവിടുവാനുമുള്ള തീരുമാനമാണ് വേണ്ടത്. സർവകലാശാലകളുടെ സ്വയംഭരണാവകാശവും സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ തുടങ്ങിയ ജനാധിപത്യ സംവിധാനങ്ങളും ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കുവാനുമുള്ള നിലപാട് കമ്മീഷൻ കൈക്കൊള്ളണമെന്നുമുള്ള അഭ്യർത്ഥന എഐഡിഎസ്ഒ രാജൻഗുരുക്കൾ കമ്മീഷനു മുൻപാകെ വെച്ചു.. ഈ നിലപാടിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന ആവശ്യങ്ങൾ എഐഡിഎസ്ഒ ഉന്നയിച്ചു.

സർവകലാശാലകളുടെ സ്വയംഭരണാവകാശം നിലനിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, ഉന്നതവിദ്യാഭ്യാസ കൗൺസിൽ പിരിച്ചുവിടുക, ലോകബാങ്കിന്റെ RUSA പദ്ധതി നടപ്പിലാക്കരുത്, സ്വയംഭരണവകാശം കോളെജുകൾക്കല്ല, സർവകലാശാലകൾക്കാണ് നൽകേണ്ടത്, നിലവിൽ കോളെജുകൾക്ക് നൽകിയിട്ടുള്ള സ്വയംഭരണ പദവി പിൻവലിക്കുക. പുതുതായി ഒരു കോളെജിനും സ്വയംഭരണാവകാശം നൽകാതിരിക്കുക, സ്വകാര്യസർവകലാശാലകളും സ്പെഷ്യൽ എജ്യുക്കേഷൻ സോണുകളും ആരംഭിക്കാനുള്ള നീക്കം പിൻവലിക്കുക, B.A,B.Sc,B.Com കോഴ്സുകൾ നിലനിർത്തുക, B.Voc പിൻവലിക്കുക, പാരലൽ വിദ്യാഭ്യാസവും പ്രൈവറ്റ് രജിസ്ട്രേഷനും സംരക്ഷിക്കുക, ഗവേഷണരംഗം മെച്ചപ്പെടുത്തുക. യുജിസി നൽകുന്ന ഫെലോഷിപ്പിന് ആനുപാതികമായി യൂണിവേഴ്സിറ്റി ഫെലോഷിപ്പുകൾ വർദ്ധിപ്പിക്കുക, റിട്ടയേർഡ് അധ്യാപകരുടെ ഗൈഡ്ഷിപ്പ് നിലനിർത്തുക, വിപണിയേയും അക്കാദമിയേയും (Industry-Academy Linkage) ബന്ധിപ്പിക്കുവാനുള്ള നീക്കം പിൻവലിക്കുക, കലാലയ രാഷ്ട്രീയ പ്രവർത്തനത്തിന് വിലക്കുകൾ സൃഷ്ടിക്കുന്ന എല്ലാ നടപടികളും പിൻവലിക്കുക, പ്രസിഡൻഷ്യൽ രൂപത്തിലുള്ള വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് നിർബന്ധിതമാക്കുക, സർവകലാശാലകളിലും കലാലയങ്ങളിലും സ്ഥിരം അധ്യാപകരെ നിയമിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബയോമെട്രിക് പഞ്ചിംഗ് അനുവദിക്കരുത്.

ഡിസംബർ 15ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഓഫീസിൽ നടന്ന വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ബിനുബേബി, സെക്രട്ടറി പി.കെ.പ്രഭാഷ്, ഡിആർഎസ്ഒ സംസ്ഥാന കൺവീനർമാർ എം.കെ.ഷഹസാദ്, അലീന എസ്. എന്നിവർ പങ്കെടുത്തു. ○

# എൻഎച്ച് 17 ആക്ഷൻ കൗൺസിൽ കാസർഗോഡ് ജില്ലാ ബിഒടി വിരുദ്ധ ദ്വിദിന വാഹനപ്രചരണ ജാഥ

45 മീറ്റർ ടോൾപാതക്കുവേണ്ടി സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന 3 ഡി ഉൾപ്പെടെയുള്ള എല്ലാ വിജ്ഞാപനങ്ങളും റദ്ദാക്കുക, അനാവശ്യവും അശാസ്ത്രീയവുമായ അലൈൻമെന്റുകൾ ഒഴിവാക്കുക, ദേശീയ പാതകൾ സ്വകാര്യവൽക്കരിക്കുന്ന ബിഒടി പദ്ധതിവേണ്ട എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ കാസർഗോഡ് ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ദ്വിദിന വാഹനപ്രചരണ ജാഥ നടന്നു. എൻ.എച്ച് ആക്ഷൻ കൗൺസിൽ ജില്ലാ പ്രസിഡന്റ് പി.ഷാഫി ഹാജി ക്യാപ്റ്റനായ ജാഥയുടെ ഉൽഘാടനം തലപ്പാടിയിൽ ഹൈക്കോടതിയിലെ പ്രമുഖഅഭിഭാഷകൻ ഹരീഷ് വാസുദേവ് നിർവ്വഹിച്ചു. ജില്ലാ കൺവീനർ കെ.കെ. സുരേഷ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ് കൺവീനർ അബുലൈസ് തേഞ്ഞിപ്പലം മുഖ്യപ്രഭാഷണം നടത്തി. ഒന്നാം ദിവസം ബേപിഞ്ചയിൽ നടന്ന സമാപന യോഗത്തിൽ സംസ്ഥാന ജോയിന്റ് കൺവീനർ പോൾ ടി.സാമുവൽ മുഖ്യപ്രസംഗം നടത്തി. രണ്ടാം ദിവസം ചെട്ടഞ്ചാലിൽ നിന്നും ആരംഭിച്ച ജാഥ കാലിക്കടവിൽ സമാപിച്ചു. എൻഎച്ച് 17 ആക്ഷൻ കൗൺസിൽ കണ്ണൂർ ജില്ലാ പ്രസിഡന്റ് ഡോ.ഡി.സുരേന്ദനാഥ് ഉൽഘാടനം ചെയ്തു. സംസ്ഥാന ജോയിന്റ് കൺവീനർ സി.കെ.ശിവദാസൻ മുഖ്യപ്രസംഗം നടത്തി. എൻ.പവിത്രൻ, വിശ്വാസ് പള്ളിക്കര, സുബ്രഹ്മണ്യ, നീലേശ്വരം നാരായണൻ, നീലേശ്വരം ചന്ദ്രൻ എന്നീ നേതാക്കൾ വിവിധ സ്ഥലങ്ങളിൽ നടന്ന യോഗങ്ങളിൽ പ്രസംഗിച്ചു. ○



**കാസർഗോഡ് കാലിക്കടവിൽ നടന്ന യോഗത്തിൽ ആക്ഷൻ കൗൺസിൽ സംസ്ഥാന ജോയിന്റ് സെക്രട്ടറി സി.കെ.ശിവദാസൻ പ്രസംഗിക്കുന്നു**

# നിർഭയദിനം ആചരിച്ചു




എഐഎംഎസ്എസും സ്ത്രീ സുരക്ഷാ സമിതിയും സംയുക്തമായി എറണാകുളത്ത് സംഘടിപ്പിച്ച പ്രതിഷേധ സംഗമം ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.




എഐഎംഎസ്എസും എഐഡിഎസ്ഒയും എഐഡിവൈഒയും സംയുക്തമായി ചങ്ങനാശ്ശേരിയിൽ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനം

ഡൽഹിയിൽ സുഹൃത്തിനൊപ്പം ബസ്സിൽ യാത്രചെയ്യവേ, നാലുവർഷംമുമ്പ് കാപാലികന്മാരാൽ ക്രൂരമായി പീഡിപ്പിക്കപ്പെടുകയും തുടർന്ന് ദിവസങ്ങളോളം നീണ്ട യാതനകൾക്കൊടുവിൽ മരണമടയുകയും ചെയ്ത നിർഭയ എന്നു വിളിക്കപ്പെട്ട ജ്യോതിസിംഗ് എന്ന പെൺകുട്ടിയുടെ മനുഷ്യമനഃസാക്ഷിയെ ഞെട്ടിച്ചതും ജനകീയ പ്രതിഷേധം ഇരമ്പിയതുമായ സംഭവത്തിനുശേഷവും അതിനേക്കാൾ ഭീകരമായ സംഭവങ്ങളാണ് ഡൽഹി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. വീടും നാടും പൊതുനിരത്തുകളും സ്ത്രീകൾക്ക് സുരക്ഷിതമായ ഇടങ്ങളല്ലാതായിക്കൊണ്ടിരിക്കുകയാണ്. സാഹചര്യങ്ങൾ ഇത്രമാത്രം ഗുരുതരമായിട്ടും നിർഭയ സംഭവത്തെത്തുടർന്ന് നിയോഗിക്കപ്പെട്ട ജസ്റ്റിസ് വർമ്മാ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് നടപ്പിലാക്കാൻ മാറിമാറിവന്ന സർക്കാരുകൾ തയ്യാറാകാത്തതിലുള്ള ഉത്കണ്ഠയും വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനത്തിനെതിരെയുള്ള ശക്തമായ പ്രതിഷേധവും രേഖപ്പെടുത്തിക്കൊണ്ട് സംസ്ഥാന വ്യാപകമായി ഡിസംബർ 29 ന് നിർഭയാദിനാചരണം നടന്നു.

## എറണാകുളത്ത് പ്രതിഷേധ സംഗമം

നിർഭയദിനത്തോടനുബന്ധിച്ച് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെയും സ്ത്രീ സുരക്ഷാ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ എറണാകുളം മേനകയിൽ പ്രതിഷേധ സംഗമം നടന്നു. ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ സംഗമം ഉദ്ഘാടനം ചെയ്തു.

“നമ്മുടെ നാട് പിശാചിന്റെ നാടായി മാറിയിരിക്കുന്നു. സ്ത്രീ പീഡനക്കേസുകളിൽ ഉദ്യോഗസ്ഥന്മാർ ബോധപൂർവ്വം തെളിവുകൾ നശിപ്പിക്കുവാൻ ശ്രമിക്കുന്നുവെന്നും സ്ത്രീകളുടെ അഭിമാനവും സുരക്ഷയും സംരക്ഷിക്കാൻ കഴിയാത്ത ഒരു സർക്കാരിനും കോടതിയ്ക്കും ജനാധിപത്യത്തിൽ നിലനിൽക്കുവാൻ അവകാശമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജസ്റ്റിസ് വർമ്മാ കമ്മീഷൻ റിപ്പോർട്ട് അടിയന്തരമായി നടപ്പിലാക്കണ”മെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ.വിൻസന്റ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ.ജോൺ മുഖ്യപ്രഭാഷണം നടത്തി. ചിത്രകാരനും കവിയുമായ സത്കലാ വിജയൻ ‘സ്ത്രീ സുരക്ഷ’ എന്ന തന്റെ കവിത അവതരിപ്പിച്ചു. എഐഡിവൈഒ ജില്ലാ സെക്രട്ടേറിയറ്റംഗം കെ.വി.സന്തോഷ് ഗാനം ആലപിച്ചു. മദ്യവിരുദ്ധ ജനകീയ സമര സമിതി ജില്ലാ പ്രസിഡന്റ് കെ.കെ.ഗോപിനായർ, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് രശ്മി രവി, ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടേറിയറ്റംഗം പി.പി.അഗസ്റ്റിൻ, നവോത്ഥാന ശക്തി ജില്ലാ സെക്രട്ടറി എൻ.ആർ.മോഹൻകുമാർ എന്നിവർ പ്രസംഗിച്ചു. എഐഎംഎസ്എസ് ജില്ലാ പ്രസിഡന്റ് ടി.സി.കമല സ്വാഗതവും സ്ത്രീ സുരക്ഷാ സമിതി ജില്ലാ സെക്രട്ടറി എം.കെ.ഉഷ നന്ദിയും രേഖപ്പെടുത്തി.

## കോഴിക്കോട് സെമിനാർ

നിർഭയ ദിനാചരണത്തോടനുബന്ധിച്ച് സ്ത്രീസുരക്ഷാ സമിതി കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സ്ത്രീസുരക്ഷ നിർഭയയ്ക്ക് ശേഷം എന്ന വിഷയത്തെ അധികരിച്ച് സെമിനാർ നടന്നു. കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സെമിനാർ ജില്ല ചൈൽഡ് വെൽഫെയർ ഓഫീസർ ഷീബ മുംതാസ് ഉദ്ഘാടനം ചെയ്തു. സ്ത്രീ സുരക്ഷ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി മിനി കെ.ഫിലിപ്പ് വിഷയാവതരണം നടത്തി. കൽപ്പറ്റ നാരായണൻ, സി.എം.കുട്ടപ്പൻ, തേജസ് പെരുമണ്ണ, മോഹൻദാസ് കായക്കൊടി, എരവെട്ടൂർ ബാലകൃഷ്ണൻ, മൊയ്തു കണ്ണങ്കോടൻ, സി.ഷീബ, എം.കെ.രാജൻ തുടങ്ങിയവർ പ്രസംഗിച്ചു. സ്ത്രീ സുരക്ഷാ സമിതി ജില്ലാരക്ഷാധികാരി എ.ശേഖർ അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ കെ.പി.സുബൈദ സ്വാഗതവും ആശ കൃതജ്ഞതയും രേഖപ്പെടുത്തി.

## ചങ്ങനാശ്ശേരിയിൽ പ്രതിഷേധ പ്രകടനവും യോഗവും

നിർഭയ ദിനാചരണത്തോടനുബന്ധിച്ച് എഐഡിഎസ്ഒ, എഐഡിവൈഒ, എഐഎംഎസ്എസ് തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരിയിൽ പ്രതിഷേധ പ്രകടനവും സമ്മേളനവും നടന്നു. പെരുന്ന മുനിസിപ്പൽ ബസ് സ്റ്റാൻഡിൽ ചേർന്ന സമ്മേളനം എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ.പ്രഭാഷ് ഉദ്ഘാടനം ചെയ്തു. എംഎസ്എസ് കോട്ടയം ജില്ലാ സെക്രട്ടറി ആശാരാജ്, ഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം ശ്രീകാന്ത് വേണുഗോപാൽ, ഡിഎസ്ഒ സംസ്ഥാന ജോയിന്റ് സെക്രട്ടറി മേധ സുരേന്ദ്രനാഥ്, എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ലോക്കൽ കമ്മിറ്റിയംഗം പി.സി.മധു തുടങ്ങിയവർ പ്രസംഗിച്ചു. എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് മുഹമ്മദ് ഷെഹസാദ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി മീനാക്ഷി ആർ. സ്വാഗതം ആശംസിച്ചു.

## സുൽത്താൻബത്തേരിയിൽ നിർഭയ അനുസ്മരണ കൂട്ടായ്മ

നിർഭയ അനുസ്മരണം വിവിധ വനിതാ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ സുൽത്താൻബത്തേരിയിൽ നടന്നു. പഴയ ബസ്സ്റ്റാൻഡ് പരിസരത്ത് നടന്ന അനുസ്മരണകൂട്ടായ്മയിൽ വിമൻസ് വോയ്സ് സംസ്ഥാന സെക്രട്ടറി സുലോചന രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എഴുത്തുകാരിയും സമൂഹ്യ പ്രവർത്തകയുമായ സി.കസ്തൂരി ഭായി സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്ത്രീസുരക്ഷാ സമിതി ജില്ലാ സെക്രട്ടറി എം.എ.പുഷ്പ, കർഷക പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി വി.കെ.സദാനന്ദൻ, അഡ്വ.ഇ.എൻ.ശാന്തിരാജ് പ്രഭാഷണം നടത്തി. സോഷ്യലിസ്റ്റ് റഷ്യയെ സംബന്ധിച്ച വായനാനുഭവപ്രഭാഷണം അഖിലേന്ത്യാ മഹിളാ സാംസ്ക്കാരിക സംഘടന ജില്ലാ പ്രസിഡന്റ് ആർ.സുനിത അവതരിപ്പിച്ചു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി അഡ്വ.സുജആന്റണി, സഖാക്കൾ ഒ.




സുൽത്താൻ ബത്തേരിയിൽ നടന്ന നിർഭയ അനുസ്മരണ കൂട്ടായ്മ സി.കസ്തൂരിഭായ് ഉദ്ഘാടനം ചെയ്യുന്നു

മേരി ജോസ്, സി.എൻ.മുകുന്ദൻ തുടങ്ങിയവർ പ്രസംഗിച്ചു.

## ചാവക്കാട് പ്രകടനവും വനിതാസംഗമവും

നിർഭയദിന ആചരണത്തോടനുബന്ധിച്ച് അഖിലേന്ത്യോ മഹിളാ സാംസ്ക്കാരിക സംഘടന ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 18 ന് ചാവക്കാട് ടൗണിൽ പ്രചരണ ജാഥയും പൊതുയോഗവും നടന്നു. ജില്ലാ പ്രസിഡന്റ് ആർ.സുനിത അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ സെക്രട്ടറി അഡ്വ. സുജ ആന്റണി ഉൽഘാടനം ചെയ്തു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ചാവക്കാട് ലോക്കൽ കമ്മിറ്റിയംഗം സഖാവ് സി. ആർ.ഉണ്ണികൃഷ്ണൻ, എഐഎംഎസ്എസ് ജില്ലാക്കമ്മറ്റിയംഗങ്ങളായ സഖാക്കൾ ബേബി വൽസൻ, ഒ.എം.ശ്രീജ, സുകന്യകുമാർ എന്നിവർ പ്രസംഗിച്ചു

ഡിസംബർ 25 ന് ചാവക്കാട് പ്രസ്സ് ഫോറം ഹാളിൽ വനിതാ സംഗമം നടന്നു. ‘സ്ത്രീ സൂരക്ഷയും ജസ്റ്റിസ് വർമ്മ കമ്മീഷൻ റിപ്പോർട്ടും’ എന്ന വിഷയത്തിൽ എം.ശ്രീജ, ബേബി വൽസൻ, സുകന്യകുമാർ, ടി.ജെ.മായ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ.പി.എസ്.ബാബു സമാപന സന്ദേശം നൽകി.

## കരുനാഗപ്പള്ളിയിൽ പ്രതിഷേധ കൂട്ടായ്മ

നിർഭയദിനാചരണത്തോടനുബന്ധിച്ച് ഡിസംബർ 30 ന് വൈകിട്ട് കരുനാഗപ്പള്ളിയിൽ സ്ത്രീ സുരക്ഷാ സമിതിയുടെയും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെയും സംയുക്താഭിമുഖ്യത്തിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് എസ്. ഷൈലജയുടെ അദ്ധ്യക്ഷതയിൽ നടന്ന കൂട്ടായ്മയിൽ ജില്ലാ പ്രസിഡന്റ് സഖാവ് ടിങ്കിൾ പ്രഭാകരൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കരുനാഗപ്പള്ളി ലോക്കൽ കമ്മിറ്റി സെക്രട്ടറി സഖാവ് ബി. വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു. ○




അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ നടന്ന പ്രതിഷേധ കൂട്ടായ്മ ജനകീയ പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് ടി.ബി.വിശ്വനാഥൻ ഉദ്ഘാടനം ചെയ്യുന്നു.

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/01/2017
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 43 No.9
Price : Rs 5.00
January 2017

## വിദ്യാഭ്യാസ വായ്പയെന്ന മരണക്കെണിയിൽനിന്ന് ജനങ്ങളെ രക്ഷിക്കുക

# ഐഎൻപിഎ നേതൃത്വത്തിൽ ദ്വിദിന സെക്രട്ടേറിയറ്റ് ധർണ്ണ

**വി**ദ്യാഭ്യാസ വായ്പാബാധ്യത സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുക, ജപ്തി നടപടികൾ അവസാനിപ്പിക്കുക, സർക്കാർ മേഖലയിൽ തൊഴിൽ ഉറപ്പാക്കുക എന്നീ ഡിമാന്റുകളുന്നയിച്ചുകൊണ്ട് വിദ്യാഭ്യാസ വായ്പ ജപ്തിവിരുദ്ധ സമിതിയും ഐഎൻപിഎയും സംയുക്തമായി ഡിസംബർ 14,15 തീയതികളിൽ സെക്രട്ടേറിയറ്റിനു മുന്നിൽ ദ്വിദിന ധർണ്ണ നടത്തി.

നമ്മുടെ സംസ്ഥാനത്ത് ഏഴുലക്ഷം കുടുംബങ്ങളാണ് വിദ്യാഭ്യാസ വായ്പാകെണിയിൽ അകപ്പെട്ടിരിക്കുന്നത്. നവംബർ മാസം 6-ാം തീയതി കൊല്ലം ജില്ലയിൽ ബി.ടെക് ബിരുദധാരി ആത്മഹത്യചെയ്തതടക്കം 28 പേർ ഇതിൽ ബലിയാടായി. ഉന്നതവിദ്യാഭ്യാസം നേടിയതിന്റെ പേരിൽ വിദ്യാർത്ഥികളും രക്ഷിതാക്കളും ജീവനൊടുക്കേണ്ട അവസ്ഥയാണ് നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുന്നത്. അങ്ങേയറ്റം ഗുരുതരമായ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാനുള്ള ആർജ്ജവം സർക്കാരുകളുടെ ഭാഗത്തുനിന്നും ഇതുവരെ ഉണ്ടായിട്ടില്ല. എന്നാൽ, വമ്പൻ കുത്തകകളുടെ കോടിക്കണക്കിന് രൂപ സർക്കാർ എഴുതിത്തള്ളുകയും ചെയ്യുന്നു.

എസ്ബിഐ ഉൾപ്പെടെയുള്ള ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കോടികണക്കിന് രൂപ തിരിച്ചടക്കാതെ, നാടുവിട്ട ക്രിമിനലായ വിജയ് മല്യയുടേതടക്കം വമ്പൻ വ്യവസായികളുടെ 7016 കോടി രൂപയാണ് ഇപ്പോൾ കേന്ദ്ര സർക്കാർ എഴുതിത്തള്ളിയിരിക്കുന്നത്.

വിദ്യാഭ്യാസ വായ്പയ്ക്കുള്ള പരിരക്ഷകൾ ബന്ധപ്പെട്ട അധികാരികൾ പരിഗണിക്കുന്നില്ല. ബാങ്കുകൾക്ക് യാതൊരു മാനദണ്ഡവുമില്ലാതെ പലിശയും മറ്റ് ചാർജുകളും എഴുതിചേർക്കാനും വായ്പയെടുത്തവരെ വേട്ടയാടാനുമുള്ള മൗനാനുവാദവും സർക്കാർ കൊടുത്തിരിക്കുകയാണ്. പുതിയ ഗവൺമെന്റ് ബഡ്ജറ്റിൽ,വായ്പയുടെ കുടിശ്ശിക തീർക്കുന്നതിന് 100 കോടി രൂപ വകയിരുത്തുമെന്ന് അറിയിച്ചെങ്കിലും നടപടിയൊന്നും എടുത്തിട്ടില്ല. രണ്ടു വർഷം മുമ്പ് കേന്ദ്രസർക്കാർ അനുവദിച്ച പലിശയിളവ് ഇതുവരെ എല്ലാവർക്കും ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ വായ്പയുടെ ബാധ്യത തീർക്കുവാൻ 1000 കോടി രൂപ വകയിരുത്തുമെന്ന് മന്ത്രി എ.കെ.ബാലൻ പ്രസ്താവിച്ചു. ജപ്തിയിലൂടെ ഒരാളേയും സ്വന്തം വീടുകളിൽ നിന്നും ഇറക്കിവിടില്ലെന്നാണ് മുഖ്യമന്ത്രി നിയമസഭയിൽ അറിയിച്ചത്. എന്നാൽ, പ്രഖ്യാപനങ്ങൾ പത്രത്താളുകളിൽ ഒതുങ്ങുന്നു. റിലയൻസിന്റെ ഗൂണ്ടകൾ രാത്രി സമയത്തുപോലും വീടുകളിൽ വന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇത്തരം നടപടികളെതുടർന്ന് ആയിരക്കണക്കിന് രക്ഷിതാക്കളും ഉദ്യോഗാർത്ഥികളും കോടതികളിലും റവന്യൂ അധികാരകേന്ദ്രങ്ങളിലും കയറിയിറങ്ങുകയാണ്.

പഠിക്കേണ്ടവർ ലക്ഷങ്ങൾ മുടക്കി സ്വകാര്യ സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കണം എന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ കച്ചവടത്തിൽ വിദ്യാർത്ഥിയും കുടുംബവും കേവലം വായ്പയുടെ ജാമ്യക്കാർ മാത്രമാണ്. വായ്പാതുക ബാങ്കിൽ നിന്നും നേരിട്ട് സ്വാശ്രയകോളേജിന്റെ അക്കൗണ്ടിലേക്ക് ചെന്നുകൊള്ളും. പഠനശേഷം കുട്ടിക്ക് തൊഴിലും ശമ്പളവും ലഭിക്കുന്നുണ്ടോ എന്നത് അധികാരികളുടെ പരിഗണനാ വിഷയവുമല്ല. ഒടുവിൽ സ്വാശ്രയ വിദ്യാഭ്യാസ കച്ചവടക്കാർക്ക് നൽകിയ തുക പതിന്മടങ്ങായി വർദ്ധിക്കുകയും തിരിച്ചടയ്ക്കാനുള്ള ബാധ്യത വിദ്യാർത്ഥിക്കും കുടുംബത്തിനും മാത്രമായി തീരുകയും ചെയ്യുന്നു. ഈ പ്രതിസന്ധികൾ മറികടക്കണമെങ്കിൽ സ്ഥിരം തൊഴിലും മെച്ചപ്പെട്ട ശമ്പളവും സർക്കാർ തലത്തിൽ ഉറപ്പാക്കണം.

മാതൃകാ തൊഴിൽദാതാവായ സർക്കാരാകട്ടെ, നിയമനങ്ങളൊന്നും തന്നെ നടത്തുന്നില്ല. സ്വകാര്യ മേഖലയിൽ പണിയെടുക്കുന്നവരാകട്ടെ മൃഗീയമായ തൊഴിൽ ചൂഷണത്തെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ ശമ്പളം ഏറ്റവും ചുരുങ്ങിയത് 20,000 രൂപയാക്കണമെന്നും ഇരുനൂറിനുമുകളിൽ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് സർക്കാർ ശമ്പളത്തിനു തുല്യമായ തുക നൽകണമെന്നുമുള്ള സുപ്രീംകോടതി നിർദ്ദേശംപോലും അവഗണിക്കപ്പെടുകയാണ്. പൗരന് വിദ്യാഭ്യാസം നൽകുക എന്ന ഉത്തരവാദിത്തവും സർക്കാർ കൈയൊഴിയുകയാണ്. വിദ്യാഭ്യാസ വായ്പയെടുത്ത് ആത്മഹത്യചെയ്തവരുടെ നാടായി കേരളം മാറാതിരിക്കാൻ അധികാരികൾ അടിയന്തരനടപടി കൈക്കൊള്ളേണ്ടതുണ്ട്.

വായ്പയെന്ന മരണകുരുക്കിൽ നിന്നും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിൽ ശക്തമായ പ്രക്ഷോഭണം വളർന്നുവരികയാണ്. വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ വിദ്യാർത്ഥികളും രക്ഷിതാക്കളും അധികാരികളുടെ കണ്ണുതുറപ്പിക്കുന്നതിനായി ഡിസംബർ 14,15 തീയതികളിൽ ഭരണസിരാകേന്ദ്രത്തിൽ സംഘടിപ്പിച്ച ദ്വിദിന ധർണ്ണയുടെ ആദ്യദിനം ഐഎൻപിഎ സംസ്ഥാന പ്രസിഡന്റ് ഡോ.ഡി.സുരേന്ദ്രനാഥും രണ്ടാം ദിവസത്തെ ധർണ്ണ വിളപ്പിൽശാല സമരനേതാവ് എസ്. ബുർഹാനും ഉദ്ഘാടനം ചെയ്തു.

ഡോ.ഗീവർഗ്ഗീസ് മാർ കൂറിലോസ് മെത്രോപ്പോലീത്ത മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിച്ചു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ മുഖ്യപ്രഭാഷണം നടത്തി. മിനി കെ.ഫിലിപ്പ് (സ്ത്രീ സുരക്ഷാ സമിതി സംസ്ഥാന സെക്രട്ടറി), എൽ. ഹരിറാം, (വിളപ്പിൽശാല ജനകീയ സമിതി), ഐഎൻപിഎ സംസ്ഥാന നേതാക്കളായ നന്ദനൻ വലിയപറമ്പിൽ, കെ.ജെ.ഷീല, കെ.ജി.രവീന്ദ്രൻ പിളള, കെ.ജെ.ജോസഫ്, എൻ.വിനോദ്കുമാർ, ജി.ആർ.സുഭാഷ്, ഡി.ഹരികൃഷ്ണൻ,സി.എം.ജോയ്, ഇ.വി.പ്രകാശ്, എൻ.ആർ.മോഹൻകുമാർ, മേരി തോമസ്, സി.കെ.ശിവദാസൻ, ടി.വാസുദേവൻ, പി.കെ.പ്രഭാഷ്, മേരി എബ്രഹാം, പി.കെ.ഭഗത്, എന്നിവർ സംസാരിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് എം.വി.ചെറിയാന്റെ അധ്യക്ഷതയിൽ നടന്ന ദ്വിദിന ധർണ്ണയിൽ സംസ്ഥാന സെക്രട്ടറി എസ്.മിനി സ്വാഗതവും ട്രഷറർ എസ്.രാഘവൻ കൃതജ്ഞതയും രേഖപ്പെടുത്തി.

പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികളും രക്ഷിതാക്കളും അവർക്ക് ലഭിച്ച ജപ്തി നോട്ടീസും കേസ്സിന്റെ രേഖകളുമടങ്ങിയ മൂവായിരത്തോളം പരാതികൾ മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. ○




**സെക്രട്ടേറിയറ്റിനുമുമ്പിൽ ഐഎൻപിഎ സംഘടിപ്പിച്ച ദ്വിദിന ധർണ്ണയിൽ മുഖ്യാതിഥിയായി പങ്കെടുത്ത ബിഷപ്പ് ഗീവർഗ്ഗീസ് മാർ കുറീലോസ് പ്രസംഗിക്കുന്നു.**

## മഹത്തായ നവംബർ വിപ്ലവത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ട മൂന്ന് പുസ്തകങ്ങൾ

**ക**മ്മ്യൂണിസ്റ്റ്ദർശനത്തെ സംബന്ധിച്ച് പ്രതിലോമശക്തികൾ സൃഷ്ടിച്ചിട്ടുള്ള ആശയക്കുഴപ്പങ്ങളകറ്റുന്നതിന് വേണ്ടിയുള്ള വിപുലമായ പ്രത്യയശാസ്ത്രപ്രചാരണത്തിനുള്ള വേളയായി നവംബർവിപ്ലവശതാബ്ദി ആചരിക്കാനാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തീരുമാനിച്ചിരിക്കുന്നത്. അതിന് സഹായകമായി മൂന്ന് പുസ്തകങ്ങൾ പാർട്ടി സംസ്ഥാനകമ്മിറ്റി പുതുതായി പ്രസിദ്ധീകരിച്ചിരിക്കുന്നു.

### മഹത്തായ നവംബർവിപ്ലവം – ചരിത്രവും പാഠങ്ങളും

വില 20 രൂപ

മഹത്തായ നവംബർ വിപ്ലവത്തിന്റെ ലഘുചരിത്രവും ആ വിപ്ലവം ലോകത്തെങ്ങുമുള്ള മർദ്ദിതജനതയ്ക്ക് നൽകുന്ന പാഠങ്ങളും ലളിതമായി വിവരിക്കുന്ന കൃതി. കാൾമാർക്സിന്റെ പാഠങ്ങളെ അന്നത്തെ റഷ്യയുടെ മൂർത്തസാഹചര്യത്തിൽ സൃഷ്ടിപരമായി പ്രയോഗത്തിൽ വരുത്തിക്കൊണ്ട് മഹാനായ ലെനിൻ ലോകത്താദ്യത്തെ വിജയകരമായ തൊഴിലാളിവർഗ്ഗവിപ്ലവത്തിന് നേതൃത്വം നൽകിയതിന്റെ നാൾവഴി, വിപ്ലവാനന്തരം റഷ്യയെ സോഷ്യലിസ്റ്റ് രാഷ്ട്രമായി വളർത്തിക്കൊണ്ടുവരാനായി ലെനിന്റെ അർഹനായ ശിഷ്യൻ സഖാവ് സ്റ്റാലിൻ നടത്തിയ സമരം, ലോകമെമ്പാടുമുള്ള വിമോചനപ്പോരാട്ടങ്ങൾക്ക് താങ്ങും തണലുമായി സോവിയറ്റ് യൂണിയൻ നിർവഹിച്ച പങ്ക്, രണ്ടാം ലോകയുദ്ധത്തിൽ നാസി ജർമ്മനിയുടെ അക്രമിസൈന്യത്തെ പരാജയപ്പെടുത്തി ലോകജനതയെ രക്ഷിച്ച സോവിയറ്റ് ജനതയുടെ ധീരോദാത്തമായ പോരാട്ടം തുടങ്ങിയ ചരിത്രസംഭവങ്ങളുടെ വിഹഗവീക്ഷണവും, ആധുനിക തിരുത്തൽവാദികളുടെ ചതി മൂലം ആ മഹത്തായ സംസ്കൃതി തകരാനിടയാക്കിയ സാഹചര്യങ്ങളുടെ വിശകലനവും.

### സോവിയറ്റ്‌യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും പ്രതിവിപ്ലവത്തെപ്പറ്റി

വില 30 രൂപ

സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും പ്രതിവിപ്ലവത്തെത്തുടർന്ന് ലോകത്തെങ്ങുമുള്ള കമ്മ്യൂണിസ്റ്റ് വൃത്തങ്ങൾ തികഞ്ഞ ചിന്താക്കുഴപ്പത്തിലാണ്ടിരുന്ന വേളയിൽ, 1990 ആഗസ്റ്റിൽ, എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പരിഭാഷ. സോവിയറ്റ് യൂണിയനിലെ പ്രതിവിപ്ലവം, സോഷ്യലിസത്തിനെതിരായ ബൂർഷ്വാ അപവാദപ്രചാരണവും യാഥാർത്ഥ്യവും, തിരുത്തൽവാദമാണ് ഇന്നത്തെ ആശയക്കുഴപ്പം സൃഷ്ടിച്ചത്, കപടകമ്മ്യൂണിസമാണ് കാലഹരണപ്പെട്ടത്, ആധുനിക തിരുത്തൽവാദത്തിന്റെ ആവിർഭാവത്തിന് അടിസ്ഥാനകാരണം താഴ്ന്ന പ്രത്യയശാസ്ത്രനിലവാരം, പാർട്ടിയെപ്പറ്റിയുള്ള ലെനിനിസ്റ്റ് ധാരണ, വ്യക്തിസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള ശരിയായ ധാരണ തുടങ്ങിയ അദ്ധ്യായങ്ങളിലൂടെ സങ്കീർണ്ണമായ പ്രത്യയശാസ്ത്രസമസ്യകളുടെ ഇഴയഴിക്കുന്നു. പ്രതിവിപ്ലവം സൃഷ്ടിച്ച പ്രതിലോമചിന്തകളുടെ കുത്തൊഴുക്കിൽ നിലതെറ്റാതെ, തിരിച്ചടിയിൽ നിന്ന് പാഠമുൾക്കൊണ്ട് മുന്നേറാൻ ലോകത്തെങ്ങുമുള്ള വിപ്ലവകാരികൾക്ക് മാർഗ്ഗംകാട്ടുന്ന അമൂല്യ രേഖ.

### മഹാനായ സ്റ്റാലിൻ കമ്മ്യൂണിസ്റ്റ് വിരുദ്ധ അപവാദ പ്രചാരണത്തിന് ഒരു മറുപടി – പ്രൊവാഷ്ഘോഷ്

വില 100 രൂപ

ലോകതൊഴിലാളിവർഗ്ഗത്തിന്റെ മഹാന്മാരായ നേതാക്കളിലൊരാളായ ജോസഫ് സ്റ്റാലിനെപ്പറ്റി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽസെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് 2010 ആഗസ്റ്റ് 13-ന് നടത്തിയ പ്രസംഗത്തിന്റെ പുസ്തകാവിഷ്കാരം.

റൊമെയ്ൻ റോളണ്ട്, ബർണാഡ്ഷാ തുടങ്ങിയ മഹാന്മാരായ മാനവവാദികൾ, ആൽബർട്ട് ഐൻസ്റ്റൈൻ, സത്യേന്ദ്രനാഥ്ബോസ്, ജെബിഎസ് ഹാൽഡെയ്ൻ തുടങ്ങിയ പ്രഗത്ഭശാസ്ത്രജ്ഞന്മാർ, മഹാകവി രവീന്ദ്രനാഥ് ടാഗോർ, നേതാജിസുഭാഷ്ചന്ദ്രബോസ്, ഭഗത്സിംഗ് തുടങ്ങിയ ഇൻഡ്യൻ ദേശീയപ്രസ്ഥാനത്തിലെ മഹദ്‌വ്യക്തിത്വങ്ങൾ, വിൻസ്റ്റൺ ചർച്ചിലിനെയും അന്ന് റഷ്യയിലെ അമേരിക്കൻ സ്ഥാനപതിയായിരുന്ന ഡേവിസിനെയും പോലുള്ള രാഷ്ട്രതന്ത്രജ്ഞന്മാർ ഇങ്ങനെ വിവിധ തുറകളിൽപ്പെടുന്ന സമകാലികർ സ്റ്റാലിനെപ്പറ്റി അത്യാദരപൂർവ്വം പറഞ്ഞിട്ടുള്ള വാക്കുകളെയും ചരിത്രരേഖകളെയും ആധാരമാക്കിക്കൊണ്ട് ഇന്ന് സ്റ്റാലിനെതിരെ നടന്നുവരുന്ന നീചമായ അപവാദപ്രചാരണങ്ങൾക്ക് മറുപടി നൽകുന്നു.

സമുന്നത മാർക്സിസ്റ്റ് ദാർശനികനായ സഖാവ് ശിബ്‌ദാസ്ഘോഷിന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ, ലോകതൊഴിലാളിവർഗ്ഗ വിപ്ലവപ്രസ്ഥാനത്തിൽ സ്റ്റാലിൻ വഹിച്ച നിസ്തുലമായ പങ്ക് വിലയിരുത്തുന്നു. ○

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.